# അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയ

## കൈപ്പുസ്തകം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
KERALA INSTITUTE OF LOCAL ADMINISTRATION (KILA)

www.kila.ac.in
ഒക്ടോബർ 2021

# അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയ

## കൈപ്പുസ്തകം

*അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയ - കൈപ്പുസ്തകത്തിന്റെ pdf ഫയൽ ഓൺലൈനിൽ വായിക്കാനും ഡൗൺലോഡ് ചെയ്യാനും QR കോഡ് സ്കാൻ/തൊടുകയോ ചെയ്യുക.*


**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**

**KERALA INSTITUTE OF LOCAL ADMINISTRATION (KILA)**

www.kila.ac.in

ഒക്ടോബർ 2021

**അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയ**

**ചീഫ് എഡിറ്റർ**
ഡോ. ജോയ് ഇളമൺ, *ഡയറക്ടർ ജനറൽ, കില*

**എഡിറ്റേഴ്സ്**
ഡോ. കെ രാജേഷ്, *സീനിയർ അർബൻ ഫെല്ലോ, കില*
ഡോ. മോനിഷ് ജോസ്, *അസിസ്റ്റന്റ് പ്രൊഫസർ, കില*

**നിർവ്വഹണ ഏകോപനം**
ശ്രീ. മാത്യൂ ആൻഡ്രൂസ്, അസിസ്റ്റന്റ് ഡയറക്ടർ, കില
ശ്രീ. ഷൈജു എം, ട്രെയിനിംഗ് അസോസ്സിയേറ്റ്, കില

**രചനയിൽ സഹായിച്ചവർ**
ശ്രീ. എൻ ജഗജീവൻ
ശ്രീ. സിബി അഗസ്റ്റിൻ
ശ്രീ. വിനോദ് കുമാർ സി
ശ്രീ. രാജേന്ദ്രൻ നായർ
ശ്രീ. സുഭാഷ് ചന്ദ്രൻ
ശ്രീ. എം കണ്ണൻ നായർ
ശ്രീ. എം രേണുകുമാർ
ശ്രീ. പപ്പൻ കുട്ടമത്ത്
ശ്രീ. സിജുകുമാർ എ
ശ്രീ. നിഖിൽ സുധീഷ്
ഡോ. അമൃത കെ പി എൻ
ശ്രീ. ടി എം ഷിഹാബ്
ശ്രീമതി. സജിന സത്താർ
ശ്രീമതി. ആർ ഷൈനി

**ഡിസൈനിംഗ് ടീം**
ശ്രീ. അഭിരാം കെ ടി കെ
ശ്രീ. റിസ്വാൻ സി
ശ്രീമതി. രഗിഷ ശ്രീരാജ്

**പ്രസാധനം**
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ - 680581
ഫോൺ : +914872207000, 2200244, 2207087 (ഓഫീസ്)
ഇമെയിൽ : info@kila.ac.in
വെബ്സൈറ്റ് : www.kila.ac.in

**അച്ചടി**
ഗ്രാമലക്ഷ്മി മുദ്രാലയം
ഒക്ടോബർ 2021

**Athidaridhryare Kandethal Prakriya**

**Chief Editor**
Dr. Joy Elamon, *Director General, KILA*

**Editors**
Dr. K Rajesh, *Senior Urban Fellow, KILA*
Dr. Monish Jose, *Assistant Professor, KILA*

**Production Coordination**
Shri. Mathew Andrews, Assistant Director, KILA
Shri. Shyju M, Training Associate, KILA

**Contributors**
Shri. N Jagajeevan
Shri. Sibi Augustine
Shri. Vinod Kumar C
Shri. Rajendran Nair
Shri. Subhash Chandran
Shri. M Kannan Nair
Shri. M Renukumar
Shri. Pappan Kuttamath
Shri. Sijukumar A
Shri. Nikhil Sudheesh
Dr. Amrita K P N
Shri. T M Shihab
Smt. Sajina Sathar
Smt. R Shyni

**Designing team**
Shri. Abhiram K T K
Shri. Rizwan C
Smt. Ragisha Sreeraj

**Publishing**
Kerala Institute of Local Administration (KILA)
Mulankunnathukavu, Thrissur - 680581
Phone: +914872207000, 2200244, 2207087 (Office)
Email: info@kila.ac.in
Website: www.kila.ac.in

**Print**
Gramalakshmi Mudralayam
October 2021



*Copyright: Everyone can use this for noncommercial public purpose with acknowledgement to KILA*



കേരള സർക്കാർ

# പിണറായി വിജയൻ

**മുഖ്യമന്ത്രി**

## സന്ദേശം

മാന്യരെ,

വികസനം ഒരു അനസ്യൂത പ്രക്രിയയാണ്. വികസന മുൻഗണനാക്രമങ്ങൾ നിശ്ചയിക്കുന്നതിനും അതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും വ്യവസ്ഥാപിതമായ രീതിയിൽ ശേഖരിക്കപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ അനിവാര്യമാണ്. സംസ്ഥാനം രൂപീകൃതമായ ശേഷം ദാരിദ്ര്യ നിർമാർജനം ലക്ഷ്യമിട്ട് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയെങ്കിലും ലക്ഷ്യം പൂർണമായി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. നമുക്കിടയിൽ പല കുടുംബങ്ങളും വ്യക്തികളും നിരാലംബരായി അതിദാരിദ്ര്യം അനുഭവിച്ച് വരുന്നു.

ആരാലും കണ്ടെത്താതെ, അതിജീവന ശേഷിയില്ലാതെ, ദാരിദ്ര്യത്തിന്റെ പിടിയിലമർന്ന് ഒറ്റപ്പെട്ടു കഴിയുന്ന നിരാലംബരായ അതിദരിദ്രരെ കണ്ടെത്തി പരിരക്ഷിക്കുന്നതിന് സർക്കാർ പ്രതിജ്ഞാ ബദ്ധമാണ്. സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ള അതിദാരിദ്ര്യ നിർമ്മാർജ്ജനം അഞ്ചുവർഷ കാലത്തിനുള്ളിൽ സാക്ഷാത്കരിക്കേണ്ടതുണ്ട്. ആ നിലയിൽ സമയബന്ധിതമായ തീരുമാനങ്ങളും, നടപ്പിൽ വരുത്തൽ പദ്ധതികളും ആവിഷ്കരിക്കേണ്ടതുണ്ട്. ഈ ദിശയിലേക്കുള്ള ആദ്യ ചുവടുവെപ്പാണ് അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്താനുള്ള നിർണ്ണയ പ്രക്രിയകൾ. ഈ പഠനാവശ്യത്തിനായി കിലയുടെ നേതൃത്വത്തിൽ പുറത്തിറക്കുന്ന കൈപുസ്തകത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

ഈ കൈപുസ്തകം പ്രസിദ്ധീകരിക്കുന്നതിന് പ്രവർത്തിച്ച എല്ലാവർക്കും കണ്ടെത്തൽ പ്രക്രിയാ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും ബഹുജനങ്ങൾക്കും എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

---

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, പിൻ 695 001
വസതി ക്ലിഫ് ഹൗസ്, ഫോ 0471 2318406, 2314853
ഫോ 0471 2333241, 2333812, 2333610 ഫോ 0471 2333489
chiefminister@kerala.gov.in | facebook.com/cmokerala twitter.com/cmokerala | www.keralacm.gov.in



# എം.വി.ഗോവിന്ദൻ മാസ്റ്റർ

**തദ്ദേശ സ്വയംഭരണ ഗ്രാമവികസന എക്സൈസ് വകുപ്പ് മന്ത്രി**

## സന്ദേശം

കേരളത്തിൽ അഞ്ചു വർഷം കൊണ്ട് അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന പ്രഖ്യാപിതലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് ഈ സർക്കാർ അനുവർത്തിച്ചുവരുന്നത്. സമൂഹത്തിലെ അതിദരിദ്രരെ കണ്ടെത്തി അവർക്കുള്ള അതിജീവനപദ്ധതികൾ തയ്യാറാക്കുക എന്നതിനുള്ള വിപുലമായ ക്യാമ്പയിൻ 2021 ആഗസ്റ്റ് 1 മുതൽ നടന്നുവരികയാണ്. അതിജീവനപദ്ധതികൾ തയ്യാറാക്കുകയും ആയതു വിജകരമായി നടപ്പിലാക്കുകയും ചെയ്യുക എന്നത് വളരെ അടിയന്തിര പ്രാധാന്യമർഹിക്കുന്നതാണ്.

വികസന മാനകങ്ങളിൽ ദാരിദ്ര്യം ഇല്ലാത്ത ജനത എന്നത് ഏറെ ഗണനീയമായ ഘടകമാണ്. വികസിത രാജ്യങ്ങളിലേതുപോലെ ഉയർന്ന ജീവിതനിലവാരവും വിദ്യാഭ്യാസവും മറ്റ് മനുഷ്യ വിഭവ സൂചകങ്ങളും കേരള സംസ്ഥാനം ആർജ്ജിച്ചെടുത്തിട്ടുണ്ട്. എന്നാൽ ഇപ്പോഴും നിലനിൽക്കുന്ന അതിദാരിദ്ര്യം എന്ന കടമ്പ മറികടക്കാതെ വികസനത്തിലും പുരോഗതിയിലും നമുക്ക് അഭിമാനിക്കാൻ ആവില്ല.

അതിദരിദ്രരെ കണ്ടെത്തുന്ന പ്രക്രിയ വിജയകരമായി നടപ്പാക്കണമെങ്കിൽ ആയതിന്റെ മുന്നണി പോരാളികളായി പ്രവർത്തിക്കുന്നവർക്ക് അതു സംബന്ധിച്ച് വ്യക്തമായ നിർദേശങ്ങളും ദിശാബോധവും നൽകേണ്ടതുണ്ട്. പ്രക്രിയയിൽ കൈകോർക്കുന്ന ജനപ്രതിനിധികൾ, ഉദ്യാഗസ്ഥർ, സന്നദ്ധപ്രവർത്തകർ എന്നിവർക്ക് മാർഗദർശകമാകുക എന്ന ലക്ഷ്യത്തോടെയാണ് ഈ കൈപുസ്തകം തയ്യാറാക്കിയിട്ടുള്ളത്. അതിദരിദ്രരുടെ നിർണ്ണയ പ്രക്രിയ പ്രവർത്തനത്തിൽ എല്ലാവിധ വിജയഭാവുകങ്ങളും ആശംസിക്കുന്നു.

*അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷരെ തദ്ദേശ സ്വയംഭരണ ഗ്രാമവികസന എക്സൈസ് വകുപ്പ് ബഹു. മന്ത്രി എം.വി.ഗോവിന്ദൻ മാസ്റ്റർ അഭിസംബോധന ചെയ്യുന്നു. QR കോഡ് സ്കാൻ/ടച്ച് ചെയ്ത് വീഡിയോ കാണാം.*



കേരള സർക്കാർ


## ശാരദ മുരളീധരൻ ഐ.എ.എസ്.
**അഡീഷണൽ ചീഫ് സെക്രട്ടറി, എൽ.എസ്.ജി.ഡി**


# സന്ദേശം

പ്രിയ സുഹൃത്തുക്കളെ, സഹപ്രവർത്തകരെ;

സാമൂഹ്യപങ്കാളിത്തത്തോടെ അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള സമാനതകളില്ലാത്ത ഒരു പദ്ധതിക്ക് സംസ്ഥാനം തുടക്കം കുറിക്കുകയാണ്. ദരിദ്രരെ പങ്കാളിത്തപരമായി കണ്ടെത്തുന്നതിനുള്ള നിരവധി പദ്ധതികൾ ഉണ്ടായിട്ടുണ്ട്. എങ്കിലും സാമൂഹീകപങ്കാളിത്തത്തോടെ ഇത്രയും വിപുലമായി അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള ഒരു പദ്ധതി ആദ്യമായാണ് നാം നടപ്പാക്കുന്നത്.

പദ്ധതി നടത്തിപ്പിനായി അവലംബിക്കുന്ന രീതിശാസ്ത്രം, വൈവിധ്യമുള്ള സാമൂഹിക വിഭാഗങ്ങളുടെ പങ്കാളിത്തം സാമൂഹീകമായ അറിവുകളുടെയും പ്രായോഗിക അനുഭവങ്ങളുടെയും വിപുലമായ തോതിലുള്ള പ്രയോഗം എന്നിങ്ങനെ വൈവിധ്യമാർന്ന തലങ്ങളിൽ തനിമയുള്ള ഒന്നാണ് നാം കോവിഡ്-19 ന്റെ കാലത്ത് നടപ്പാക്കുന്ന ഈ പദ്ധതി. ദാരിദ്ര്യത്തെയും അതിദാരിദ്ര്യത്തെയും തമ്മിൽ വേർതിരിച്ച് കൊണ്ട് അതിദാരിദ്ര്യത്തിന്റെ ബഹുതലങ്ങളെ തിരിച്ചറിയുന്നതിന് കേരളത്തിന്റെ തനത് പശ്ചാത്തലത്തിൽ അതിദരിദ്രരെ കണ്ടെത്തുന്നതിനും, അതിദാരിദ്ര്യത്തിന്റെ ലക്ഷണങ്ങളെയും കാരണങ്ങളെയും ലളിതമായ രീതികൾ ഉപയോഗിച്ച് സാമൂഹീക നിരീക്ഷണങ്ങളിലൂടെ കണ്ടെത്തുന്നതിനുമാണ് ഈ പദ്ധതിയിലൂടെ ശ്രമിക്കുന്നത്. അതിദരിദ്രരെ സംബന്ധിച്ച സാമൂഹിക അറിവുകളെ ഫലപ്രദമായി ഉപയോഗിക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ വ്യത്യസ്തത.

ഏത് രീതിശാസ്ത്രവും മികച്ചതാകുന്നത് അത് എങ്ങിനെ ഉപയോഗപ്പെടുത്തുന്നു എന്നതിനെ ആശ്രയിച്ചാണ്. അതിദരിദ്രരെ കണ്ടെത്തുന്ന പ്രക്രിയയിൽ വഴിതെറ്റിക്കാൻ സാധ്യതയുള്ള ഉള്ളടക്കങ്ങളെ നിരന്തരമായി തിരുത്തിക്കൊണ്ടും പൊരുത്തക്കേടുകളെ നിരവധി തവണ തിരുത്തലുകൾക്ക് വിധേയമാക്കി കൊണ്ടും ആണ് ഈ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. പൈലറ്റ് പഠനത്തിന്റെ അടിസ്ഥാനത്തിലുള്ള നിരവധി തിരിച്ചറിവുകൾ ഈ കൈപ്പുസ്തകത്തിനെ പുതുക്കുന്നതിന് സഹായകമായിട്ടുണ്ട്. ജില്ലാതലം വരെയുള്ള റിസോഴ്സ്

പേഴ്സൺമാരുടെ പരിശീലനങ്ങളിൽ നിന്നുമുള്ള നിർദ്ദേശങ്ങളും ഈ കൈപ്പുസ്തകത്തെ പുതുക്കുന്നതിന് സഹായിച്ചിട്ടുണ്ട്. ഇതിന് പിന്നിൽ പ്രവർത്തിച്ച വിഭവ സമ്പന്നരായ വ്യക്തിത്വങ്ങളുടെ ബുദ്ധിപരമായ സംഭാവനകളും ഇതിനെ മെച്ചപ്പെടുത്തുന്നതിൽ ഏറെ പ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്.

നമ്മുടെ മുഖ്യധാരയിൽ ദൃശ്യരല്ലാത്ത ഓരോ അതിദരിദ്ര കുടുംബത്തെയും കണ്ടെത്തുന്നതിനും സംസ്ഥാനത്തെ 1.1 ശതമാനത്തോളം വരുന്ന അതിദരിദ്രരിൽ ഓരോരുത്തരും നമ്മുടെ തിരിച്ചറിയൽ പ്രക്രിയയിൽ ഉൾപ്പെടും എന്ന് ഉറപ്പാക്കുന്നതിനും ഈ കൈപ്പുസ്തകം ഫലപ്രദമായ ഒരു ഉപാധിയായി പ്രവർത്തിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ഈ സാഹചര്യത്തിന്റെ പ്രാധാന്യത്തെ തിരിച്ചറിഞ്ഞ് നാം ഓരോരുത്തരും അതിനൊപ്പം ഉയരുമെന്ന പ്രതീക്ഷയോടെ ഞാൻ എന്റെ എല്ലാ ആശംസകളും അറിയിക്കുന്നു.




## ഡോ. ജോയ് ഇളമൺ


ഡയറക്ടർ ജനറൽ, കില


# അവതാരിക

അഞ്ചു വർഷം കൊണ്ട് സംസ്ഥാനത്തെ അതിദാരിദ്ര്യം ഇല്ലാതാക്കുന്നതിനുള്ള വിപുലമായ ഒരു കർമ്മ പരിപാടിയുമായി കേരള സർക്കാർ മുൻപോട്ട് പോകുകയാണ്. ദാരിദ്ര്യ ലഘൂകരണത്തിനുള്ള നിരവധി പദ്ധതികൾ കേരളത്തിൽ ഉണ്ടായിട്ടുണ്ട്. എങ്കിലും അതിദാരിദ്ര്യം ഇല്ലാതാക്കുന്നതിനുള്ള ഒരു പദ്ധതി ഒരു സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്നത് ഇന്ത്യയിൽ തന്നെ ആദ്യമായാണ്. സാധാരണയിൽ നിന്ന് വിഭിന്നമായി വിപുലമായ ജനപങ്കാളിത്തത്തോടെയുള്ള പങ്കാളിത്ത ചർച്ചാ പ്രക്രിയകളിലൂടെ അതി ദരിദ്രരെ കണ്ടെത്തുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപന തല, വാർഡ് തല ജനകീയ സമിതികൾ രൂപീകരിച്ചു കൊണ്ടാണ് പ്രവർത്തനം നടത്തുക.

ഇതോടൊപ്പം വാർഡ് തലത്തിൽ 2-3 തലങ്ങളിലായുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ചകളും നടക്കും. ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലൂടെ രൂപപ്പെടുന്ന അർഹരുടെ പട്ടികകൾ വാർഡ് തലത്തിൽ ക്രോഡീകരിച്ച് അതിൽ ഉൾക്കൊള്ളുന്ന വീടുകളിൽ മൊബൈൽ ആപ്പ് ഉപയോഗിച്ചുള്ള വിവരശേഖരണം നടക്കും. ഈ പ്രക്രിയക്ക് സംസ്ഥാനത്തെ 4,73,000 പേർ പങ്കാളികൾ ആകുന്ന സംസ്ഥാന തലം മുതൽ വാർഡ് തലം വരെയുള്ള വിപുലമായ ഒരു പരിശീലന പരിപാടി ആണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

ഈ പരിശീലന ശൃംഖലകളുടെ ഭാഗമായി തയ്യാറാക്കിയ കൈപുസ്തകം ആണിത്. ഈ കൈപുസ്തകം തയ്യാറാക്കുന്നതിൽ പങ്ക് വഹിച്ച എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു. കേരള സർക്കാരിന്റെ വലിയ ഉദ്യമം യാഥാർത്ഥ്യമാക്കാൻ ആസൂത്രണം ചെയ്യുന്ന വിപുലമായ പരിശീലന പരിപാടികൾക്ക് എല്ലാവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.



# വി. എസ്. സന്തോഷ് കുമാർ

സ്റ്റേറ്റ് നോഡൽ ഓഫീസർ, അതിദാരിദ്ര നിർണ്ണയ സെൽ &
അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ

## ആമുഖം

ഇന്ത്യയുടെ ദാരിദ്ര്യ നിർമ്മാർജനപരിപാടികൾ എക്കാലത്തെയും പഞ്ചവത്സര പദ്ധതികളിൽ ഇടംനേടിയിട്ടുണ്ട്. ഗ്രാമീണ പുരോഗതിയുടെ അവിഭാജ്യഘടകമാണ് ദാരിദ്ര്യനിർമാർജനം. ദാരിദ്ര്യം തികച്ചും ആപേക്ഷികമായ ഒരു ഘടകമാണ്.

ലോകത്തിനു മുന്നിൽ നിരവധി വികസന മാതൃകകൾ സൃഷ്ടിച്ചു കൊണ്ട് നേട്ടങ്ങൾ കൊയ്തിട്ടുള്ള ഒരു സംസ്ഥാനമാണ് നമ്മുടെ കേരളം. വലിയ നിർമ്മിതികളും പ്രോജക്റ്റുകളും വികസന മാനകങ്ങൾ തന്നെ. എന്നാൽ ദാരിദ്ര്യനിർമാർജനം പോലുള്ള അടിസ്ഥാന വികസന മുൻഗണനാപദ്ധതികൾ നമ്മുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടുന്ന രംഗം തന്നെയാണ്. ദാരിദ്ര്യം എന്ന വിഷയത്തിന്റെ അർത്ഥം വിവിധ തലങ്ങളിൽ വിലയിരുത്തപ്പെടേണ്ടതും പരിഹാരമാർഗ്ഗങ്ങൾക്കു കാലാനുസൃതമായ മാറ്റങ്ങൾ സ്വാംശീകരിക്കേണ്ടതുമുണ്ട്. ദാരിദ്ര്യം സംബന്ധിച്ച കാഴ്ചപ്പാടിന് കാലാനുസൃതമായ മാറ്റം വന്നുകൊണ്ടിരിക്കുന്നു. കേവലം ഭക്ഷണലഭ്യതയുടെ കുറവു മാത്രമല്ല ദാരിദ്ര്യത്തിന്റെ അളവുകോൽ. ഭക്ഷണം, പാർപ്പിടം, വസ്ത്രം, വിദ്യാഭ്യാസത്തിലൂന്നിയ മനുഷ്യവിഭവ വികസനം, ജീവിതനിലവാരം, ആരോഗ്യം എന്നിങ്ങനെയുള്ള രംഗങ്ങളിലെ സൗകര്യങ്ങളുടെ അഭാവമോ ദൗർലഭ്യമോ ദാരിദ്ര്യത്തിന്റെ മാനകമായി പരിഗണിക്കപ്പെടുന്ന വിധത്തിൽ വികസന സങ്കല്പം നാം കരുപിടിപ്പിച്ചേ മതിയാകൂ.

അഞ്ചു വർഷം കൊണ്ട് അതിതീവ്ര ദാരിദ്ര്യം ഇല്ലാതാക്കുക എന്നതാണ് നമ്മുടെ ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. സുസ്ഥിരവികസന പന്ഥാവിലേക്കുള്ള പ്രയാണത്തിൽ ഗതിനിർണ്ണായകമായ മാറ്റങ്ങൾക്ക് തുടക്കമിടാൻ അതിദാരിദ്ര്യ നിർമാർജന പദ്ധതി ശരിയായ രീതിയിൽ നടപ്പിലാകണം. സമൂഹത്തിലെ അതിതീവ്ര ദരിദ്ര വിഭാഗത്തിലുള്ള കുടുംബങ്ങളെ കണ്ടെത്തി അവരെ അതിതീവ്ര ദാരിദ്ര്യത്തിൽ നിന്നും പുറത്തു കൊണ്ടു വരുന്നതിന് ഓരോ കുടുംബത്തിനും ആവശ്യമായ അതിജീവന പദ്ധതികൾ തയ്യാറാക്കുക എന്നതാണ് ഈ സർക്കാരിന്റെ പ്രഥമ പരിഗണനയിലുള്ളത്. ഈ ദിശയിലേക്ക് നിശ്ചയദാർഢ്യത്തോടെ ചുവടു വയ്ക്കുന്ന കേരളത്തിന് അഭിമാനിക്കാവുന്ന നേട്ടം പ്രദാനം ചെയ്യുവാൻ ഉതകുന്നതാണ് അതി ദരിദ്രരെ കണ്ടെത്തുന്ന പ്രക്രിയ.

അതിദരിദ്രരെ കണ്ടെത്തുന്ന ഈ പ്രക്രിയ അനേക ഘട്ടങ്ങളിലൂടെയാണ് നടത്തുന്നത്. ഓരോ ഘട്ടങ്ങളിലെ പ്രവർത്തികളും വ്യക്തതയോടെയും പൂർണതയോടെയും ജനകീയ പങ്കാളിത്തത്തോടു കൂടിയാണ് നടക്കേണ്ടത്. അതിനു മേൽപ്രക്രിയകളിൽ പങ്കെടുക്കുന്നവർക്കു കൃത്യമായ നിർദേശങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.

കില തയ്യാറാക്കിയ ഈ കൈപ്പുസ്തകം അതിദരിദ്രരെ കണ്ടെത്താനുള്ള സംരംഭത്തിനു മുതൽക്കൂട്ടുവാനും ലക്ഷ്യം കൈവരിക്കാനും സഹായകമാകും എന്ന് പ്രത്യാശിക്കുന്നു.

# ഉള്ളടക്കം

*പേജ് നമ്പറിൽ ടച്ച് ചെയ്ത് ഉൾപേജുകളിലേക്ക് പോകാം. ഈ പേജിലേക്ക് തിരിച്ച് വരാൻ പേജിന്റെ താഴെ കാണുന്ന ൽ ടച്ച് ചെയ്യുക*


അദ്ധ്യായം 1 അതി ദരിദ്രർക്കായുള്ള പദ്ധതി - പ്രസക്തിയും, സമീപനവും ........................ 12

അദ്ധ്യായം 2 മാനദണ്ഡങ്ങളും അവയിലേക്ക് നയിച്ച സമീപനങ്ങളും ................................ 18

അദ്ധ്യായം 3 അതിദരിദ്രരെ കണ്ടെത്തുന്ന പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ...................... 24

അദ്ധ്യായം 4 ജനകീയ സമിതികളുടെ രൂപീകരണവും ചുമതലകളും ................................ 30

അദ്ധ്യായം 5 അർഹരായവരുടെ പ്രാഥമിക അതിദരിദ്ര പട്ടിക തയ്യാറാക്കുന്ന പ്രക്രിയ ........ 36

അദ്ധ്യായം 6 എന്യൂമറേറ്റർ തിരഞ്ഞെടുപ്പ്, പരിശീലനം, വിവരശേഖരണം ........................ 40

അദ്ധ്യായം 7 അന്തിമ പട്ടിക തയ്യാറാക്കൽ ................................................................ 45

അനുബന്ധങ്ങൾ

ഫോർമാറ്റുകൾ ........................................................................................ 48

നിർവഹണ കലണ്ടർ ................................................................................ 52

ചോദ്യാവലിയും വിശദീകരണ കുറിപ്പുകളും ................................................ 54

സർക്കാർ ഉത്തരവുകൾ .......................................................................... 71

# പ്രസാധക കുറിപ്പ്



ലോകത്തിന് മുൻപിൽ നിരവധി മാതൃകകൾ സൃഷ്ടിച്ച പ്രദേശമാണ് കേരളം. വികസിത രാജ്യങ്ങൾ ഉയർന്ന പ്രതിശീർഷ വരുമാനം കൊണ്ടും സാമ്പത്തിക വളർച്ചാ നിരക്ക് കൊണ്ടും നേടിയ സാമൂഹിക വികസന നേട്ടങ്ങൾ കുറഞ്ഞ സാമ്പത്തിക വളർച്ചാ നിരക്കും, കുറഞ്ഞ പ്രതിശീർഷ വരുമാനവും ഉള്ള പ്രദേശമായിട്ടു കൂടി നേടാനായി എന്നതാണ് കേരള വികസന അനുഭവത്തെ ലോകത്തിന് മുൻപിൽ ശ്രദ്ധേയമാക്കിയത്.

സമ്പൂർണ്ണ സാക്ഷരത, ജനകീയാസൂത്രണം, കുടുംബശ്രീ പ്രസ്ഥാനം എന്നിവയ്ക്ക് രൂപം നൽകിയ കേരളം ഇന്ന് പുതിയ ഒരു ചരിത്ര നേട്ടത്തിനായി കൈകോർക്കുകയാണ്. സമൂഹത്തിലെ അതിദരിദ്രരെ കണ്ടെത്തി അവർക്കുള്ള അതിജീവന പദ്ധതികൾ തയ്യാറാക്കുക എന്നതിനുള്ള വിപുലമായ ക്യാമ്പയിൻ 2021 ആഗസ്റ്റ് മുതൽ ഡിസംബർ 31 വരെ നടക്കുകയാണ്. ആശ്രയ, അഗതി രഹിത കേരളം, വിശപ്പു രഹിത കേരളം തുടങ്ങി അതിദരിദ്രരെ ലക്ഷ്യം വച്ച് കേരള സർക്കാർ നടത്തിയ വിവിധ തരം പ്രവർത്തനങ്ങളുടെ തുടർച്ചയാണ് ഈ പുതിയ പദ്ധതി.

കേരളത്തിലെ അതിദരിദ്രരായ മനുഷ്യരുടെ അതിജീവന പദ്ധതി തയ്യാറാക്കുന്ന പ്രക്രിയയിൽ കൈകോർക്കുന്ന ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് ദിശാ സൂചകമായി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ കൈപുസ്തകം തയ്യാറാക്കിയിട്ടുള്ളത്.


അതിദരിദ്രർക്കായുള്ള മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനുള്ള പദ്ധതിയുടെ ലക്ഷ്യങ്ങൾ, മൈക്രോപ്ലാൻ തയ്യാറാക്കുന്നത് വരെയുള്ള ആദ്യഘട്ടത്തിലെ വിവിധ തലത്തിലുള്ള പ്രവർത്തനങ്ങൾ, പദ്ധതിയുടെ രീതി ശാസ്ത്രം, പ്രക്രിയ എന്നിവ ഈ കൈപുസ്തകത്തിലൂടെ ലളിതമായി വിശദീകരിക്കാൻ ശ്രമിക്കുന്നു.

അഞ്ചു വർഷം കൊണ്ട് അതിദാരിദ്ര്യത്തെ ഇല്ലാതാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഈ ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളുടെ ആദ്യഘട്ടം വിജയകരമായി പൂർത്തീകരിക്കുന്നതിന് ഈ കൈപ്പുസ്തകം സഹായകരമാകും എന്ന് ഞങ്ങൾ കരുതുന്നു.

അഞ്ചു വർഷം കൊണ്ട് അതിദാരിദ്ര്യത്തെ ഇല്ലാതാക്കുക എന്നതാണ് പുതിയ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഈ ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളുടെ ആദ്യഘട്ടം വിജയകരമായി പൂർത്തീകരിക്കുന്നതിന് ഈ കൈപ്പുസ്തകം സഹായ കരമാകും എന്ന് ഞങ്ങൾ കരുതുന്നു.

അദ്ധ്യായം 1

# അതിദരിദ്രർക്കായുള്ള പദ്ധതി പ്രസക്തിയും, സമീപനവും



പലപ്പോഴും ചർച്ചകളിൽ ദാരിദ്ര്യത്തേയും, അതി ദാരിദ്ര്യത്തേയും വേർതിരിച്ച് കാണാതെ ഒന്നിച്ച് കാണുന്ന ഒരു പ്രവണതയാണ് കണ്ട് വരുന്നത്. അതിദാരിദ്ര്യത്തെ കൂടുതൽ ഊന്നൽ നൽകി പരിഹരിക്കുന്നതിന് ഇത് തടസ്സമായി വർത്തിക്കുന്നു.

അഞ്ചു വർഷം കൊണ്ട് സംസ്ഥാനത്ത് അതി ദാരിദ്ര്യം ഇല്ലാതാക്കുക എന്നത് കേരള സർക്കാരിന്റെ പ്രഥമ മുൻഗണനകളിൽ ഒന്നാണ്. ആശ്രയ പദ്ധതിയുടെ പരിധിയിൽ വരേണ്ടതും, എന്നാൽ വിട്ടു പോയതുമായ അതിദരിദ്രരെ കണ്ടെത്തി അവർക്ക് അതി ദാരിദ്ര്യാവസ്ഥയിൽ നിന്ന് പുറത്തു വരാനുള്ള സഹായവും പദ്ധതികളും മൈക്രോ പ്ലാനിലൂടെ നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. സംസ്ഥാന സർക്കാർ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതാണിത്.

## 1.1. അതിദാരിദ്ര്യവും ദാരിദ്ര്യവും

ദാരിദ്ര്യം എന്ന വാക്ക് പൊതുവിൽ പ്രയോഗിക്കപ്പെടുന്ന ഒന്നാണ്. മനുഷ്യർ നേരിടുന്ന വിവിധ തരത്തിലുള്ള ശേഷിയില്ലായ്മകൾ (deprivation) ആണ് ദാരിദ്ര്യം എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. ആദ്യകാലങ്ങളിൽ ഭക്ഷണത്തേയും, അതിൽ നിന്ന് ലഭിക്കുന്ന കലോറി ഊർജ്ജത്തേയും അടിസ്ഥാനമാക്കിയാണ് ദാരിദ്ര്യത്തെ നിർണ്ണയിച്ചിരുന്നത്. ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്നവരുടെ (Below Poverty Line – BPL) പട്ടിക ഉണ്ടാക്കിയതിന്റെ അടിസ്ഥാന പരിഗണനാ വിഷയവും അതായിരുന്നു.

എന്നാൽ കേവല ആഹാര ലഭ്യത എന്നതിൽ നിന്ന് വ്യത്യസ്തമായി വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം, സേവന ലഭ്യത, അടിസ്ഥാന സൗകര്യങ്ങൾ, അടിസ്ഥാന വരുമാനം, സാമൂഹിക ക്ഷേമ നടപടികളുടെ അപ്രാപ്യത എന്നിവയൊക്കെ ദാരിദ്ര്യം കണക്കാക്കുന്ന സൂചകങ്ങളിൽ പിന്നീട് ഉൾപ്പെട്ടു.

ഇവയിൽ വരുമാനം, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയെ പരിഗണിക്കുന്ന മാനവ വികസന സൂചിക (Human Development Index) മാനവ വിഭവശേഷി വികസനത്തെ കണക്കാക്കാനുള്ള ഒരു പ്രധാന സൂചികയായി മാറി. കേരളം മാനവ വികസന സൂചികകളിൽ ഏറെ മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ്. എങ്കിലും കേരളത്തിൽ ദാരിദ്ര്യത്തിന്റെ തുരുത്തുകൾ ഇപ്പോഴും അവശേഷിക്കുന്നു എന്നാണ് പഠനങ്ങൾ കാണിക്കുന്നത്.

പലപ്പോഴും ചർച്ചകളിൽ ദാരിദ്ര്യത്തേയും, അതി ദാരിദ്ര്യത്തേയും വേർതിരിച്ച് കാണാതെ ഒന്നിച്ച് കാണുന്ന ഒരു പ്രവണതയാണ് കണ്ട് വരുന്നത്. അതിദാരിദ്ര്യത്തെ കൂടുതൽ ഊന്നൽ നൽകി പരിഹരിക്കുന്നതിന് ഇത് തടസ്സമായി വർത്തിക്കുന്നു.

പൊതുവിൽ ഉള്ള ശേഷികളുടെ (capabilities) അഭാവം ആണ് ദാരിദ്ര്യം എങ്കിൽ അതിൽ ഏറ്റവും തീവ്രമായ അവസ്ഥയെ അഭിമുഖീകരിക്കുന്നവർ ആണ് അതിദരിദ്രർ. ദരിദ്രർക്ക് പലപ്പോഴും ഭക്ഷണം, വസ്ത്രം, സുരക്ഷിതമായ താമസ സ്ഥലം തുടങ്ങിയ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടാറുണ്ട്. എന്നാൽ അതിജീവനത്തിനുള്ള ബുദ്ധിമുട്ടുകൾ അവർക്ക് എല്ലായ്പ്പോഴും ഉണ്ടാകണമെന്നില്ല. തൊഴിൽ ലഭ്യമാകാത്ത ദിനങ്ങളിൽ ഭക്ഷണ സാധനങ്ങൾ വാങ്ങാൻ അൽപ്പം ബുദ്ധിമുട്ട് നേരിടുന്ന കുടുംബം മേൽ സൂചിപ്പിച്ച ദരിദ്രരുടെ കൂട്ടത്തിൽ വരുന്നതാണ്. സുരക്ഷിതമായ താമസ സ്ഥലം പൂർണ്ണതയോടെ ഒരുക്കുന്നതിനും അവർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടായേക്കാം. എന്നാൽ അവർക്ക് താമസിക്കാനുള്ള അടിസ്ഥാന സൗകര്യം ഉണ്ടാകാം.

**അതിജീവനത്തിന് വേണ്ട അടിസ്ഥാന ആവശ്യങ്ങൾ (ഭക്ഷണം, വസ്ത്രം, സുരക്ഷിത താമസസ്ഥലം, അടിസ്ഥാന വരുമാനം) നേടിയെടുക്കാൻ തീരെ കഴിയാതെ പോകുന്ന അതിജീവനം തന്നെ പ്രതിസന്ധിയിൽ ആയ വിഭാഗം ആണ് അതിദരിദ്രർ.**

താഴെ പറയുന്ന അവസ്ഥകൾ അതിദരിദ്രരുടെ പ്രത്യേകതകളായി കാണാം,

1. സ്വന്തം അവസ്ഥ മറ്റുള്ളവരെ ബോധ്യപ്പെടുത്തി അതു മറികടക്കാൻ ശേഷിയില്ലാത്തവർ.
2. ഉപജീവനവും അതിജീവനവും നേടാൻ ശാരീരികവും മാനസികവുമായ ശേഷി ഇല്ലാത്തവർ.
3. മാനസിക വെല്ലുവിളി, വാർദ്ധക്യം, തീരാവ്യാധി തുടങ്ങിയകാരണങ്ങളാൽ ദൈനംദിന ജീവിതം മുന്നോട്ടു നീക്കാൻ ശേഷി ഇല്ലാത്തവർ.

**തൊഴിൽ ശേഷിയും, അടിസ്ഥാന വരുമാനവും അടിസ്ഥാന ജീവിത സാഹചര്യങ്ങളും ഉള്ള ദരിദ്ര കുടുംബങ്ങളെയല്ല, അടിസ്ഥാന അവകാശങ്ങൾ പോലും നേടിയെടുക്കാൻ ശേഷിയില്ലാത്ത, പൊതുവിൽ ബാഹ്യ സഹായം ഇല്ലാതെ ജീവിതം മുൻപോട്ടു കൊണ്ടുപോകാൻ ആകാത്ത അശരണരും, നിരാലംബരും, അഗതികളും ആയ കുടുംബങ്ങളെയാണ് അതിദരിദ്രരായി കണക്കാക്കേണ്ടത്.**

**തെരുവിൽ കഴിയുന്നവർ, മറ്റു വരുമാന സാദ്ധ്യതകളോ, ആസ്തികളോ ഇല്ലാതെ അതിജീവനം പ്രതിസന്ധിയിലായ ഭിന്നശേഷിക്കാർ, വയോജനങ്ങൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ മുതലായ വിഭാഗങ്ങൾ മാത്രം ഉള്ള കുടുംബങ്ങൾ, കുടുംബനാഥ/ൻ ഉപേക്ഷിച്ച മറ്റു വരുമാന സാദ്ധ്യതകളോ, ആസ്തികളോ തൊഴിൽ ശേഷിയോ ഇല്ലാത്ത കുടുംബങ്ങൾ, കിടപ്പു രോഗികൾ മാത്രം ഉള്ള തൊഴിൽ ശേഷിയുള്ള കുടുംബാംഗങ്ങൾ ഇല്ലാത്ത, മറ്റു ആസ്തികളോ വരുമാനമോ ഇല്ലാത്ത കുടുംബങ്ങൾ തുടങ്ങിയവർ കേവല ദാരിദ്ര്യത്തിനപ്പുറം, അതിജീവനശേഷി ഇല്ലാത്ത അതിദരിദ്രരാണ്.**

**ദാരിദ്ര്യത്തിന്റെ അതിതീവ്ര രൂപം ആണ് അതി ദാരിദ്ര്യം. അതി ദാരിദ്ര്യത്തിൽ കഴിയുന്നവർക്ക് പുറമേ നിന്ന് സർക്കാരിന്റെയും പൊതു സമൂഹത്തിന്റെയും ശക്തമായ പിന്തുണ ഇല്ലാതെ ജീവിതം മുൻപോട്ട് കൊണ്ടുപോകാനോ, ദാരിദ്ര്യത്തിൽ നിന്ന് പുറത്ത് കടക്കാനോ കഴിയില്ല. എന്നാൽ സാധാരണ ദരിദ്രർക്ക് ആകട്ടെ അവരുടെ വരുമാനം, തൊഴിൽ ശേഷി എന്നിവ വച്ച് ചുരുങ്ങിയ അളവിൽ ആണെങ്കിലും ജീവിതം മുൻപോട്ട് നയിക്കാൻ കഴിയും.**

പൊതുവിൽ ദരിദ്രരെ അതിൽ നിന്ന് കരകയറ്റുന്നതിന് സർക്കാർ വിവിധ തരം മാർഗ്ഗങ്ങൾ അവലംബിക്കാറുണ്ട്. തൊഴിൽ നൽകാനുള്ള തൊഴിലുറപ്പ് പദ്ധതി, ഭക്ഷണം നൽകാനുള്ള റേഷൻ സംവിധാനം, വീട് നൽകാനുള്ള പദ്ധതികൾ എന്നിവയെല്ലാം ഇതിന്റെ ഭാഗമാണ്. ഈ സഹായങ്ങൾ ദരിദ്രരെ അതിജീവനത്തിന് പൊതുവിൽ പ്രാപ്തരാക്കുന്നു. എന്നാൽ വിവിധങ്ങളായ കാരണങ്ങളാൽ ഈ അടിസ്ഥാന സേവനങ്ങൾ പോലും ലഭ്യമാകാതെ അതി ദുരിതത്തിൽ കഴിയുന്ന കുടുംബങ്ങൾ അതി ദാരിദ്ര്യത്തിന്റെ ഭീഷണി നേരിടുന്നവർ ആകാം.

## 1.2. അതിദരിദ്രർക്കായുള്ള മുൻ ഇടപെടലുകൾ

അതിദരിദ്രരേയും അഗതികളേയും കണ്ടെത്തുന്നതിനും, അവരെ അതി ജീവനത്തിന് സഹായിക്കുന്നതിനുമായി നിരവധി പദ്ധതികൾ കേരളത്തിൽ നടപ്പാക്കപ്പെട്ടിട്ടുണ്ട്. 2002-2003 കാലഘട്ടത്തിൽ ആരംഭിച്ച ആശ്രയ പദ്ധതി ആയിരുന്നു ഈ ദിശയിലെ ഒരു പദ്ധതി. ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ആണ് ഈ പദ്ധതിയിൽ കുടുംബങ്ങളെ കണ്ടെത്തിയത്. 2016 ന് ശേഷം സർക്കാർ നടപ്പാക്കിയ അഗതി രഹിത കേരളം പദ്ധതി ആശ്രയ പദ്ധതിയുടെ പരിഷ്കരിച്ച രൂപം ആയിരുന്നു. മേൽ പദ്ധതികളിലൊന്നിലും പല കാരണങ്ങളാൽ ഉൾപ്പെടാതെ പോയ അതിദരിദ്രരെ കൂടി ഉൾക്കൊള്ളുന്ന ഒരു പദ്ധതിയാണ് ഈ സർക്കാർ വിഭാവനം ചെയ്യുന്നത്.

## 1.3. അതിദരിദ്രരെ കണ്ടെത്തുന്നതിന് എന്തുകൊണ്ട് പങ്കാളിത്ത പ്രക്രിയ?

അതി ദാരിദ്ര്യം എന്നത് ഒട്ടും അതിജീവന ശേഷി ഇല്ലാത്ത അവസ്ഥയാണ് എന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. തങ്ങൾക്ക് വേണ്ടി വാദിക്കാനോ, ശബ്ദം ഉയർത്താനോ പോലും കഴിയാത്തവരാണ് അതിദരിദ്രർ എന്നതാണ് പൊതുവിൽ കാണുന്ന അവസ്ഥ. വിവിധ തരം സാമൂഹിക ഒറ്റപ്പെടൽ അനുഭവിക്കുന്നവരും ഇവരിൽ ഉണ്ടാകും. മാനസിക വെല്ലുവിളികൾ മൂലം സമൂഹം ഒറ്റപ്പെടുത്തിയ കുടുംബം ഒരു ഉദാഹരണമാണ്. തെരുവിൽ അലയുന്നവർ സ്ഥിരമായി ഒരു സ്ഥലത്ത് താമസിക്കണം എന്നില്ല. കടത്തിണ്ണകളിലോ, പൊതുസ്ഥലങ്ങളിലോ താമസിക്കുന്നവരെ പൊതുവിൽ ആ സമൂഹത്തിലെ ഒരു കുടുംബമായി പരിഗണിക്കാറില്ല.

**സ്വയം അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ ശേഷിയില്ലാത്തവരും, പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽ പലപ്പോഴും പെടാതെ പോകുന്നവരും ആയതിനാൽ പരമ്പരാഗതമായ ഒരു ദരിദ്രസർവ്വേ രീതിയിലൂടെ അതിദരിദ്രരെ കണ്ടെത്തൽ ഫലപ്രദമാകണമെന്നില്ല. പ്രാദേശിക തലത്തിൽ പൊതു സമൂഹത്തിന്റെ ഒരു പരിച്ഛേദം പങ്കെടുക്കുന്ന ഒരു പങ്കാളിത്ത പ്രക്രിയ അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്താൻ അനിവാര്യമാകുന്നു.**

അതിദരിദ്ര കുടുംബങ്ങളെ എളുപ്പത്തിൽ കണ്ടെത്താൻ കഴിയുന്ന വാർഡിനകത്തെ ചെറിയ ക്ലസ്റ്ററുകൾ, വാർഡ് തല കൂട്ടായ്മകൾ എന്നിവയുടെ പ്രസക്തി ഇതുമൂലം വർദ്ധിക്കുന്നു. സമൂഹത്തിൽ നിരന്തര സാന്നിദ്ധ്യമായ വിവിധ വിഭാഗങ്ങളുടെ പ്രതിനിധികൾ ഒരുമിച്ചിരുന്ന് പങ്കാളിത്ത ചർച്ചയിലൂടെ അതിദരിദ്രരെ കണ്ടെത്തുക എന്നുള്ള രീതി അവലംബിക്കുന്നതിനുള്ള കാരണം ഇതാണ്. അതിദരിദ്രരെ കണ്ടെത്തുന്നതിനും, അവരെ അതിജീവനത്തിന് സഹായിക്കുന്നതിനും സമൂഹത്തെയാകെ പങ്കാളിയാക്കുക എന്ന ലക്ഷ്യവും ഈ പങ്കാളിത്ത കണ്ടെത്തൽ പ്രക്രിയയിലൂടെ നിർവ്വഹിക്കപ്പെടുന്നു.

**അതി ദാരിദ്ര്യത്തിന്റെ ഓരോ സൂചകങ്ങളും വച്ച് വാർഡ് തലത്തിലും, അതിന് താഴെയും നടക്കുന്ന പങ്കാളിത്ത ചർച്ചയിലൂടെ ദാരിദ്ര്യത്തേയും അതി ദാരിദ്ര്യത്തേയും വേർതിരിച്ച് മനസ്സിലാക്കി അതിദരിദ്രരായവരെ കുറെക്കൂടി കൃത്യതയോടെ പങ്കാളിത്തപരമായി കണ്ടെത്തുന്നതിന് കഴിയുന്നു. ദാരിദ്ര്യത്തിന്റെ പൊതു സ്വഭാവത്തിനപ്പുറം അതി ദാരിദ്ര്യത്തിന്റെ തീവ്ര പ്രകൃതത്തെ തിരിച്ചറിഞ്ഞ് തീരുമാനം എടുക്കാൻ ഈ പങ്കാളിത്ത പ്രക്രിയയിലൂടെ കഴിയുന്നു.**

## 1.4. പങ്കാളിത്ത പ്രക്രിയയുടെ ഗുണങ്ങൾ

1. ഏറ്റവും അർഹരായ അതിദരിദ്രരെ കണ്ടെത്തുന്നതിന് ഈ പങ്കാളിത്ത പ്രക്രിയ ഒരു മുഖ്യ പങ്കു വഹിക്കുന്നു
2. സാധാരണ നിലയിൽ ശ്രദ്ധയിൽ പെടാതെ പോകുന്ന നിരാശ്രിതരും, നിരാലംബരും ആയവരെ കണ്ടെത്താൻ സാധിക്കുന്നു.
3. ദാരിദ്ര്യത്തേയും അതി ദാരിദ്ര്യത്തേയും വേർതിരിച്ചറിഞ്ഞ് കൃത്യമായി അർഹതയുള്ളവരെ തിരിച്ചറിയാനാകുന്നു.
4. അതി ദാരിദ്ര്യത്തെയും അതിന് പരിഹാരം കണ്ടെത്തുന്നതിനേയും ഒരു പൊതു സാമൂഹിക ഉത്തരവാദിത്തമായി മാറ്റുന്നതിന് സാധിക്കുന്നു.

## 1.5. ദരിദ്രരും അതി ദരിദ്രരും: ചില ഉദാഹരണങ്ങൾ

| ദരിദ്രർ | അതി ദരിദ്രർ |
|---|---|
| സ്വന്തമായി സ്ഥലം ഉള്ള പരിമിതമായ സൗകര്യങ്ങൾ ആണെങ്കിലും ഓരോ വ്യക്തികൾക്കും ആപേക്ഷികമായ സ്ഥലം ഉള്ള ചെറിയ വീടുകളുള്ള കുടുംബം | സ്ഥലവും, വീടും ഇല്ലാത്ത തെരുവിൽ അലയുന്ന ഒരു കുടുംബം |
| അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഭക്ഷ്യധാന്യം ലഭിക്കുന്ന, തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ എടുക്കുന്നവർ ഉള്ള, അടിസ്ഥാന ജീവിത സാഹചര്യങ്ങൾ ഉള്ള ഒരു കുടുംബം | റേഷൻ കാർഡില്ലാത്ത ഭക്ഷ്യ ധാന്യം ലഭ്യമാകാത്ത, തൊഴിൽ എടുക്കാൻ ശേഷി ഇല്ലാത്ത കുടുംബം |
| കിടപ്പു രോഗികൾ ഉള്ള, എന്നാൽ കുടുംബാംഗങ്ങൾ തൊഴിൽ എടുക്കുന്ന ദരിദ്ര കുടുംബം | കുടുംബത്തിലെ കിടപ്പു രോഗിയെ പരിപാലിക്കുന്നത് മൂലം തൊഴിൽശേഷി ഉള്ള അവശേഷിക്കുന്ന ഒരാൾക്ക് പോലും തൊഴിൽ ചെയ്യാൻ കഴിയാതെ വരുന്ന ദരിദ്ര കുടുംബം |
| വയോജനങ്ങൾ ഉള്ള ഒരു ദരിദ്ര കുടുംബം | വയോജനങ്ങൾ മാത്രം ഉള്ള, ആർക്കും തൊഴിലെടുക്കാൻ ആവാത്ത ദരിദ്ര കുടുംബം |

## 1.6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ദാരിദ്ര്യ നിർമ്മാർജ്ജനവും

കേരളത്തിലെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. വീട്, കുടിവെള്ളം, സാനിറ്റേഷൻ സൗകര്യങ്ങൾ, വൈദ്യുതീകരണം, മുതലായ ദരിദ്രരുടെ അടിസ്ഥാന ആവശ്യങ്ങൾ ഒരുക്കികൊടുക്കുന്നതിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ രണ്ടര ദശാബ്ദക്കാലത്തെ പദ്ധതി പ്രവർത്തനങ്ങൾ വലിയ തോതിൽ സഹായിച്ചിട്ടുണ്ട്. ഇതോടൊപ്പം പട്ടിക വർഗ്ഗ, പട്ടിക ജാതി വിഭാഗങ്ങൾക്കായുള്ള ഉപ പദ്ധതികളിൽ പ്രത്യേകമായ

ഊന്നൽ ദാരിദ്ര്യത്തെ നേരിടുന്നതിന് നൽകിയിട്ടുമുണ്ട്.

എന്നാൽ 2002-2003 ലെ ആശ്രയ പദ്ധതിയോടു കൂടിയാണ് അതി ദാരിദ്ര്യത്തെ അഭിസംബോധന ചെയ്യുന്നതിനുള്ള പരിപാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ രൂപീകരിക്കുന്നതിനുള്ള ഇടപെടലുകൾ ഉണ്ടായത്. പിന്നീട് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും എല്ലാതരം ദാരിദ്ര്യ നിർമ്മാർജ്ജന ശ്രമങ്ങളേയും ഏകോപിപ്പിച്ച് ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി (Anti-poverty Sub Plan) രൂപീകരിക്കുക എന്ന നിർദ്ദേശവും ഉണ്ടായി.

1998 ൽ കേരളത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് നടപ്പാക്കിയ കുടുംബശ്രീ പദ്ധതി കേരളത്തിന്റെ ചരിത്രത്തിൽ നിർണ്ണായകമായ ഒന്നാണ്. പിന്നീട് വന്ന എല്ലാ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും കുടുംബശ്രീയുടേയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പങ്കാളിത്തത്തോടെയാണ് കേരളത്തിൽ നടപ്പിലാക്കിയത്. കുടുംബശ്രീയുടെ നേതൃത്വത്തിൽ ആണ് ആശ്രയ പദ്ധതിയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയും നടപ്പിലാക്കപ്പെട്ടത്. 2016 ന് ശേഷം നടപ്പിലാക്കിയ "അഗതി രഹിത കേരളം" പദ്ധതി അതിദരിദ്രരെ ലക്ഷ്യമിടുന്ന ഒരു പദ്ധതിയായിരുന്നു. അടിസ്ഥാന അതിജീവന ആവശ്യങ്ങൾ, അടിസ്ഥാന ജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ, വികസന ആവശ്യങ്ങൾ എന്നിവയ്ക്കാണ് അഗതി രഹിത കേരളം പദ്ധതിയിൽ ഊന്നൽ നല്കിയിരുന്നത്. അതി ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ തുടർച്ചയായാണ് പുതിയ പദ്ധതി. വിവിധ കാരണങ്ങളാൽ നിലവിലെ പദ്ധതികളിൽ ഉൾപ്പെടാതെ പോയ അതിദരിദ്രരെ കൂടി ഉൾക്കൊള്ളാനാവുന്ന ഒരു സമീപനം ആണ് ഈ പുതിയ പദ്ധതിയിൽ സ്വീകരിക്കുക.

## 1.7. അതിദരിദ്രർക്കായുള്ള പുതിയ പദ്ധതിയുടെ ലക്ഷ്യങ്ങൾ

1. സംസ്ഥാനത്തെ അതി ദാരിദ്ര്യം 5 വർഷം കൊണ്ട് ഇല്ലാതാക്കുക.
2. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശത്തും ഉള്ള വിവിധ കാരണങ്ങളാൽ അതി ദാരിദ്ര്യം അനുഭവിക്കുന്നവരെ സാമൂഹിക പങ്കാളിത്ത പ്രക്രിയയിലൂടെ കണ്ടെത്തുക.
3. ഓരോ അതിദരിദ്ര കുടുംബത്തിന്റെയും അവസ്ഥയെ സംബന്ധിച്ച സമഗ്ര വിവര ശേഖരണം നടത്തുക
4. അതിദരിദ്ര കുടുംബങ്ങളുടെ അതി ജീവനത്തിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും കുടുംബ അധിഷ്ഠിത മൈക്രോപ്ലാനുകൾ തയ്യാറാക്കുക.
5. മൈക്രോപ്ലാനുകൾ ഏകോപിപ്പിച്ച് തദ്ദേശ സ്ഥാപന തല പദ്ധതി തയ്യാറാക്കി നടപ്പിലാക്കുക

## 1.8. പദ്ധതി നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങൾ

1. അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള പ്രക്രിയ, രീതിശാസ്ത്രം എന്നിവയെ സംബന്ധിച്ച് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകൽ.
2. തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലും, വാർഡ് തലത്തിലും ഉള്ള ജനകീയ സമിതികളുടെ രൂപീകരണം.
3. പദ്ധതി ഏകോപനത്തിന് സംസ്ഥാനതല ഏകോപന സമിതിയും, ജില്ലാ തല സമിതിയും രൂപീകരിക്കൽ.
4. അതിദരിദ്രരുടെ പ്രാഥമിക പട്ടിക തയ്യാറാക്കൽ.
5. പ്രാഥമികമായി പട്ടികപ്പെടുത്തിയ കുടുംബങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി വിവരശേഖരണം നടത്തൽ.
6. വിവരശേഖരണ പ്രക്രിയയുടെ സൂപ്പർ ചെക്കിങ്

7. ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് വാർഡ് തല അതിദരിദ്രരുടെ പട്ടിക തയ്യാറാക്കൽ.
8. അർഹരായവരുടെ തദ്ദേശ സ്ഥാപന തല പട്ടിക തയ്യാറാക്കലും അംഗീകാരം നേടലും
9. വാർഡ് തല പട്ടികകൾ വാർഡ്/ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകരിക്കൽ.
10. തദ്ദേശസ്ഥാപന തലത്തിൽ അർഹരായവരുടെ അന്തിമ പട്ടിക തയ്യാറാക്കൽ.
11. തദ്ദേശ സ്വയംഭരണ സ്ഥാപനതല പദ്ധതിയും ഓരോ കുടുംബത്തിനും പ്രത്യേകം മൈക്രോ പ്ലാനും തയ്യാറാക്കൽ.
12. തദ്ദേശ സ്വയംഭരണ സ്ഥാപനതല പദ്ധതിയുടെയും മൈക്രോ പ്ലാനുകളുടെയും നടത്തിപ്പിന് ആവശ്യമായ വിഭവ സമാഹരണം നടത്തൽ.

അദ്ധ്യായം 2

# മാനദണ്ഡങ്ങളും അവയിലേക്ക് നയിച്ച സമീപനങ്ങളും



കുടുംബങ്ങളുടെ അടിസ്ഥാന അതിജീവനത്തിന് തടസ്സമായി വർത്തിക്കുന്ന ഭക്ഷണ ലഭ്യത, ആരോഗ്യം, വരുമാനം, വാസസ്ഥലം എന്നീ നാല് പൊതു ഘടകങ്ങളെയാണ് എല്ലാ കുടുംബങ്ങൾക്കും ബാധകമാക്കാവുന്ന പൊതു ഘടകം എന്ന നിലയിൽ സൂചകങ്ങളായി എടുത്തിട്ടുള്ളത്.

## 2.1. അടിസ്ഥാന സമീപനം

സാമൂഹിക സാമ്പത്തിക ദുർബലത (deprivation) അഥവാ ദാരിദ്ര്യം എന്നത് നിരന്തരമായ മാറ്റത്തിന് വിധേയമാകുന്ന ഒന്നാണ്. ഇതിന്റെ ഏറ്റവും തീവ്ര രൂപമാണ് അതി ദാരിദ്ര്യം. ഭക്ഷണം, വസ്ത്രം, സുരക്ഷിതമായ താമസ സ്ഥലം, അടിസ്ഥാന വരുമാനം ആർജ്ജിക്കാനുള്ള ശേഷി എന്നിവ നേടാൻ ആകാതെ പോകുമ്പോഴാണ് ഒരു വ്യക്തിയോ കുടുംബമോ അതിദരിദ്രർ ആകുന്നത്. അതിദാരിദ്ര്യാവസ്ഥ അനുഭവിക്കാൻ സാധ്യതയുള്ള കുടുംബങ്ങളിൽ സാമൂഹിക വിഭാഗഭേദമോ ലിംഗഭേദമോ ഇല്ല. അതിനാൽ തന്നെ ആഹാരം നേടാനുള്ള ശേഷിയില്ലായ്മ, അടിസ്ഥാന വരുമാനം ഇല്ലായ്മ, ദാരിദ്ര്യത്തിലേക്ക് നയിക്കുന്ന ആരോഗ്യ സാഹചര്യങ്ങൾ, എന്നിവ അതി ദാരിദ്ര്യത്തിനുള്ള അടിസ്ഥാന സൂചകങ്ങൾ ആയി കണക്കാക്കുന്നു. ഭക്ഷണം, താമസ സ്ഥലം, വരുമാനം എന്നിവ മുൻപുള്ള അതി ദാരിദ്ര്യ നിർമാർജന പദ്ധതികളിൽ സൂചകങ്ങളായി ഉപയോഗിച്ചിട്ടുള്ളവയാണ്. എന്നാൽ അവയിലെ തന്നെ ഏറ്റവും അതിദരിദ്രരെ കണ്ടെത്താനുള്ള സൂചകങ്ങളെയാണ് ഈ പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

വരുമാനം ഇല്ലായ്മ ഒന്നുകിൽ ജോലി ചെയ്യാനുള്ള പ്രാപ്തി കുറവു കൊണ്ടോ അല്ലെങ്കിൽ ആസ്തികളിൽ നിന്ന് ഒരു വരുമാനവും ലഭിക്കാൻ ഇല്ലാത്തത് കൊണ്ടോ ആകാം. ആരോഗ്യപരമായ പ്രശ്നങ്ങൾ പലപ്പോഴും ജോലി എടുക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടാക്കാനും, വീട്ടു ചെലവ് വരുമാനത്തേക്കാൾ വളരെ അധികരിക്കുന്നതിനും കാരണമാകാം. ഭാരിച്ച കടബാധ്യത അതി ദാരിദ്ര്യത്തിലേക്ക് ഒരു കുടുംബത്തെ തള്ളി വിടുന്നതിന് കാരണമായേക്കാം. ഇതിന്റെ ഭാഗമായി ആസ്തികളും, വരുമാന സാദ്ധ്യതകളും പൂർണ്ണമായും നഷ്ടപ്പെട്ടേക്കാം. അതി ദാരിദ്ര്യത്തിന്റെ ഏറ്റവും പ്രകടമായ ലക്ഷണം വിശപ്പാണ്. ഭക്ഷണത്തിന് വേണ്ട സാധനങ്ങൾ വാങ്ങാൻ കഴിയാത്തതു കൊണ്ടോ, സർക്കാർ നൽകുന്ന ഭക്ഷ്യധാന്യങ്ങൾ പോലും

ലഭ്യമാകാത്തത് കൊണ്ടോ, ഭക്ഷണം പാചകം ചെയ്ത് കഴിക്കാനുള്ള കായിക ശേഷിയോ, സാമ്പത്തിക ശേഷിയോ ഇല്ലാത്തതു കൊണ്ടോ കടുത്ത പട്ടിണിയിലേക്ക് ഒരു കുടുംബം നീങ്ങാം. അതി ദാരിദ്ര്യം മൂലം മറ്റിടങ്ങളിലേക്ക് മാറാൻ കഴിയാതെ ഒരു കുടുംബത്തിനോ, ഒരു കൂട്ടം കുടുംബങ്ങൾക്കോ അതി ദുസ്സഹമോ, അപകടകരമോ ആയ ജീവിത സാഹചര്യങ്ങളിൽ ജീവിക്കേണ്ടി വന്നേക്കാം. വാസസ്ഥലം സ്ഥിരമായി ഉണ്ടാക്കാൻ ആകാത്തതിനാൽ തെരുവിലോ, കടത്തിണ്ണകളിലോ, പൊതു ഇടങ്ങളിലോ കഴിച്ചു കൂട്ടുന്നവരും ഉണ്ടാകാം. ഇവയെല്ലാം അതി ദാരിദ്ര്യത്തിന്റെ പ്രതിഫലനങ്ങളാണ്.

ചുരുക്കത്തിൽ അതി ദാരിദ്ര്യം ഏറ്റവും രൂക്ഷമായി പ്രകടമാകുന്നതിന് കാരണമായി വർത്തിക്കുന്ന പ്രധാന ഘടകങ്ങൾ ഭക്ഷണം, സുരക്ഷിതമായ വാസസ്ഥലം, അടിസ്ഥാന വരുമാനം, ആരോഗ്യപരമായ സ്ഥിതി എന്നിവയാണ്. രോഗാതുരത ഏറ്റവും ഉയർന്നു നിൽക്കുന്ന കേരളത്തിൽ കരൾ രോഗം, വൃക്കരോഗം, ഹൃദ്രോഗം, പക്ഷാഘാതം എന്നിവ മൂലം തൊഴിൽ ശേഷി നഷ്ടപ്പെട്ടവരും, മാനസിക ആരോഗ്യ പ്രശ്നങ്ങളാൽ തൊഴിൽ എടുക്കാൻ ആകാത്തവരുമുണ്ട്. 80 ശതമാനത്തിന് മുകളിൽ വരുന്ന ശാരീരിക പരിമിതികൾ മൂലം തൊഴിലെടുത്ത് വരുമാനം ഉണ്ടാക്കാൻ കഴിയാത്ത ഭിന്നശേഷിക്കാരും ആരോഗ്യ ദുസ്ഥിതിയുടെ സൂചകങ്ങളിൽ ഉൾപ്പെടുന്നു. അതിനാൽ തന്നെ ആരോഗ്യ ദുസ്ഥിതി കേരളത്തെ സംബന്ധിച്ച് അതി ദാരിദ്ര്യത്തിലേയ്ക്ക് നയിക്കാവുന്ന ഘടകങ്ങളിൽ ഒന്നായി കണക്കാക്കുക എന്നത് പ്രധാനമാണ് എന്ന സമീപനമാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. ചുരുക്കത്തിൽ കുടുംബങ്ങളുടെ അടിസ്ഥാന അതി ജീവനത്തിന് തടസ്സമായി വർത്തിക്കുന്ന നാല് പൊതു ഘടകങ്ങളെയാണ് എല്ലാ കുടുംബങ്ങൾക്കും ബാധകമാക്കാവുന്ന പൊതു ഘടകം എന്ന നിലയിൽ സൂചകങ്ങളായി എടുത്തിട്ടുള്ളത്. ഈ ഘടകങ്ങൾ പട്ടിക 1ൽ നൽകിയിരിക്കുന്നു.

## 2.2. പട്ടിക-1 അതിദരിദ്രരെ കണ്ടെത്തുന്നതിന് അവലംബിക്കാവുന്ന പൊതു ഘടകങ്ങളും, ഉപഘടകങ്ങളും

| അതി തീവ്ര ക്ലേശ ഘടകങ്ങൾ | തീവ്ര ക്ലേശ ഘടകങ്ങൾ |
|---|---|
| **1. ഭക്ഷണ ലഭ്യത** | |
| അതി വാർദ്ധക്യം മൂലമോ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ ഉള്ളതിനാലോ ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ ആകാത്ത, പുറമെ നിന്ന് ഭക്ഷണം വാങ്ങുന്നതിനോ, പണം നൽകി ആളെ വെച്ച് പാചകം ചെയ്യുന്നതിനോ ശേഷി ഇല്ലാത്ത കുടുംബങ്ങൾ | അങ്കണവാടി രേഖകൾ പ്രകാരം തീവ്ര പോഷണ ദാരിദ്ര്യം (SAM) ഉള്ള ആറോ അതിൽ താഴെയോ വയസുള്ള കുട്ടികൾ ഉള്ള കുടുംബങ്ങൾ |
| തെരുവിലോ പൊതുയിടങ്ങളിലോ കഴിയുന്നതുമൂലം സ്ഥിരമായി ഭക്ഷണം ലഭിക്കാതിരിക്കുന്നവരോ, പൊതു സ്ഥാപനങ്ങളിൽ നിന്നോ സൗജന്യമായോ ഭക്ഷണം കഴിക്കുന്നവരോ ആയ കുടുംബങ്ങൾ | |

<table>
<tr><th colspan="2">2. ആരോഗ്യം</th></tr>
<tr><td>ഗുരുതരമായ രോഗം ബാധിച്ചത് കൊണ്ടോ, മുകളിൽപറഞ്ഞ കാരണങ്ങൾ ഒഴികെ മറ്റ് കാരണങ്ങളാൽ കിടപ്പ് രോഗിയായതിനാലോ, അപകടം മൂലമോ വരുമാന ശേഷി പൂർണമായും (തൊഴിലിൽ നിന്നോ, ആസ്തിയിൽ നിന്നോ, നിക്ഷേപങ്ങളിൽ നിന്നോ) നഷ്ടപെട്ട കുടുംബങ്ങൾ</td><td rowspan="2">രോഗമോ അപകടമോ കാരണം കട ബാധ്യത വന്ന് ആസ്തികളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബം</td></tr>
<tr><td>ബൗദ്ധിക-മാനസിക വെല്ലുവിളികളോ, 80% ശാരീരിക വെല്ലുവിളികളോ നേരിടുന്നവരെ വീട്ടിൽ പരിപാലിക്കേണ്ടി വന്നതുമൂലം തൊഴിലിൽ നിന്നോ, നിക്ഷേപങ്ങളിൽ നിന്നോ, ആസ്തിയിൽ നിന്നോ വരുമാനം നഷ്ടപ്പെട്ട കുടുംബം</td></tr>
<tr><th colspan="2">3. വരുമാനം*</th></tr>
<tr><td>തൊഴിൽ ശേഷി ഉള്ളവർ ഇല്ലാത്തതും, ആസ്തി കളിൽ നിന്നോ, നിക്ഷേപങ്ങളിൽ നിന്നോ വരുമാനമില്ലാത്തതുമായ കുടുംബം</td><td>മുഖ്യ വരുമാന ദായക/ൻ മരിച്ചുപോയ അല്ലെങ്കിൽ ഉപേക്ഷിച്ച് പോയ കുടുംബം</td></tr>
<tr><td>ശാരീരിക അവശതകൾ ഉണ്ടായിട്ടും, 60 വയസ്സിന് മുകളിലുള്ളവർ മാത്രം തൊഴിൽ എടുക്കുന്ന, മറ്റ് വരുമാനദായക അംഗങ്ങളും മാർഗ്ഗങ്ങളും ഇല്ലാത്ത ദരിദ്ര കുടുംബം</td><td rowspan="2">വിവിധ ദുരന്തങ്ങളിൽ തൊഴിൽ ഉപകരണങ്ങളോ ജീവനോപാധികളോ പൂർണമായി നഷ്ടപ്പെട്ട, മറ്റ് വരുമാന സാധ്യതകൾ ഇല്ലാത്ത കുടുംബം</td></tr>
<tr><td>70 വയസ്സിന് മുകളിൽ പ്രായമുള്ളവർ മാത്രമുള്ള, വരുമാനം ഇല്ലാത്ത ദരിദ്ര കുടുംബം</td></tr>
<tr><th colspan="2">4. വാസസ്ഥലം</th></tr>
<tr><td rowspan="2">വാസസ്ഥലം ഇല്ലാതെ അലയുന്നവർ (തദ്ദേശ സ്ഥാപന പ്രദേശത്ത് കഴിഞ്ഞ ഒരു വർഷമായി കാണുന്നവർ)</td><td>അപകടകരവും, ദുസ്സഹവുമായ സ്ഥലങ്ങളിൽ ദയനീയ സാഹചര്യത്തിൽ താമസിക്കുന്നവർ (റെയിൽവേ / റോഡ് / പുഴ പുറംമ്പോക്ക്, ചതുപ്പ്, വയൽവരമ്പ്, മാലിന്യ കൂമ്പാര പരിസരം, അഴുക്ക് ചാലുകളുടെ ഓരങ്ങൾ, ബസ്സ്റ്റാൻഡ്, മാർക്കറ്റ് എന്നിവിടങ്ങളിൽ കഴിയുന്നവർ. കടലാക്രമണം ഒഴികെയുള്ള സാഹചര്യങ്ങൾ)</td></tr>
<tr><td>കടബാധ്യതകൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവ മൂലം വാസസ്ഥലം നഷ്ടമായ ദരിദ്ര കുടുംബങ്ങൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവ മൂലം വാസസ്ഥലം നഷ്ടമായ ദരിദ്ര കുടുംബം</td></tr>
</table>

**_*സാമൂഹിക സുരക്ഷാ പെൻഷനുകൾ വരുമാനമായി പരിഗണിക്കേണ്ടതില്ല._**

**പട്ടിക ഒന്നിലെ ഘടകങ്ങളെ ഓരോന്നിനേയും ഉപഘടകങ്ങൾ ആയി തിരിച്ചിരിക്കുന്നു. ഈ ഉപഘടകങ്ങളെ അതിതീവ്ര ക്ലേശ ഘടകങ്ങൾ എന്നും, തീവ്ര ക്ലേശ ഘടകങ്ങൾ എന്നും രണ്ടായി തിരിച്ചിരിക്കുന്നു. അതിതീവ്ര ക്ലേശ ഘടകങ്ങൾ ആണ് അതി ദാരിദ്ര്യത്തെ തിരിച്ചറിയുന്നതിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ഘടകങ്ങൾ. അതിതീവ്ര ക്ലേശ ഘടകങ്ങൾക്ക് അരികിലായി തീവ്ര ക്ലേശ ഘടകങ്ങൾ പട്ടിക 1ൽ നൽകിയിരിക്കുന്നു. ഇവയ്ക്ക് അതിതീവ്ര ക്ലേശ ഘടകത്തിന് തൊട്ടുതാഴെയുള്ള പരിഗണന നൽകാം.**

**ഒരു അതിതീവ്ര ക്ലേശ ഘടകമോ, രണ്ട് തീവ്ര ക്ലേശ ഘടകമോ ബാധകമാകുന്ന ഒരു കുടുംബം അതിദരിദ്രരായി കണക്കാക്കപ്പെടുന്ന തരത്തിൽ ആണ് സൂചകങ്ങൾക്ക് മുൻഗണനകൾ നിശ്ചയിച്ചിട്ടുള്ളത്. വികസന പിന്നാക്കാവസ്ഥയിൽ നിൽക്കുന്ന സാമൂഹിക വിഭാഗങ്ങളുടെയും അതീവ ദുർബലത അനുഭവിക്കുന്ന പ്രത്യേക വിഭാഗങ്ങളുടെയും സൂചകങ്ങൾ തീവ്ര ക്ലേശ ഘടകങ്ങളായി പരിഗണിക്കും. ഇവയിൽ രണ്ടു സൂചകങ്ങളെങ്കിലും ബാധകമാകുന്ന കുടുംബങ്ങൾ സ്വാഭാവികമായും അതിദരിദ്ര പട്ടികയിൽ ഉൾപെടും. ഇതു മൂലം വികസന പിന്നാക്കാവസ്ഥയോ സാമൂഹിക ദുർബ്ബലതയോ ഉള്ള വിഭാഗങ്ങളിലെ അതിദരിദ്ര കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന ഉറപ്പാക്കപ്പെടുന്നു.**

## 2.3. വികസന പിന്നാക്കാവസ്ഥയിൽ നിൽക്കുന്ന സാമൂഹിക വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന

കേരളം മാനവിക വികസന സൂചികകളിൽ ഏറെ മുന്നോട്ടു പോയ സമൂഹമാണ്. എന്നാൽ അതിനിടയിലും ചരിത്രപരമായ കാരണങ്ങളാൽ വികസനത്തിന്റെ നേട്ടം വേണ്ടത്ര ലഭിക്കാതെ പോയ സാമൂഹിക വിഭാഗങ്ങൾ ഉണ്ട്. പട്ടിക വർഗ്ഗക്കാർ, പട്ടിക ജാതിക്കാർ, തീരദേശ വാസികൾ എന്നിവർ ഇതിൽ ഉൾപ്പെടുന്നു. ഇവരുടെ ഇടയിൽ ദാരിദ്ര്യത്തിന്റെ തോത് മറ്റു വിഭാഗങ്ങളേക്കാൾ ഉയർന്നതാണ്. ഇവരുടെ അടിസ്ഥാന ജീവിത സാഹചര്യങ്ങളും മറ്റുള്ളവരെ അപേക്ഷിച്ച് പുറകിലാണ്. അതിനാൽ തന്നെ അതി ദാരിദ്ര്യം നേരിടുന്നതിനുള്ള ഈ പദ്ധതിയിൽ സാമൂഹ്യ വിഭാഗങ്ങൾക്ക് ഒരു പ്രത്യേക പരിഗണന നൽകിയിരിക്കുന്നു. ഇവരുടെ ജീവിത സാഹചര്യങ്ങളാൽ അതി ദാരിദ്ര്യത്തിന് കാരണമായേക്കാവുന്ന ഘടകങ്ങളെയാണ് പ്രത്യേക സൂചകങ്ങൾ ആയി പരിഗണിച്ചിട്ടുള്ളത്.

**വികസനത്തിൽ പിന്നാക്കം നിൽക്കുന്ന പ്രത്യേക സാമൂഹിക വിഭാഗങ്ങൾക്കായി ഉൾപ്പെടുത്തിയിട്ടുള്ള ഓരോ സൂചകവും തീവ്ര ക്ലേശ ഘടകം ആയാണ് പരിഗണിക്കുക. ഇതോടൊപ്പം നാല് പൊതു സൂചകങ്ങളും, അവയുടെ ഉപഘടകങ്ങളും ഇവർക്കും ബാധകമാകും. ചുരുക്കത്തിൽ പൊതുവായ അതിതീവ്ര ക്ലേശ ഘടകങ്ങളുടേയും, തീവ്ര ക്ലേശ ഘടകങ്ങളുടേയും പരിഗണനയും, പ്രത്യേക വിഭാഗങ്ങൾക്കായുള്ള തീവ്ര ക്ലേശ ഘടകങ്ങളുടെ (പട്ടിക 2) പരിഗണനയും ഇവർക്ക് ലഭിക്കും.**

പ്രത്യേക സാമൂഹിക വിഭാഗങ്ങൾക്കായുള്ള തീവ്ര ക്ലേശ ഘടകങ്ങൾ പട്ടിക 2ൽ നൽകിയിരിക്കുന്നു.

## പട്ടിക 2 : പ്രത്യേക സാമൂഹിക വിഭാഗങ്ങൾക്കായുള്ള തീവ്ര ക്ലേശ ഘടകങ്ങൾ

### പട്ടിക വർഗ്ഗ കുടുംബങ്ങൾ

- പൊതു ഗതാഗത സൗകര്യം/പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ/ സ്കൂളുകൾ, റേഷൻ കട തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളിൽ നിന്ന് 3 കിലോ മീറ്റർ എങ്കിലും അകലെ വനത്തിനുള്ളിൽ താമസിക്കുന്നവരും 25 സെന്റിൽ താഴെ ഭൂമി കൈവശമുള്ളവരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾ
- അതീവ ദുർബല പട്ടിക വർഗ്ഗ വിഭാഗങ്ങൾ (PVTG- കാടർ, ചോലനായ്ക്കൻ, കാട്ടുനായ്ക്കൻ, കൊറഗ, കുറുമ്പ)
- മറ്റു വരുമാന സാധ്യതകളില്ലാത്തതും വനവിഭവശേഖരത്തെ മാത്രം ആശ്രയിച്ച് കഴിയുന്നതുമായ കുടുംബങ്ങൾ
- പ്രാഥമിക വിദ്യാഭ്യാസത്തിന് (ഏഴാം ക്ലാസ്സ്) മുകളിൽ വിദ്യാഭ്യാസം നേടിയ ആരും തന്നെ ഇല്ലാത്ത കുടുംബങ്ങൾ
- അവിദഗ്ധ കാർഷിക കൂലിപ്പണിക്കായി പുറംസംസ്ഥാനങ്ങളിൽ ജോലി തേടി പോകേണ്ടി വരുന്ന വ്യക്തിയുള്ളതും 25 സെന്റിൽ താഴെ കൃഷി ഭൂമിയുള്ളതും, തൊഴിൽ ശേഷി ഉള്ള മറ്റാരും ഇല്ലാത്തതുമായ കുടുംബം
- ഉയര തൂക്ക അനുപാതം (BMI) 16 ന താഴെയോ Chronic Energy Deficiency(CED) യോ ആയ വ്യക്തിയുള്ള കുടുംബം
- വസിക്കാൻ ഭൂമിയില്ലാത്ത അഥവാ, 150 ച. അടി വരെ ഉള്ള വാസസ്ഥലത്തിൽ എട്ടോ അതിൽ കൂടുതലോ അംഗങ്ങൾ താമസിക്കുന്ന കുടുംബം

### പട്ടിക ജാതി കുടുംബങ്ങൾ

- ദുരന്തങ്ങൾ മൂലം വാസസ്ഥലം നഷ്ടമായവർ
- 500 മീറ്ററിൽ ഗതാഗത സൗകര്യമില്ലാത്ത, കുടിവെള്ള സൗകര്യം 100 മീറ്ററിനുള്ളിൽ പ്രാപ്യമല്ലാത്ത, വൈദ്യുതീകരണം നടന്നിട്ടില്ലാത്ത പ്രദേശത്തു താമസിക്കുന്ന കുടുംബം
- പ്രാഥമിക വിദ്യാഭ്യാസത്തിന് (ഏഴാം ക്ലാസ്സ്) മുകളിൽ വിദ്യാഭ്യാസം നേടിയ ആരും തന്നെ ഇല്ലാത്ത കുടുംബങ്ങൾ

### തീരദേശ വാസികൾ

- കടലാക്രമണ ഭീഷണി സ്ഥിരമായി നേരിടുന്നവർ/ കടലാക്രമണം മൂലം ആവാസസ്ഥലം നഷ്ടപ്പെട്ടവർ
- പ്രാഥമിക വിദ്യാഭ്യാസത്തിന് (ഏഴാം ക്ലാസ്സ്) മുകളിൽ വിദ്യാഭ്യാസം നേടിയ ആരും തന്നെ ഇല്ലാത്ത കുടുംബങ്ങൾ

### നഗര ദരിദ്രർ

- മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ 150 ച. അടി വരെ ഉള്ള വീട്ടിൽ എട്ടോ അതിൽ കൂടുതലോ അംഗങ്ങൾ താമസിക്കുന്ന കുടുംബങ്ങൾ

## 2.4. സാമൂഹിക ദുർബലത അനുഭവിക്കുന്നവർക്കുള്ള പ്രത്യേക പരിഗണന

പൊതു സൂചകങ്ങൾ, പിന്നോക്കം നിൽക്കുന്ന സാമൂഹിക വിഭാഗങ്ങൾക്കുള്ള പ്രത്യേക സൂചകങ്ങൾ എന്നിവയ്ക്ക് പുറമെ വിവിധ കാരണങ്ങളാൽ സാമൂഹികമായി പ്രത്യേക ദുർബലത അനുഭവിക്കുന്നവർക്കായുള്ള ഒരു കൂട്ടം സൂചകങ്ങൾ കൂടി മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

എച്ച്.ഐ.വി. ബാധിതരുള്ള ദരിദ്ര കുടുംബങ്ങൾ, അനാഥരായ കുട്ടികളുള്ള ദരിദ്ര കുടുംബങ്ങൾ, LGBTQIA+ വിഭാഗത്തിൽപ്പെട്ട ആളുകൾ ഉള്ള ദരിദ്ര കുടുംബങ്ങൾ എന്നിവരെ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അനാഥത്വം മൂലം ഒറ്റപ്പെട്ട കുട്ടികളെ സംരക്ഷിക്കുന്ന ദരിദ്ര കുടുംബങ്ങൾക്ക് ഇതുമൂലം പ്രത്യേക പിന്തുണ ഉറപ്പാക്കപ്പെടുന്നു. (എച്ച്.ഐ.വി. ബാധമൂലവും, ലിംഗപരമായ പ്രത്യേകതകളാലും സമൂഹത്തിൽ നിന്ന് ഒറ്റപ്പെടൽ അനുഭവിക്കുന്ന ദരിദ്ര കുടുംബങ്ങൾക്കും ഇതുമൂലം പ്രത്യേക പരിഗണന ലഭിക്കുന്നു) (പട്ടിക 3).

### പട്ടിക 3 : സാമൂഹിക ദുർബലത അനുഭവിക്കുന്നവർക്കുള്ള പ്രത്യേക ഘടകങ്ങൾ

| |
|---|
| എച്ച്.ഐ.വി. ബാധിതർ ഉള്ള ദരിദ്ര കുടുംബങ്ങൾ (NPNS,NPS,NPI എന്നീ റേഷൻ കാർഡ് ഉള്ളവർ ഒഴികെ, റേഷൻ കാർഡ് ഇല്ലാത്തവരെ ദരിദ്ര കുടുംബമായി പരിഗണിക്കുക) |
| അനാഥരായ കുട്ടികൾ ഉള്ള ദരിദ്ര കുടുംബങ്ങൾ |
| LGBTQIA+ വിഭാഗത്തിൽപ്പെട്ട അംഗങ്ങൾ ഉള്ള ദരിദ്ര കുടുംബങ്ങൾ |

## 2.5. നഗരങ്ങൾക്ക് പ്രത്യേക സമീപനം

പട്ടിക രണ്ടിൽ നഗര ദാരിദ്ര്യത്തെ ഒരു പ്രത്യേക വിഭാഗം എന്ന നിലയിൽ കണക്കാക്കുന്നു. 150 ചതുരശ്ര അടിക്കു കീഴിലുള്ള വീട്ടിൽ എട്ടോ അതിലധികമോ ആളുകൾ ഒന്നിച്ച് താമസിക്കേണ്ടി വരുന്ന അവസ്ഥയെ അതിദാരിദ്ര്യത്തിന്റെ തീവ്ര രൂപമായി കരുതി പ്രത്യേക പരിഗണന നൽകുന്നു.

## 2.6. അതീവ ദുർബലർക്ക് മുൻഗണന

**പട്ടിക 2 ലേയും, 3 ലേയും ഘടകങ്ങളെ മുഴുവൻ തീവ്ര ക്ലേശ ഘടകങ്ങൾ ആയാണ് പരിഗണിക്കുന്നത്. അതായത്, പൊതു സൂചകങ്ങളും ഇവർക്ക് ബാധകമാകും. പൊതുവായ അതിതീവ്ര ക്ലേശ ഘടകങ്ങൾക്കും, തീവ്ര ക്ലേശ ഘടകങ്ങൾക്കും ഒപ്പം ഈ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന പ്രകാരം ഉള്ള തീവ്ര ക്ലേശ ഘടകങ്ങൾ ബാധകമാകുമ്പോൾ അതിന്റെ പരിഗണനകൾ കൂടി ലഭിക്കുന്നു.**

ഈ രീതിശാസ്ത്രം പിന്തുടരുന്നതിന്റെ ഭാഗമായി അതി ദാരിദ്ര്യത്തിന്റെ ഓരോ ഘടകവും അധികമായി ബാധകമാകുന്ന ഓരോ കുടുംബത്തിനും സൂചകങ്ങളുടെ കൂട്ടായ പരിഗണന ലഭിക്കുന്നു (Cumulative Advantage). അതി ദാരിദ്ര്യത്തിന്റെ തീവ്രതക്ക് അനുസരിച്ച് അവർക്ക് ലഭിക്കുന്ന പരിഗണനയുടെ സാദ്ധ്യതകളും വർദ്ധിക്കുന്നു. സമൂഹത്തിലെ ഏറ്റവും ദുർബലതയുള്ള അതിദരിദ്രർ ഈ രീതിശാസ്ത്രം മൂലം അതിദരിദ്ര പട്ടികയിൽ ഉൾപ്പെടും എന്ന് ഉറപ്പാക്കപ്പെടുന്നു.

## 2.7. അതിതീവ്ര ക്ലേശ ഘടകങ്ങൾക്ക് പ്രത്യേക പരിഗണന

കൂടുതൽ സങ്കീർണ്ണമായ കണക്കുകൂട്ടലുകൾ ഇല്ലാതെ തന്നെ അതിതീവ്ര ദാരിദ്ര്യത്തിന്റെ ഒരു സൂചകം ബാധകമാകുന്ന കുടുംബം അതിദരിദ്ര പട്ടികയിൽ ഉൾപ്പെടുന്നു. അതിദരിദ്രരിൽ ആരും പരിഗണിക്കപ്പെടാതെ പോകില്ല എന്ന് ഇത് മൂലം ഉറപ്പാക്കപ്പെടുന്നു. പ്രത്യേക വിഭാഗങ്ങൾക്ക് ആകട്ടെ (പട്ടിക 2, 3) അവർക്കുള്ള പ്രത്യേക പരിഗണനയും ലഭിക്കുന്നു.

അദ്ധ്യായം 3

# അതിദരിദ്രരെ കണ്ടെത്തുന്ന പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ



ഈ പദ്ധതിയുടെ നടത്തിപ്പിനായി വിപുലമായ മുന്നൊരുക്കങ്ങൾ ആവശ്യമുണ്ട്. സംസ്ഥാന തല മാസ്റ്റർ ട്രെയിനർ പരിശീലനവും, ജില്ലാ തല റിസോഴ്സ് പേഴ്സൺ പരിശീലനവും പ്രക്രിയയുടെ ആദ്യ ഘട്ടമാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന വിവിധ ഘട്ടങ്ങളിലായുള്ള ചർച്ചകകളിലൂടെയും, അന്വേഷണങ്ങളിലൂടെയും ആണ് ഈ പ്രക്രിയയുടെ രീതി ശാസ്ത്രവും, പ്രവർത്തന ഘട്ടങ്ങളും വികസിപ്പിച്ചത്. തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കില, കുടുംബശ്രീ എന്നിവയുടെ പങ്കാളിത്തം പ്രക്രിയയുടെ ആശയ രൂപീകരണ ഘട്ടത്തിൽ സജീവമായി ഉണ്ടായിരുന്നു. സാമ്പത്തിക വിദഗ്ദ്ധർ, സാമൂഹ്യശാസ്ത്ര ഗവേഷകർ, സാമൂഹിക ആരോഗ്യവിദഗ്ദ്ധർ തുടങ്ങിയവരുമായുള്ള വിവിധ തലങ്ങളിലുള്ള ചർച്ചകൾ നടക്കുകയുണ്ടായി. ചോദ്യാവലിയും, പ്രക്രിയയും വിവിധ പ്രദേശങ്ങളിൽ പൈലറ്റ് പഠനത്തിന് വിധേയമാക്കിയിട്ടുണ്ട്. തെരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകളിൽ ആണ് സൂചകങ്ങളുടെ സാധുതയും, പ്രക്രിയയുടെ സാധുതയും പരിശോധിച്ചത്. സംസ്ഥാനത്തെ രണ്ട് പഞ്ചായത്തുകളും (അഞ്ചുതെങ്ങ്, തിരുനെല്ലി) ഒരു മുനിസിപ്പാലിറ്റിയും (വടക്കാഞ്ചേരി) തെരഞ്ഞെടുത്ത് ഈ പദ്ധതിയുടെ പ്രക്രിയയും രീതി ശാസ്ത്രവും പൂർണ്ണ അർത്ഥത്തിൽ പ്രാരംഭ പഠനത്തിന് വിധേയമാക്കിയിട്ടുണ്ട്.


അതിദരിദ്രരെ കണ്ടെത്തി മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രക്രിയക്ക് താഴെ പറയുന്ന ഘട്ടങ്ങൾ ആണ് ഉള്ളത്.

## മുന്നൊരുക്കങ്ങളും പരിശീലനങ്ങളും

ഈ പദ്ധതിയുടെ നടത്തിപ്പിനായി വിപുലമായ മുന്നൊരുക്കങ്ങൾ ആവശ്യമുണ്ട്. സംസ്ഥാന തല മാസ്റ്റർ ട്രെയിനർ പരിശീലനവും, ജില്ലാ തല റിസോഴ്സ് പേഴ്സൺ പരിശീലനവും പ്രക്രിയയുടെ ആദ്യ ഘട്ടമാണ്.

## 3.1. പരിശീലന ശൃംഖലകൾ

ഈ പദ്ധതി താഴെതലത്തിൽ നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സൂപ്പർ ചെക്കിംഗ് ടീം, എന്യൂമറേഷൻ ടീം (ഉദ്യോഗസ്ഥ/ൻ, ഫെസിലിറ്റേറ്റർ/എന്യൂമറേറ്റർ) തദ്ദേശ സ്വയം




ഭരണ സ്ഥാപനതല ജനകീയ സമിതി അംഗങ്ങൾ, വാർഡ് തല സമിതി അംഗങ്ങൾ എന്നിവർക്ക് പരിശീലനം നൽകും.

**വിവിധ തലങ്ങളിലായി 473,000 ആളുകൾക്ക് പരിശീലനം നൽകുന്ന വിപുലമായ ഒരു പരിശീലന പ്രക്രിയയാണ് പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്നത്.**

## 3.2. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും, വാർഡ് തലത്തിലും ഉള്ള ജനകീയ സമിതികളുടെ രൂപീകരണം

പങ്കാളിത്ത പ്രക്രിയയാണ് അതിദരിദ്രരെ കണ്ടെത്തുന്നതിന് അവലംബിക്കേണ്ടത് എന്നതിനാൽ തദ്ദേശസ്വയം ഭരണ സ്ഥാപന ഭരണ സമിതികളെ ഈ പ്രക്രിയയിൽ സഹായിക്കാൻ വിപുലമായി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും, വാർഡ്/ഡിവിഷൻ തലത്തിലും ജനകീയ സമിതികൾ രൂപീകരിക്കുക എന്നത് ഈ പ്രക്രിയയുടെ നിർവ്വഹണത്തിൽ നിർണ്ണായകമാണ്. അതിദരിദ്രരെ കണ്ടെത്തുന്നത് മുതൽ, മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നത് വരെയുള്ള പ്രക്രിയക്ക് ഈ സമിതികൾ ആണ് നേതൃത്വം നൽകുക. (വിശദാംശങ്ങൾക്ക് അദ്ധ്യായം 4 കാണുക)

അന്ത്യോദയ അന്നയോജന/ഭിന്നശേഷിക്കാർ/ പാലിയേറ്റീവ് കെയർ എന്നീ പട്ടികകൾ വാർഡ്/ ഡിവിഷൻ തലത്തിൽ ഏകോപിപ്പിച്ച് വാർഡ്/ഡിവിഷൻ തല സമിതികൾക്ക് കൈമാറേണ്ടതാണ്. വാർഡ്/ഡിവിഷൻ തലത്തിൽ തയ്യാറാക്കുന്ന അതിദരിദ്രരുടെ പട്ടികയിൽ മേൽപട്ടികയിൽ വന്നിട്ടുള്ള അതിദരിദ്രരുടെ മാനദണ്ഡങ്ങൾ ബാധകമാകുന്ന ആരെങ്കിലും ഉൾപ്പെടാതെ പോയിട്ടുണ്ടോ എന്ന് പരിശോധിക്കണം.

## 3.3. അതിദരിദ്രരുടെ പ്രാഥമിക പട്ടിക തയ്യാറാക്കൽ

വിവിധ ഘട്ടങ്ങൾ ആയി നടക്കേണ്ട പ്രവർത്തനം ആണിത്. ഓരോ വാർഡിലും ഒരു ഉദ്യോഗസ്ഥ/ൻ രണ്ട് സന്നദ്ധ പ്രവർത്തകരും അടങ്ങിയ സംഘത്തെ (എന്യൂമറേഷൻ ടീം), തദ്ദേശ സ്വയം ഭരണ സ്ഥാപന തല സമിതി കണ്ടെത്തണം. ഇവർക്ക് വിപുലമായ പരിശീലനം നൽകും. ഇവരുടെ നേതൃത്വത്തിൽ ആയിരിക്കണം താഴെ പറയുന്ന ചർച്ചകൾ നടക്കേണ്ടത്.

## 3.4. വാർഡ്/ഡിവിഷൻ തല സമിതിയിൽ പ്രാഥമിക പട്ടിക രൂപപ്പെടുത്തൽ

വാർഡ്/ഡിവിഷൻ തല സമിതികൾ ചേർന്ന് നിശ്ചിത മാനദണ്ഡങ്ങൾ ഓരോന്നും പരിശോധിച്ച് അതിദരിദ്രരുടെ പ്രാഥമിക സാദ്ധ്യതാ പട്ടിക പങ്കാളിത്ത പൂർണ്ണമായ ചർച്ചയിലൂടെ തയ്യാറാക്കണം.

## 3.5. സാമൂഹിക സംഘടനാ പ്രവർത്തകരുടെ ഫോക്കസ് ഗ്രൂപ്പ് ചർച്ച

വാർഡ്/ഡിവിഷൻ തലത്തിൽ സാമൂഹിക സംഘടനാ പ്രവർത്തകരുടെ ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ നടത്തി അവരുടെ നിർദ്ദേശ പ്രകാരം ഉള്ള പട്ടിക വാർഡ് തലത്തിൽ തയ്യാറാക്കണം.

## 3.6. കുടുംബശ്രീ/ അയൽക്കൂട്ടം പ്രവർത്തകരുടെ ഫോക്കസ് ഗ്രൂപ്പ് ചർച്ച

ഓരോ വാർഡിലേയും എല്ലാ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലേയും സജീവരായ രണ്ട് അംഗങ്ങളെ വാർഡ് തലത്തിൽ വിളിച്ച് ചേർത്ത് ഒരു പങ്കാളിത്ത ഫോക്കസ് ഗ്രൂപ്പ് ചർച്ചയിലൂടെ അതിദരിദ്രരുടെ പട്ടിക വാർഡ് തലത്തിൽ തയ്യാറാക്കണം.

## 3.7. ക്ലസ്റ്റർ തല ചർച്ചകൾ

ജനസംഖ്യ കൂടുതൽ ഉള്ള വാർഡ് ആണെങ്കിൽ വാർഡിനെ 250-300 വീടുകൾക്ക് ഒരു ക്ലസ്റ്റർ എന്ന നിലയിൽ തിരിച്ച് സാമൂഹിക സംഘടനാ പ്രവർത്തകരുടെ ഫോക്കസ് ഗ്രൂപ്പ് ചർച്ചയും, കുടുംബശ്രീ പ്രവർത്തകരുടെ ഫോക്കസ് ഗ്രൂപ്പ് ചർച്ചയും ഓരോ ക്ലസ്റ്ററുകളിലും നടത്തണം.

**കോർപറേഷനുകളിലും മുനിസിപ്പാലിറ്റികളിലും വാർഡുകളിൽ/ഡിവിഷനുകളിൽ കുടുംബങ്ങളുടെ എണ്ണം വലുതാകും എന്നതിനാൽ 3-4 ക്ലസ്റ്റർ തല ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കണം. നഗരങ്ങളിലെ വാർഡ്തല ചർച്ചകളിൽ റസിഡന്റ്സ് അസോസിയേഷൻ, ഹൗസിംഗ് കോളനി പ്രതിനിധികൾ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി മേറ്റ്, നഗര ആരോഗ്യ കേന്ദ്രങ്ങളിലെ പ്രവർത്തകർ, സീനിയർ സിറ്റിസെൻ ഫോറം പ്രവർത്തകർ, വ്യാപാരി വ്യവസായി സംഘടന പ്രതിനിധികൾ, കോളനികൾ ചേരികൾ എന്നിവയുടെ പ്രതിനിധികൾ, ഗാർഹിക തൊഴിലാളികൾ, മത സ്ഥാപന പ്രതിനിധികൾ, സന്നദ്ധസംഘടന പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവരുടെ കൂടി പങ്കാളിത്തം ഉണ്ടാകണം.**

## 3.8.അന്തിമ പട്ടിക തയ്യാറാക്കുന്നതിനുള്ള വാർഡ് തല യോഗം

വാർഡിലെ/ഡിവിഷനിലെ പ്രാഥമിക യോഗത്തിൽ തയ്യാറാക്കിയ പട്ടിക, സാമൂഹിക സംഘടന പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ/ക്ലസ്റ്റർ തല ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ എന്നിവയിൽ തയ്യാറാക്കിയ പട്ടികകൾ എന്നിവ ഏകോപിപ്പിച്ച്, വിവരശേഖരണം നടത്തുന്നതിനുള്ള അന്തിമ പട്ടിക വാർഡ്/ഡിവിഷൻ തലത്തിൽ തയ്യാറാക്കണം.

## 3.9. വാർഡ് തല പട്ടികകൾ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിൽ (MIS) അപ് ലോഡ് ചെയ്യൽ

വാർഡ് തലത്തിലുള്ള കുടുംബങ്ങളുടെ പട്ടിക എം.ഐ.എസിൽ അപ് ലോഡ് ചെയ്യുന്നതിനു മുൻപ്, തദ്ദേശ സ്വയം ഭരണ സ്ഥാപനതല നോഡൽ ഓഫീസർ സ്ഥിരീകരിക്കേണ്ടതുണ്ട്. ഇതിനായി നോഡൽ ഓഫീസർ ഈ പട്ടികകൾ പരിശോധിക്കണം. വാർഡ്/ഡിവിഷൻ തലത്തിൽ ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലൂടെ തയ്യാറാക്കി നോഡൽ ഓഫീസർ സ്ഥിരീകരിച്ച പട്ടിക എം. ഐ. എസ് പോർട്ടലിൽ എന്യൂമറേഷൻ ടീം അപ് ലോഡ് ചെയ്യണം.

### 3.9.1 വാർഡ് തലത്തിലുള്ള പട്ടികകളിൽ കുടുംബങ്ങളുടെ എണ്ണം ക്രമാതീതമായി ഉയർന്നാൽ ?

പൊതുവിൽ ഉള്ളതിൽ നിന്ന് വ്യത്യസ്ഥമായി തദ്ദേശ സ്ഥാപനത്തിലെ അതിദരിദ്ര കുടുംബങ്ങളുടെ എണ്ണം ഏതെങ്കിലും വാർഡുകളിൽ ഉയർന്ന പ്രവണത നോഡൽ ഓഫീസറുടെ പരിശോധനയിൽ

കാണുകയാണെങ്കിൽ (കേരളത്തിലെ ഔദ്യോഗിക കണക്കുകൾ പ്രകാരം രണ്ട് ശതമാനത്തിൽ താഴെ കുടുംബങ്ങൾ മാത്രമാണ് അതിദരിദ്ര്യ പട്ടികയിൽ വരാൻ സാധ്യത ഉള്ളത്) ആ പട്ടികകൾ നോഡൽ ഓഫീസർ തദ്ദേശ സ്ഥാപനതല ജനകീയ സമിതിയുടെ ഒരു ഉപസമിതി രൂപീകരിച്ച് അവരുടെ പരിഗണനയ്ക്ക് വിടേണ്ടതാണ്. ഈ ഉപസമിതിയുടെ ഘടന താഴെ പറയുന്നു.

| | | |
|---|---|---|
| ചെയർപേഴ്സൺ | : | തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷ/ൻ |
| കൺവീനർ | : | നോഡൽ ഓഫീസർ |
| അംഗങ്ങൾ | : | എല്ലാ സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങളും |
| | | ആസൂത്രണ സമിതി ഉപാദ്ധ്യക്ഷ/ൻ |
| | | അസിസ്റ്റന്റ് നോഡൽ ഓഫീസർ |

ഉപസമിതി യോഗത്തിൽ നിർദ്ദിഷ്ട വാർഡിലെ ജനപ്രതിനിധി, വാർഡ് ഓഫീസർ, ചർച്ചാ ഫെസിലിറ്റേറ്റർ എന്നിവരെ ക്ഷണിതാക്കളായി പങ്കെടുപ്പിച്ച് വിശദാംശങ്ങൾ ചർച്ച ചെയ്ത് തീരുമാനത്തിൽ എത്തേണ്ടതാണ്.

## 3.10. പ്രാഥമികമായി പട്ടികപ്പെടുത്തിയ കുടുംബങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി വിവരശേഖരണം നടത്തുക

ഓരോ വാർഡിലും വിവരശേഖരണം നടത്തുന്നത് രണ്ട് സന്നദ്ധ പ്രവർത്തകർ ഒരു ഉദ്യോഗസ്ഥ/ൻ എന്നിവരുടെ എന്യൂമറേഷൻ ടീം ആണ്. ഇവർക്ക് വിപുലമായ പരിശീലനം നൽകും. എന്യൂമ റേഷൻ ടീം മൊബൈൽ ആപ്പ് ഉപയോഗിച്ചുള്ള വിവരശേഖരണം അന്തിമ പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങളിൽ നടത്തണം. വിവരശേഖരണത്തിന് ഒപ്പം ഓരോ വീടിന്റേയും ലൊക്കേഷൻ കൂടി തുടർ ഇടപെടലുകൾക്ക് സഹായകമാകുന്ന രീതിയിൽ രേഖപെടുത്തണം.

## 3.11. വിവരശേഖരണത്തിന്റെ സൂപ്പർ ചെക്കിംഗ്

വാർഡ് തല വിവരശേഖരണം പൂർത്തിയാക്കുമ്പോൾ അതിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി വാർഡിലെ വിവരശേഖരണം നടത്തിയ വീടുകളുടെ 20 ശതമാനം വീടുകളിൽ Random ആയി സൂപ്പർ ചെക്കിംഗ് നടത്തേണ്ടതാണ്. ഇതിനായി ബ്ലോക്ക് തലത്തിലും നഗരസഭ/കേർപ്പറേഷൻ തലത്തിലും ടീമുകളെ രൂപീകരിക്കണം.

## 3.12. വാർഡ് തല അതിദരിദ്രരുടെ പട്ടിക തയ്യാറാക്കൽ

വിവരശേഖരണത്തിലൂടെ ലഭ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് ഒരോ കുടുംബത്തിനും ലഭിച്ച ബാധകമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ എം.ഐ.എസിൽ നിന്ന് വാർഡ്തല കരട് പട്ടിക ലഭ്യമാകും. ഈ പട്ടിക വാർഡ് സമിതിയിൽ അവതരിപ്പിക്കുകയും, നിർദേശങ്ങളോ നിരീക്ഷണങ്ങളോ ഉണ്ടെങ്കിൽ അവ കൂടി ഉൾപെടുത്തി തദേശസ്ഥാപന തല സമിതിക്ക് കൈമാറേണ്ടതുമാണ്.

## 3.13. തദ്ദേശ സ്ഥാപന തല അതിദരിദ്രരുടെ പട്ടിക തയ്യാറാക്കലും അംഗീകാരം നേടലും

വാർഡ്തല സമിതികൾ തയ്യാറാക്കിയ പട്ടികകൾ തദ്ദേശസ്ഥാപന ഭരണസമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും. ഔദ്യോഗിക അംഗീകാരം നൽകുകയും വേണം.

## 3.14. വാർഡ് സഭകൾ/ ഗ്രാമസഭകളിൽ അംഗീകാരം

വാർഡ്/ഡിവിഷൻ തല ഗ്രാമസഭകളിൽ അതത് വാർഡ് തല പട്ടിക അവതരിപ്പിച്ച് അംഗീകാരം നേടണം.

## മുന്നൊരുക്കങ്ങളും പരിശീലനങ്ങളും

ജനകീയ സമിതികളുടെ രൂപീകരണം

അതി ദരിദ്രർക്കായുള്ള വിവിധ പദ്ധതികളുടെ പട്ടികകൾ ഏകോപിപ്പിക്കുക

അതി ദരിദ്രരുടെ പ്രാഥമിക പട്ടിക തയ്യാറാക്കൽ

വാർഡ് തല സമിതിയിൽ പ്രാഥമിക പട്ടിക രൂപപ്പെടുത്തൽ

സാമൂഹിക സംഘടനാ പ്രവർത്തകരുടെ ഫോക്കസ് ഗ്രൂപ്പ് ചർച്ച

കുടുംബശ്രീ പ്രവർത്തകരുടെ ഫോക്കസ് ഗ്രൂപ്പ് ചർച്ച

ക്ലസ്റ്റർ തല ചർച്ചകൾ

വാർഡ് തല പട്ടിക തയ്യാറാക്കുന്നതിനുള്ള യോഗം

മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിൽ അപ് ലോഡ് ചെയ്യൽ

വിവരശേഖരണം

സൂപ്പർ ചെക്ക്

വാർഡ് തല പട്ടിക തയ്യാറാക്കൽ

തദ്ദേശസ്ഥാപന തല പട്ടിക തയ്യാറാക്കലും അംഗീകാരം നേടലും

വാർഡ് സഭകൾ/ ഗ്രാമസഭകളിൽ അംഗീകാരം

മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിന് വിപുലമായ പരിശീലനം

മൈക്രോ പ്ലാനുകൾ തയ്യാറാക്കൽ

**മൈക്രോ പ്ലാനുകളുടെ നടത്തിപ്പ്**

## 3.15. മൈക്രോപ്ലാൻ തയ്യാറാക്കുന്നതിന് വിപുലമായ പരിശീലനങ്ങൾ

തദ്ദേശ സ്ഥാപനതല സമിതി അംഗങ്ങൾ, ആസൂത്രണ സമിതി അംഗങ്ങൾ, വിദഗ്ധ സ്ഥാപന പ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിന് വിപുലമായ പരിശീലനങ്ങൾ നൽകണം.

## 3.16. മൈക്രോ പ്ലാനുകൾ തയ്യാറാക്കൽ

വിദഗ്ധ സ്ഥാപനങ്ങൾ, സന്നദ്ധ പ്രവർത്തകർ, ദാരിദ്ര്യ നിർമ്മാർജ്ജന ഉപസമിതി അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ തദ്ദേശസ്ഥാപനതല സമിതികളുടെ പങ്കാളിത്തത്തോടെ ഓരോ കുടുംബത്തിനും സൂക്ഷ്മതല അതിജീവന പദ്ധതിയും (micro plan), തദ്ദേശ സ്ഥാപന തല പദ്ധതിയും രൂപീകരിക്കണം.

## 3.17. മൈക്രോ പ്ലാനുകളുടെ നടത്തിപ്പ്

ജന പങ്കാളിത്തത്തോടെ വിവിധ തരം സംവിധാനങ്ങളെ ഏകോപിപ്പിച്ച് മൈക്രോപ്ലാനുകൾ നിർവ്വഹണം നടത്താൻ കഴിയണം. തദ്ദേശസ്ഥാപന ഭരണ സമിതി, ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, തദ്ദേശ സ്ഥാപന തല ജനകീയ സമിതി എന്നിവ മൈക്രോ പ്ലാനുകളുടെ നടത്തിപ്പിന് നേതൃത്വം നൽകണം.

അദ്ധ്യായം 4

# ജനകീയ സമിതികളുടെ രൂപീകരണവും ചുമതലകളും



**ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും അതി ദരിദ്രരെ കണ്ടെത്തുന്നതിനും മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.**

തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ അതിദരിദ്രരെ ജനകീയ പങ്കാളിത്തത്തോടെ കണ്ടെത്തുന്നതിനുള്ള ജനകീയ സമിതികൾ രൂപീകരിക്കേണ്ടതുണ്ട്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും (പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) വാർഡ് ഡിവിഷൻ തലങ്ങളിലും നടത്തേണ്ട പ്രവർത്തനങ്ങളാണ് ഈ അദ്ധ്യായത്തിൽ സൂചിപ്പിക്കുന്നത്.

## 4.1. പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും അതിദരിദ്രരെ കണ്ടെത്തുന്നതിനും മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. ഈ പ്രവർത്തനങ്ങളെ സഹായിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ രൂപീകരിക്കുന്ന ജനകീയ സമിതികളുടെ ചെയർപേഴ്സൺ അതതു തദ്ദേശ സ്വയംഭരണ സ്ഥാപനതല അദ്ധ്യക്ഷയും/നും, വൈസ് ചെയർപേഴ്സൺ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണും ആയിരിക്കും.

ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ നോഡൽ ഓഫീസർമാരായി അതാതു സെക്രട്ടറിമാരും അസിസ്റ്റന്റ് നോഡൽ ഓഫീസറായി പഞ്ചായത്ത് തലത്തിൽ വി.ഇ.ഓയും മുനിസിപ്പാലിറ്റിയിൽ ഹെൽത്ത് ഇൻസ്പെക്ടർ/സൂപ്രണ്ട് കോർപറേഷനിൽ ഡെപ്യൂട്ടി സെക്രട്ടറിയും ചുമതലയേൽക്കുക.

ഈ പദ്ധതിയുടെ നടത്തിപ്പിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികളുടെ ചുമതലകൾ താഴെ നൽകുന്നു.

1. അതിദരിദ്രരെ കണ്ടെത്താനുള്ള പ്രവർത്തനത്തിനുള്ള അന്തരീക്ഷം ഒരുക്കുക
2. തദ്ദേശ സ്ഥാപന തല ജനകീയ സമിതിയും വാർഡ് തല ജനകീയ സമിതിയും രൂപീകരിക്കുക
3. അന്ത്യോദയ അന്നയോജന, ഭിന്നശേഷി, പാലിയേറ്റീവ് കെയർ ലിസ്റ്റ് തദ്ദേശ സ്വയംഭരണ സ്ഥാപന / വാർഡ് തല സമിതികൾക്ക് കൈമാറുക.
4. വാർഡ് തലത്തിൽ രണ്ട് സന്നദ്ധ പ്രവർത്തകരെ എന്യൂമ

റേറ്റർമാരായി കണ്ടെത്തുക. അവർക്കു പരിശീലനം ലഭിച്ചു എന്ന് ഉറപ്പാക്കുക.

5. വാർഡ് തലത്തിൽ തെരഞ്ഞെടുക്കുന്ന രണ്ടു പേരിൽ ഒരാൾക്ക് ഫെസിലിറ്റേറ്ററുടെ ചുമതല നൽകുക. അവർക്കു പരിശീലനം ലഭിച്ചു എന്ന് ഉറപ്പു വരുത്തുക
6. ഓരോ വാർഡിലേക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ഉള്ള ഒരു ഉദ്യോഗസ്ഥയെ/നെ കൺവീനറായി എന്യൂമറേറ്റർ ടീമിന്റെ ചുമതല ഏൽപ്പിക്കുക
7. വാർഡ് തല സമിതികളിലും സന്നദ്ധ സംഘടനാ തലത്തിലും താഴെയും ഫലപ്രദമായ ചർച്ചയും അതിദരിദ്രരെ കണ്ടെത്തലും നടക്കുന്നുണ്ട് എന്ന് ഉറപ്പാക്കുക.
8. മാനദണ്ഡങ്ങൾ അച്ചടിച്ച് നൽകുക.
9. ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം വരുന്ന വാർഡ്തല ലിസ്റ്റുകൾ എം.ഐ.എസിൽ അപ്ലോഡ് ചെയ്തു എന്നുറപ്പാക്കുക.
10. പട്ടിക വർഗ്ഗ കുടുംബങ്ങളുടെ ഉയരവും തൂക്കവും പരിശോധിക്കുന്നതിനുള്ള ഉപകരണങ്ങൾ വാർഡ് തല എന്യൂമറേഷൻ ടീമിന് ലഭ്യമാക്കുക.
11. എന്യൂമറേഷൻ ടീമിന്റെ നേതൃത്വത്തിൽ സർവ്വേകൾ ഫലപ്രദമായി നടക്കുന്നു എന്ന് ഉറപ്പാക്കുക.
12. വിവരശേഖരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉൾപ്രദേശങ്ങളിൽ പോകേണ്ടിവരുമ്പോൾ എന്യൂമറേറ്റർമാർക്ക് യാത്ര ചെലവുകൾ നൽകുക/ ആവശ്യമായ സന്ദർഭങ്ങളിൽ യാത്ര സൗകര്യങ്ങൾ ഒരുക്കുക.
13. ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം വരുന്ന വാർഡ് തല ലിസ്റ്റുകളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന തല സമിതി ഉണ്ടാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപന തല ലിസ്റ്റിന് ഭരണസമിതി അംഗീകാരം നൽകുക.
14. വാർഡ് തല ലിസ്റ്റിന് ഗ്രാമ/വാർഡ് സഭ അംഗീകാരം നേടുക
15. തദ്ദേശ സ്വയംഭരണ സ്ഥാപന തല അതിദരിദ്രരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുക
16. തദ്ദേശ സ്വയംഭരണ സ്ഥാപനതല അതിദരിദ്രരുടെ ലിസ്റ്റ് എം.ഐ.എസിൽ അപ്ലോഡ് ചെയ്തു എന്നുറപ്പാക്കുക.
17. സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയക്രമം പാലിച്ച് ജനകീയ ക്യാമ്പയിനായി ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

## 4.2. തദ്ദേശ സ്വയംഭരണ സ്ഥാപന തല ജനകീയ സമിതി

അതിദരിദ്രരെ നിർണ്ണയിക്കൽ, മൈക്രോ പ്ലാൻ തയ്യാറാക്കൽ പ്രവർത്തനങ്ങൾ എന്നിവയിൽ നേതൃത്വം നൽകാൻ തദ്ദേശ സ്ഥാപന തലത്തിൽ ഒരു ജനകീയ സമിതി രൂപീകരിക്കേണ്ടതുണ്ട്.

### 4.2.1 ജനകീയ സമിതിയുടെ ഘടന

1. ചെയർപേഴ്സൺ - മേയർ / മുനിസിപ്പൽ ചെയർപേഴ്സൺ/ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
2. വൈസ് ചെയർപേഴ്സൺ - ചെയർപേഴ്സൺ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി
3. നോഡൽ ഓഫീസർ - സെക്രട്ടറി (കോർപ്പറേഷൻ /മുനിസിപ്പാലിറ്റി/ ഗ്രാമപഞ്ചായത്ത് )
4. അസിസ്റ്റന്റ് നോഡൽ ഓഫീസർ - ഡെപ്യൂട്ടി സെക്രട്ടറി (കോർപ്പറേഷൻ), വി.ഇ.ഓ. (പഞ്ചായത്ത്), ഹെൽത്ത് ഇൻസ്പെക്ടർ/സൂപ്രണ്ട് (മുനിസിപ്പാലിറ്റി)
5. ജില്ല, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ
6. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും അദ്ധ്യക്ഷർ
7. സി. ഡി. എസ് ചെയർപേഴ്സൺ/മാർ
8. വി.ഇ.ഒ. (ഒന്നിലധികം വി.ഇ.ഒ ഉള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നോഡൽ ഓഫീസർ അല്ലാത്ത വി.ഇ.ഒ യെയും സമിതി അംഗം ആക്കാവുന്നതാണ്.)

9. ആസൂത്രണ സമിതി ഉപാധ്യക്ഷ/ൻ
10. തദ്ദേശ സ്വയംഭരണ സ്ഥാപന സമിതിയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ
11. തദ്ദേശ സ്വയംഭരണ പരിധിയിൽ ദാരിദ്ര്യ നിർമ്മാർജ്ജന രംഗത്ത്/സാമൂഹ്യ ക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ - 3 പേർ
12. വ്യാപാരി വ്യവസായി സംഘടന പ്രതിനിധി – 2 പേർ
13. റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ - 2 പേർ
14. പാലിയേറ്റീവ് കെയർ പ്രവർത്തകർ - 2 പേർ
15. ഘടക സ്ഥാപനമേധാവികൾ / പ്രതിനിധികൾ
16. പ്രാഥമിക സഹകരണ ബാങ്കുകളുടെ അദ്ധ്യക്ഷർ
17. NULM പ്രോഗ്രാം മാനേജർ
18. SC/ST പ്രൊമോട്ടർമാർ
19. തദ്ദേശ സ്വയംഭരണ സ്ഥാപനതല ലൈബ്രറി നേതൃതല സമിതി കൺവീനർ
20. യൂത്ത് കോഡിനേറ്റർ (യുവജനക്ഷേമ ബോർഡ്)

### 4.2.2 ചുമതലകളും ഉത്തരവാദിത്വങ്ങളും

1. സമിതി രൂപീകരണം - തദ്ദേശസ്വയംഭരണ സ്ഥാപനതല ജനകീയ സമിതിയും വാർഡ് / ഡിവിഷൻ തല ജനകീയ സമിതികളും രൂപീകരിക്കുന്നതിന് ഭരണ സമിതി തീരുമാനമെടുത്ത് കൺവീനറെ (നോഡൽ ഓഫീസറെ) ചുമതലപ്പെടുത്തേണ്ടതാണ്. നോഡൽ ഓഫീസർ അതിന് അവശ്യമായ നടപടി ക്രമങ്ങൾ പുറത്തിറക്കണം. വാർഡ് / ഡിവിഷൻ തല സമിതികളുടെ കാര്യത്തിൽ ഓരോ വാർഡിനും ചുമതലയുള്ള ഉദ്യോഗസ്ഥരുടെ വിവരങ്ങളും നൽകേണ്ടതാണ്.
2. വാർഡ് തല സമിതികളെ സജീവമാക്കുക - ആവശ്യമായ സന്നദ്ധ പ്രവർത്തകരെ കണ്ടെത്തുക
3. മാനദണ്ഡങ്ങളുടെ പട്ടിക ജീവകാരുണ്യ പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ള വിവിധ സാമൂഹ്യ രാഷ്ട്രീയ സംഘടനകളുമായി പങ്കുവെയ്ക്കുക.
4. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലുള്ള ആശ്രയ, പാലിയേറ്റീവ് കെയർ, അന്ത്യോദയ, ഭിന്നശേഷിക്കാർ എന്നീ ലിസ്റ്റുകൾ വാർഡ്തലത്തിൽ തയ്യാറാക്കി വാർഡ് തല സമിതികൾക്ക് കൈമാറുക. (ആശ്രയ പട്ടികയിലുള്ളവരെ ഈ പട്ടികയിൽ പരിഗണിക്കേണ്ടതില്ല.)
5. സർക്കാർ മാനദണ്ഡങ്ങൾക്ക് പുറമെ അതിദരിദ്രരെ കണ്ടെത്തുന്നതിന് ആവശ്യമെങ്കിൽ അധിക മാനദണ്ഡങ്ങൾ തദ്ദേശ ഭരണ സമിതിയുടെ ശുപാർശയോടെ സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കുക
6. വാർഡ് തല സമിതികൾ ഫലപ്രദമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കുക. അതിദരിദ്രരെ കണ്ടെത്താനുള്ള പ്രവർത്തനം സമയ ബന്ധിതമായും പാളിച്ചകളില്ലാതെയും നടക്കുന്നു എന്ന് ഉറപ്പാക്കുക
7. വാർഡ് തല വിവരശേഖരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നു എന്ന് ഉറപ്പാക്കുക
8. തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡ് തല അതിദരിദ്രരുടെ ലിസ്റ്റ് ഗ്രാമ/വാർഡ് സഭകളിൽ ചർച്ച ചെയ്യുന്നതിനുള്ള മുന്നൊരുക്കങ്ങളും സഹായവും ചെയ്യുക
9. വിവിധ ഘട്ടങ്ങളിൽ എന്യൂമറേഷൻ ടീമിന്റെ യോഗം വിളിച്ച് ചേർത്ത് അവർക്ക് ആവശ്യമായ

മാർഗ്ഗനിർദേശങ്ങൾ നൽകുക

10. അതിദരിദ്രരുടെ തദ്ദേശ സ്വയംഭരണ സ്ഥാപന തല ലിസ്റ്റ് തയ്യാറാക്കി ഭരണ സമിതി അംഗീകാരത്തിന് സമർപ്പിക്കുക
11. പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ തദ്ദേശ ഭരണ സ്ഥാപനത്തിന് സമർപ്പിക്കുക

## 4.3. വാർഡ്/ ഡിവിഷൻ തല ജനകീയ സമിതികൾ

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വിവിധ പ്രദേശങ്ങളിൽ ഒരേ സമയത്തു തന്നെ മേൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതു കൊണ്ട് ഓരോ വാർഡിലും / ഡിവിഷനിലും ജനകീയ സമിതികൾ രൂപീകരിക്കേണ്ടതുണ്ട്. വാർഡ് തല ജനകീയ സമിതിയിൽ 20 പേരിൽ അധികരിക്കാൻ പാടില്ല.

### 4.3.1 വാർഡ്/ ഡിവിഷൻ ജനകീയ സമിതികളുടെ ഘടന

1. അദ്ധ്യക്ഷ/ൻ - വാർഡ് മെമ്പർ/ ഡിവിഷൻ കൗൺസിലർ
2. കൺവീനർ - വാർഡ് ഓഫീസർ (വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥ/ൻ)
3. ജോ. കൺവീനർ- അങ്കണവാടി വർക്കർ
4. ആശ പ്രവർത്തകർ
5. കുടുംബശ്രീ എ. ഡി. എസ് പ്രതിനിധി
6. എസ്. സി/ എസ് ടി പ്രമോട്ടർ
7. കോവിഡ് വാർഡ് തല സമിതി/ ആർ. ആർ ടി പ്രതിനിധികൾ
8. സന്നദ്ധ സംഘടന പ്രവർത്തകർ
9. പാലിയേറ്റീവ് കെയർ പ്രവർത്തന വാളണ്ടിയർ
10. ആശ്രയ/മറ്റു ജീവകാരുണ്യ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ സജീവമായിട്ടുള്ളവർ
11. റസിഡൻസ് അസോസിയേഷൻ പ്രതിനിധി
12. ബി.എൽ.ഒ
13. തൊഴിലുറപ്പ് മേറ്റ് പ്രതിനിധി
14. തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണ സമിതിയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ
15. ആരോഗ്യ ശുചിത്വ സമിതി കൺവീനർ

### 4.3.2 വാർഡ് / ഡിവിഷൻ തല സമിതിയുടെ ചുമതലകൾ

വാർഡ് തലത്തിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലും, പൊതുപ്രവർത്തന അനുഭവങ്ങളുടെ അടിസ്ഥാനത്തിലും അതിദരിദ്രരുടെ ലിസ്റ്റ് സർക്കാർ മാർഗ്ഗരേഖ പ്രകാരം തയ്യാറാക്കുക എന്നതാണ് ഈ സമിതിയുടെ പ്രധാന ചുമതല.

മറ്റ് ചുമതലകൾ ചുവടെ കൊടുക്കുന്നു.

1. വാർഡ് / ഡിവിഷൻ തലത്തിൽ മാനദണ്ഡങ്ങൾ പ്രകാരമുള്ള അതിദരിദ്രരുടെ പ്രാഥമിക പട്ടിക തയ്യാറാക്കുക
2. വാർഡ് തല അന്ത്യോദയ അന്നയോജന, ഭിന്നശേഷി/ പാലിയേറ്റീവ് കെയർ പട്ടികകൾ റഫറൻസ് ഡോക്യുമെന്റ് ആയി ഉപയോഗിക്കുക
3. വാർഡ് തലത്തിൽ ഗ്രൂപ്പ് ചർച്ചയും, സാമൂഹ്യ രാഷ്ട്രീയ സംഘടനകളുമായി/ കുടുംബശ്രീ പ്രവർത്തകരുമായി ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കുക
4. വാർഡ് തല ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ ഫലപ്രദമായി നടക്കുന്നു എന്ന് ഉറപ്പാക്കുക.

5. വലിയ വാർഡുകളിൽ ക്ലസ്റ്റർ രൂപീകരിച്ച് ചർച്ച നടത്താൻ വേണ്ട സഹായങ്ങൾ നൽകുക.
6. വാർഡ് തലത്തിലെ വിവിധ ചർച്ചകളിൽ നിന്ന് ഉയർന്നു വരുന്ന ലിസ്റ്റുകൾ ക്രോഡീകരിച്ച് കൊണ്ട് കരട് പട്ടിക പുതുക്കുക
7. വാർഡ് തല വിവരശേഖരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
8. സൂപ്പർ ചെക്കിംഗിന് വേണ്ട സൗകര്യങ്ങൾ ഒരുക്കുക.
9. വിവരശേഖരണത്തിന് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണ സമിതി അംഗീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപന തല ലിസ്റ്റ് ഗ്രാമ/വാർഡ് സഭകളിൽ ചർച്ച ചെയ്യുന്നതിനുള്ള മുന്നൊരുക്കങ്ങളും സഹായവും ചെയ്യുക
10. അതിദരിദ്രരുടെ പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

## 4.4. ജില്ലാ തല നിർവഹണ സമിതി

അതിദരിദ്രർക്കായുള്ള പദ്ധതി നടത്തിപ്പിന്റെ ഏകോപനത്തിനായി ഒരു ജില്ലാ തല സമിതി എല്ലാ ജില്ലകളിലും പ്രവർത്തിക്കണം.

1. ചെയർ പേഴ്സൺ - ഡി.പി.സി. ചെയർ പേഴ്സൺ
2. കൺവീനർ - ഡി.പി.സി. സെക്രട്ടറി
3. ജില്ലാ നോഡൽ ഓഫീസർ - പ്രൊജക്റ്റ് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം
4. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്
5. റീജിയണൽ ജോയിന്റ് ഡയറക്ടർ, അർബൻ അഫയേഴ്സ്
6. ജില്ലാ പ്ലാനിംഗ് ഓഫീസർ
7. ഡെപ്യൂട്ടി ഡയറക്ടർ, എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്
8. ജില്ലാ മിഷൻ കോഡിനേറ്റർ, കുടുംബശ്രീ
9. ജില്ലാ ഫെസിലിറ്റേറ്റർ, ജനകീയാസൂത്രണം
10. ജില്ലാ ടെക്നിക്കൽ ഓഫീസർ, ഐ കെ എം

### 4.4.1 സമിതിയുടെ ചുമതലകൾ

1. ജില്ലാ തലത്തിൽ പരിശീലനങ്ങളുടെ ഏകോപനം
2. തദ്ദേശ സ്വയംഭരണ സ്ഥാപന തല സമിതികളുടെ രൂപീകരണത്തിന്റെ ഏകോപനം
3. വിവരശേഖരണം, സൂപ്പർ ചെക്കിംഗ് പ്രവർത്തനങ്ങളുടെ ഏകോപനം
4. ജില്ലാ തലത്തിൽ എന്യൂമറേറ്റർമാരുടെ സംശയങ്ങൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അന്വേഷണങ്ങൾക്കും വ്യക്തത നൽകുക
5. അതിദരിദ്രർക്കായുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപന തല പ്രവർത്തനങ്ങൾ നിരന്തരമായി വിലയിരുത്തുക
6. ആവശ്യ ഘട്ടങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷരുടേയും ഉദ്യോഗസ്ഥരുടെയും യോഗങ്ങൾ വിളിച്ച് ചേർക്കുക
7. പദ്ധതിയുടെ എല്ലാ ഘട്ടങ്ങളും ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൃത്യമായി നടന്നു എന്ന് ഉറപ്പാക്കുക.

## 4.5. സംസ്ഥാന ജില്ലാതല എകോപനം

സംസ്ഥാന ജില്ലാ തല ഏകോപനത്തിനായി സംസ്ഥാന തലത്തിൽ വകുപ്പ് മേധാവികൾ ഉൾപ്പെട്ട ഒരു സമിതി ഉണ്ടാകും. അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള പ്രക്രിയയുടെ നോഡൽ ഓഫീസറായി

ഗ്രാമവികസന വകുപ്പ് അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണർ (ADDC) പ്രവർത്തിക്കും. പ്രക്രിയയുടെ നിർവഹണ നേതൃത്വത്തിന് നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ ഒരു സെൽ പ്രവർത്തിക്കും. IKM, IT mission, KILA, തദ്ദേശ സ്വയംഭരണ വകുപ്പ്, പഞ്ചായത്ത് ഡയറക്ടറേറ്റ്, നഗരകാര്യ ഡയറക്ടറേറ്റ്, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ പ്രതിനിധികൾ ഈ സമിതിയിൽ ഉണ്ടാകും.

## 4.6. സംസ്ഥാന തല നിർവഹണ സമിതി

1. സംസ്ഥാനതല നോഡൽ ഓഫീസർ & അഡിഷണൽ ഡവലപ്പ്മെന്റ് കമ്മിഷണർ
2. ഡയറക്ടർ ജനറൽ, കില
3. അഡിഷണൽ ഡയറക്ടർ, പഞ്ചായത്ത്
4. അഡിഷണൽ ഡയറക്ടർ (ജനറൽ) എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്
5. ജോയിന്റ് ഡയറക്ടർ, അർബൻ അഫയേഴ്സ്
6. ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് പ്ലാനിങ് ബോർഡ്
7. പ്രോഗ്രാം മാനേജർ, കുടുംബശ്രീ
8. കൺസൾട്ടന്റ്, ഹരിതകേരളം മിഷൻ
9. ടെക്നിക്കൽ ഡയറക്ടർ ഐ കെ എം
10. അസിസ്റ്റന്റ് പ്രൊഫസർ, പബ്ലിക് അഡ്മിനിസ്ട്രേഷൻ, കില
11. സീനിയർ അർബൻ ഫെലോ, കില
12. ഐ.ടി. മിഷൻ ടെക്നിക്കൽ എക്സ്പെർട്ട്


## 4.7. സംസ്ഥാന തല സമിതിയുടെ ചുമതലകൾ

വിവരശേഖരണ ഫോർമാറ്റ്, പരിശീലന കൈപുസ്തകം, മാനേജ്മന്റ് ഇൻഫർമേഷൻ സിസ്റ്റം എന്നിവ തയ്യാറാക്കുക

1. പരിശീലന മൊഡ്യൂളുകൾ തയ്യാറാക്കുകയും പരിശീലന പരിപാടികൾ ഏകോപിപ്പിക്കുകയും ചെയ്യുക.
2. ജില്ലാ തല സമിതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക
3. സർവ്വേ നടത്തിപ്പിനെ സഹായിക്കാൻ ആവശ്യമായ ഹെൽപ് ഡസ്ക് സംവിധാനവും ഡാഷ് ബോർഡുകളും ഒരുക്കുക
4. സൂപ്പർ ചെക്കിംഗിന് വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകുകയും ആവശ്യമായ തിരുത്തൽ നിർദേശങ്ങൾ നൽകുകയും ചെയ്യുക.
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വരുന്ന മാനദണ്ഡങ്ങളെ കുറിച്ചുള്ള നിർദ്ദേശങ്ങളിൽ തീരുമാനമെടുക്കുകയും പട്ടികകളെ സംബന്ധിച്ച പരാതികളിൽ ജില്ലാ സമിതിക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക
6. ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾക്ക് ആവശ്യമായ ചാർട്ടുകൾ, ഫോമുകൾ എന്നിവയുടെ മാതൃകകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എത്തിക്കുക.
7. ആവശ്യമായ ഘട്ടങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷരുടേയും ഉദ്യോഗസ്ഥരുടേയും യോഗങ്ങൾ വിളിച്ച് വിവരശേഖരണ നടപടികളുടെ അവലോകനം നടത്തുക.

അദ്ധ്യായം 5

# അർഹരായവരുടെ പ്രാഥമിക അതിദരിദ്ര പട്ടിക തയ്യാറാക്കുന്ന പ്രക്രിയ




പങ്കാളിത്തപരമായ ഒരു പ്രക്രിയയിലൂടെയാണ് പ്രാഥമിക അതിദരിദ്രരുടെ പട്ടിക തയ്യാറാക്കേണ്ടത്. വാർഡ് തലത്തിൽ ക്രമീകരിക്കുന്ന സമിതിക്ക് ആകണം ഇതിന്റെ ചുമതല.

മുൻ അദ്ധ്യായങ്ങളിൽ സൂചിപ്പിച്ചതുപോലെ പ്രത്യേകിച്ചും പങ്കാളിത്തപരമായ ഒരു പ്രക്രിയയിലൂടെയാണ് പ്രാഥമിക അതിദരിദ്രരുടെ പട്ടിക തയ്യാറാക്കേണ്ടത്. വാർഡ് തലത്തിൽ രൂപീകരിക്കുന്ന സമിതിക്ക് ആകണം ഇതിന്റെ ചുമതല. താഴെപ്പറയുന്ന ഘട്ടങ്ങളാണ് ഈ പ്രക്രിയക്കായി അവലംബിക്കേണ്ടത്.

## 5.1. പട്ടിക തയ്യാറാക്കുന്നതിനുള്ള പ്രക്രിയ

1. വാർഡ് തല സമിതി ചേർന്ന് ഗ്രൂപ്പ് ചർച്ചയിലൂടെ അതിദരിദ്രരുടെ പട്ടിക പ്രാഥമികമായി തയ്യാറാക്കൽ.
2. വാർഡിലെ വിവിധ സാമൂഹിക സംഘടനകളുമായുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ച നടത്തി പട്ടിക തയ്യാറാക്കൽ.
3. കുടുംബശ്രീ പ്രവർത്തകരുമായുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ച നടത്തി പട്ടിക തയ്യാറാക്കൽ.
4. വലിയ വാർഡുകൾ, നഗരസഭാ വാർഡുകൾ എന്നിവയെ ക്ലസ്റ്റർ ആക്കി തിരിച്ച് ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ.
5. മറ്റു പട്ടികകളുമായി ചേർത്തുള്ള പരിശോധന - വാർഡിലെ നിലവിലുള്ള അന്ത്യോദയ അന്നയോജന, ഭിന്നശേഷി, പാലിയേറ്റീവ് കെയർ ലിസ്റ്റുകൾ ശേഖരിച്ച് അവയിൽ അതിദരിദ്രരുടെ മാനദണ്ഡങ്ങൾ പ്രകാരം അർഹരായ കുടുംബങ്ങളെ മാത്രം ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലും വാർഡ് തല സമിതിയുടെ പട്ടികയിലും പരിഗണിക്കണം.

**ആശ്രയ പട്ടികയിൽ ഉൾപ്പെട്ടവരാരും ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലും വാർഡ് തല സമിതിയുടെ പട്ടികയിലും വരുന്നില്ല എന്ന് ഉറപ്പാക്കാൻ ആശ്രയ പട്ടിക പരിശോധിക്കണം.**

6. പ്രാഥമിക ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിൽ വന്ന പട്ടികകളുടെ ഏകോപനം.
7. വാർഡ്തല സമിതിയുടെ അന്തിമ പരിശോധനയും പട്ടിക തയ്യാറാക്കലും.

## 5.2. ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ എങ്ങനെ നടത്തണം

വാർഡ് തലത്തിൽ നടക്കുന്ന വാർഡ് സമിതിയുടെ ഗ്രൂപ്പ് ചർച്ച,

സാമൂഹ്യ സംഘടനകളുടെ ഫോക്കസ് ഗ്രൂപ്പ് ചർച്ച, കുടുംബശ്രീ പ്രവർത്തകരുടെ ഫോക്കസ് ഗ്രൂപ്പ് ചർച്ച, ക്ലസ്റ്റർ തല ചർച്ച എന്നിവയിൽ പൊതുവിൽ പാലിക്കേണ്ട നിബന്ധനകൾ താഴെപ്പറയുന്നു.

1. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചായിരിക്കണം ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ നടത്തേണ്ടത്.
2. ചർച്ചാ സ്ഥലത്ത് ആവശ്യത്തിന് സാനിറ്റൈസർ കരുതണം.
3. ആവശ്യമായ വായു സഞ്ചാരവും വെളിച്ചവുമുള്ള മുറികൾ ആകണം തെരഞ്ഞെടുക്കേണ്ടത്
4. പങ്കാളികൾക്ക് ഇരിക്കാനുള്ള കസേരകൾ കരുതണം
5. പങ്കാളികൾ സാമൂഹിക അകലം പാലിച്ച് വൃത്താകൃതിയിൽ ആകണം ഇരിക്കേണ്ടത്.
6. ഇതിനു സൗകര്യപ്രദമായ സ്ഥലമായിരിക്കണം ചർച്ചകൾക്കായി കണ്ടെത്താൻ.
7. 20 പേരിൽ കൂടുതൽ ഒരു ഫോക്കസ് ഗ്രൂപ്പ് ചർച്ചയിൽ വരാതിരിക്കാൻ ശ്രദ്ധിക്കണം.
8. ഏറ്റവും ചുരിങ്ങിയത് 10 പേർ എങ്കിലും ഉണ്ടെങ്കിൽ മാത്രമേ ഫോക്കസ് ഗ്രൂപ്പ് ചർച്ച നടത്താവൂ
9. മാർക്കർ പേന, ചാർട്ട് പേപ്പർ, ചാർട്ട് പേപ്പർ ഒട്ടിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ എന്നിവ ഓരോ സ്ഥലത്തും കരുതണം.
10. മാനദണ്ഡങ്ങൾ ലഘുലേഖയായി വാർഡുതല സമിതിയിലെ ഓരോ അംഗത്തിനും നൽകണം.
11. വാർഡ് തല സമിതിയുടെ നേതൃത്വത്തിൽ ആകണം സംഘാടനം. വാർഡ് സമിതിയുടെ ഓരോ യോഗത്തിലും പങ്കെടുക്കുന്നവർക്ക് മുൻകൂട്ടി അറിയിപ്പ് നൽകി എന്ന് ഉറപ്പാക്കണം.
12. ഫോക്കസ് ഗ്രൂപ്പ് ചർച്ച രണ്ടു മണിക്കൂറിൽ അധികരിക്കരുത്
13. പങ്കെടുക്കുന്നവരുടെ പേര്, മൊബൈൽ നമ്പർ, വിലാസം, ലിംഗം, വയസ്സ്, ഒപ്പ് എന്നിവ രേഖപെടുത്തി രജിസ്ട്രേഷൻ നടത്തണം.
14. ഓരോ ഫോക്കസ് ഗ്രൂപ്പ് ചർച്ചക്ക് ശേഷവും അവിടെ വന്ന അഭിപ്രായങ്ങൾ, ചർച്ചയിലൂടെ തയ്യാറാക്കിയ പട്ടിക, എന്നിവ രേഖപെടുത്തി, മിനിറ്റ്സിൽ അവസാനം വാർഡ് ചുമതലയുള്ള ഉദ്യോഗസ്ഥ/ൻ ഒപ്പുവയ്ക്കണം.
15. വാർഡിലെ വിവിധ യോഗ നടപടിക്രമങ്ങൾ എഴുതി സൂക്ഷിക്കുന്നതിനു ഒരു മിനിറ്റ്സ് പുസ്തകം ചുമതലയുള്ള ഉദ്യോഗസ്ഥ/ൻ സൂക്ഷിക്കണം.
16. ചാർട്ട് പേപ്പർ (അനുബന്ധം 1) വേദിയിൽ കാണാവുന്ന രീതിയിൽ പ്രദർശിപ്പിക്കണം.
17. ആദ്യത്തെ കോളത്തിൽ ബാധകമാകാവുന്ന കുടുംബങ്ങളുടെ പേര് പട്ടികപ്പെടുത്താം തുടർന്ന് രണ്ടാമത്തെ കോളത്തിൽ ബാധകമാകാവുന്ന ഓരോ മാനദണ്ഡവും രേഖപ്പെടുത്താം.ബാധകമായ തീവ്ര/അതിതീവ്ര ക്ലേശ ഘടകങ്ങളുടെ എണ്ണമാണ് രേഖപ്പെടുത്തേണ്ടത്.

## 5.3. ഗ്രൂപ്പ് ചർച്ച പ്രക്രിയ

1. ആമുഖ അവതരണം – ( ഫെസിലിറ്റേറ്റർ ) 10 മിനിറ്റ്.
2. ഉള്ളടക്കം
3. ദാരിദ്ര്യത്തിന്റെ ഏറ്റവും തീവ്ര അവസ്ഥയാണ് അതിദാരിദ്ര്യം.
4. ഭക്ഷണം, സുരക്ഷിതമായ താമസസ്ഥലം, ആരോഗ്യ സുസ്ഥിതി, അടിസ്ഥാനവരുമാനം എന്നിവ സംബന്ധിച്ച അവസ്ഥയാണ് ഇത്.
5. ചർച്ചയുടെ ഉദ്ദേശ്യം വാർഡിലെ അതിദരിദ്രരുടെ പ്രാഥമിക കരട് പട്ടിക തയ്യാറാക്കലാണ്.
6. ഇവരിൽ ഭൂരിഭാഗവും അവരുടെ അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്താൻ കഴിയാത്തവരാണ്. അവരിൽ തന്നെ തെരുവിൽ അലയുന്നവർ, സമൂഹത്തിൽ നിന്ന് വിവിധ കാരണങ്ങളാൽ ഒറ്റപ്പെട്ടവർ, പൊതു സ്ഥലങ്ങളിൽ കഴിയുന്നവർ, വയോജനങ്ങൾ മാത്രം ഉള്ള കുടുംബങ്ങൾ, മാരക രോഗങ്ങൾ മൂലം തൊഴിൽ ശേഷി നഷ്ടപ്പെട്ടവർ എന്നിവർ ഉൾപെടുന്നു
7. ഇത്തരത്തിലുള്ള നിരാലംബരേയും അഗതികളേയും കണ്ടുപിടിച്ച് അവരുടെ ഉന്നമനത്തിനായി

മൈക്രോ പ്ലാൻ ഉണ്ടാക്കുന്നതിന് വേണ്ടിയുള്ള പ്രാഥമിക ചർച്ചയാണ് ഇവിടെ നടക്കുന്നത്.

8. തികച്ചും സുതാര്യമായ ഒരു പ്രക്രിയയാണിത്.
9. ഓരോ മാനദണ്ഡങ്ങളും പരിശോധിച്ചാണ് അതിദരിദ്രരുടെ കരട് പട്ടിക തയ്യാറാക്കുന്നത്
10. ഓരോ മാനദണ്ഡവും വിശദീകരിച്ചതിന് ശേഷം അത് ബാധകമായവരുടെ പേര് പങ്കെടുക്കുന്നവർ പറയണം. അത് പരസ്യമായി ചാർട്ട് പേപ്പറിൽ രേഖപ്പെടുത്തും
11. ഇതിൽ രണ്ട് തരം സൂചകങ്ങൾ ഉണ്ട്. ഒന്ന്, അതിതീവ്ര ക്ലേശ ഘടകങ്ങളും, രണ്ടാമത്തേത്, തീവ്ര ക്ലേശ ഘടകങ്ങളും ആണ്
12. ഇതിൽ എതെങ്കിലും ഒരു അതിതീവ്ര ക്ലേശ ഘടകമോ രണ്ട് തീവ്ര ക്ലേശ ഘടങ്ങളോ ലഭിക്കുന്ന ഒരു കുടുംബം ഈ പട്ടികയിൽ ഉൾപ്പെടും
13. ചർച്ചയുടെ അവസാനത്തിൽ കൂടുതൽ മാനദണ്ഡങ്ങൾ ബാധകമായ കുടുംബം ആദ്യവും കുറവ് ലഭിച്ച കുടുംബം അവസാനത്തിലും വരുന്ന തരത്തിൽ ഒരു പട്ടികയാണ് തയ്യാറാക്കേണ്ടത്
14. ചർച്ചയുടെ അവസാനത്തിൽ ഈ പട്ടിക ക്രോഡീകരിച്ച് അവതരിപ്പിക്കും
15. ഈ പട്ടികയിൽ ഉൾപെട്ടവരുടെ വിവരങ്ങൾശേഖരിച്ച് അന്തിമ പട്ടിക തയ്യാറാക്കുന്നതിനുള്ള ഒരു സർവേയും ഉണ്ടാകും.
16. ചർച്ചാ പ്രക്രിയ
17. ഫോക്കസ് ഗ്രൂപ്പ് ചർച്ച മുന്നോട്ടു കൊണ്ടുപോകേണ്ടത് വാർഡ് ചുമതലയുള്ള ഉദ്യോഗസ്ഥയോ/നോ ഫെസിലിറ്റേറ്ററോ ആണ്. ചർച്ചയുടെ ആമുഖത്തിന് ശേഷം ഉദ്യോഗസ്ഥ/ൻ, ഫെസിലിറ്റേറ്റർ എന്നിവരിൽ ആരെങ്കിലും മാനദണ്ഡങ്ങൾ ഓരോന്നായി പറയണം.
18. എല്ലാ മാനദണ്ഡവും മനസ്സിലാക്കിയതിനു ശേഷം മാനദണ്ഡങ്ങൾ ബാധകമാകുന്ന കുടുംബങ്ങളുടെ പേര് പറയുകയും അവ ചർച്ച ചെയ്തു അർഹതയുണ്ടെങ്കിൽ ഫെസിലിറ്റേറ്റർ രേഖപ്പെടുത്തുകയും വേണം.
19. ചർച്ചയെ തുടർന്ന് ഉണ്ടാകുന്ന പൊതു ധാരണയുടെ അടിസ്ഥാനത്തിൽ കുടുംബനാഥയുടെ/ നാഥന്റെ പേര്, വിലാസം) ചാർട്ട് പേപ്പറിൽ രേഖപ്പെടുത്തണം
20. ചാർട്ട് പേപ്പറിൽ രേഖപ്പെടുത്തുന്നതിന് ഒരാളെ നിശ്ചയിക്കണം.
21. ഒരു വ്യക്തി മാത്രം കുടുംബം ആകുന്ന ഘട്ടത്തിൽ അയാളുടെ പേരും തിരിച്ചറിയാവുന്ന വിലാസവും രേഖപ്പെടുത്താം.
22. തെരുവിൽ അലയുന്നവർ, സ്ഥിരം സ്ഥലമില്ലാത്തവർ എന്നിവരുടെ കാര്യത്തിൽ തിരിച്ചറിയാവുന്ന സ്ഥലം വിലാസമായി രേഖപ്പെടുത്താം.
23. ചർച്ചകൾക്ക് ശേഷം ചാർട്ട് പേപ്പറിലെ വിവരങ്ങൾ കൂട്ടിച്ചേർത്ത് ഒരു ക്രോഡീകൃത ലിസ്റ്റ് തയ്യാറാക്കണം. (അനുബന്ധം – 1)
24. ആശ, അങ്കണവാടി വർക്കർ, വാർഡിലെ ജനപ്രതിനിധി എന്നിവരുടെ നേതൃത്വത്തിൽ ആകണം ഈ കരട് പട്ടിക തയ്യാറാക്കേണ്ടത്.
25. ഓരോ ചർച്ചയുടേയും അവസാനത്തിൽ ഈ പട്ടിക തയ്യാറാക്കി യോഗത്തിൽ അവതരിപ്പിക്കണം (ചർച്ചയ്ക്ക് സമാന്തരമായി ഒരാൾ ഇത് രേഖപ്പെടുത്തണം)
26. കരട് പട്ടിക തയ്യാറാക്കിയതിനു ശേഷം അതാത് വാർഡിലെ ജനപ്രതിനിധി പട്ടികയുടെ താഴെ ഒപ്പ് വയ്ക്കേണ്ടതാണ്.

## 5.4. വിവിധ ഫോക്കസ് ഗ്രൂപ്പ് ചർച്ചകളുടെ ലക്ഷ്യങ്ങൾ

വാർഡ്തല പ്രാഥമിക ചർച്ച, സാമൂഹിക സംഘടനകളുടെ ചർച്ച, കുടുംബശ്രീ പ്രവർത്തകരുടെ ചർച്ച, ക്ലസ്റ്റർ തല ചർച്ച എന്നിവയ്ക്കും, അന്തിമ വാർഡുതല യോഗത്തിനും വ്യത്യസ്ത ലക്ഷ്യങ്ങളാണ് ഉണ്ടാവുക.

പ്രാഥമിക വാർഡ് തല യോഗം

- വാർഡിൽ അതിദരിദ്ര പട്ടികയിൽ വരാൻ സാധ്യതയുള്ളവരുടെ വാർഡ് തല പട്ടിക തയ്യാറാക്കുക.
- വാർഡിലെ മറ്റ് ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ ആസൂത്രണം ചെയ്യുക.
- അതിദരിദ്രർക്കായി വരുന്ന പുതിയ പദ്ധതി വിശദീകരിക്കുക.

കുടുംബശ്രീ / സാമൂഹിക സംഘടന ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ

- തങ്ങളുടെ അറിവിൽ നിന്ന് കൊണ്ട് വാർഡിൽ വരുന്ന അതിദരിദ്രരെ കണ്ടെത്തുക.
- അതിദരിദ്രരുടെ പട്ടിക തയ്യാറാക്കുക.
- ആരും ഉൾപ്പെടാതെ പോകുന്നില്ല എന്ന് ഉറപ്പാക്കുക.

ക്ലസ്റ്റർ തല യോഗങ്ങൾ

- വലിയ വാർഡിനകത്തെ/നഗരത്തിലെ ക്ലസ്റ്ററിൽ (250-300 വീടുകൾ) ഉൾപ്പെടുന്ന അതിദരിദ്രരെ കണ്ടെത്തുക.
- അതിദരിദ്രരുടെ ക്ലസ്റ്റർതല പട്ടിക തയ്യാറാക്കുക
- എസ്.ടി. മേഖലകളിൽ ഒറ്റപ്പെട്ട മേഖലകളിൽ ഊരു തലത്തിലോ കുറച്ച് ഊരുകൾ ചേർന്ന് ക്ലസ്റ്റർ ആയോ ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ നടത്താവുന്നതാണ്.

വാർഡ്തല സമിതി രണ്ടാം യോഗം

- വാർഡ് തല സമിതി, സാമൂഹിക സംഘടന, കുടുംബശ്രീ, ക്ലസ്റ്റർതല ചർച്ചകൾ എന്നിവയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പ്രാഥമിക അതിദരിദ്രരുടെ പട്ടിക തയ്യാറാക്കുക.
- ഈ പട്ടികയെ, അന്ത്യോദയ അന്നയോജന, ഭിന്നശേഷിക്കാർ, പാലിയേറ്റീവ് കെയർ എന്നിവരുടെ പട്ടികയുമായി താരതമ്യം ചെയ്ത് അവയിലെ അതിദരിദ്രർ ആരും തന്നെ ഈ പട്ടികയിൽനിന്ന് വിട്ടുപോയിട്ടില്ല എന്ന് ഉറപ്പാക്കുക. ഈ പട്ടികയിലെ കുടുംബങ്ങളിൽ മാനദണ്ഡപ്രകാരം ബാധകമാവുന്നവരെ മാത്രം ഉൾപ്പെടുത്തുക.
- ആശ്രയ പട്ടികയിൽ ഉൾപ്പെട്ടവരാരും ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് പരിശോധിക്കുക
- പങ്കാളിത്ത ചർച്ചയിലൂടെ അതിദരിദ്രരുടെ സാധ്യതാ പട്ടികയ്ക്ക് രൂപംനൽകി മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിൽ രേഖപ്പെടുത്തുക

## 5.5. ഫോക്കസ് ഗ്രൂപ്പ് ചർച്ചാ സൂചകങ്ങൾ


ഫോക്കസ് ഗ്രൂപ്പ് ചർച്ചയ്ക്ക് ഉപയോഗിക്കാവുന്ന അതിതീവ്ര ക്ലേശ ഘടകങ്ങൾ, തീവ്ര ക്ലേശ ഘടകങ്ങൾ എന്നിവ അദ്ധ്യായം 2 ലെ പട്ടിക-1 പട്ടിക-2 പട്ടിക-3 എന്നിവയിൽ നൽകിയിട്ടുണ്ട്. അതുപോലെ സൂചകങ്ങളുടെ വിശദീകരണ കുറിപ്പുകൾ അനുബന്ധത്തിൽ നൽകിയിട്ടുണ്ട്.

## 5.6. ഗ്രൂപ്പ് ചർച്ചാ / ഫോക്കസ് ഗ്രൂപ്പ് ചർച്ചാ ചെക്ക് ലിസ്റ്റ്

1. **അഞ്ച് ചാർട്ട് പേപ്പറുകൾ**
2. **പലനിറത്തിലുള്ള മാർക്കർ പേനകൾ**
3. **അച്ചടിച്ച മാനദണ്ഡങ്ങൾ**
4. **പങ്കാളികൾക്ക് നൽകാനുള്ള വെള്ള കടലാസും പേനയും**
5. **പങ്കെടുക്കുന്നവർക്ക് വട്ടത്തിൽ ഇരിക്കുന്നതിനുള്ള കസേരകൾ**
6. **പങ്കെടുക്കുന്നവർക്ക് നൽകാൻ കഴിയുന്നത്ര അളവിൽ സാനിറ്റൈസർ**
7. **പങ്കെടുക്കുന്നവർക്ക് അകലം പാലിച്ച് ഇരിക്കാൻ കഴിയുന്ന വായുസഞ്ചാരമുള്ള മുറി**

# അദ്ധ്യായം 6

# എന്യൂമറേറ്റർ തെരഞ്ഞെടുപ്പ്, പരിശീലനം, വിവരശേഖരണം



**പ്ലസ് ടു വിദ്യാഭ്യാസം എങ്കിലും ഉള്ള, മൊബൈൽ ആപ്പ് ഉപയോഗിക്കാൻ കഴിയുന്ന സാമൂഹിക പ്രതിബദ്ധതയുള്ളവർ ആകണം എന്യൂമറേറ്റർമാർ.**

മാനദണ്ഡപ്രകാരം ഉള്ള സൂചകങ്ങൾ പലതും ആത്മനിഷ്ഠ സ്വഭാവം (subjective) ഉള്ളത് ആയതിനാൽ എന്യൂമറേറ്റർമാരുടെ കൃത്യമായ നിരീക്ഷണവും, വ്യക്തിപരമായ പ്രയോഗവും അതിദരിദ്രരെ കണ്ടെത്തുന്നതിന് പരമ പ്രധാനം ആണ്. വിവരശേഖരണത്തിനുള്ള ചോദ്യാവലി ഒറ്റ നോട്ടത്തിൽ വളരെ ലളിതമാണെങ്കിലും, ഓരോ ചോദ്യത്തിനും വളരെ വിപുലമായ വിശദീകരണങ്ങൾ ഉണ്ട്. പലതും സങ്കീർണ്ണമാണ്. അതിനാൽ തന്നെ ഓരോ ചോദ്യത്തിന്റേയും വിശദീകരണ കുറിപ്പുകൾ അതാത് സമയത്ത് നോക്കി, വീടുകളുടെ സാഹചര്യങ്ങളും, യഥാർത്ഥ സ്ഥിതിയും മനസ്സിലാക്കി ഉത്തരങ്ങൾ രേഖപ്പെടുത്തുക എന്ന വിപുലമായ ചുമതലയാണ് എന്യൂമറേറ്റർമാർക്ക് നിർവ്വഹിക്കാൻ ഉള്ളത്. നേരിട്ട് ശേഖരിക്കുന്നതിനൊപ്പം പല വിവരങ്ങളും, മറ്റ് രേഖകൾ വഴിയോ, അയൽപക്ക അന്വേഷണങ്ങൾ വഴിയോ പുനപരിശോധനക്ക് വിധേയമാക്കേണ്ടി വരും. വിവരങ്ങൾ ശേഖരിക്കുന്നത് ഓൺലൈൻ സംവിധാനത്തിൽ ആയതിനാൽ അതിനാവശ്യമായ അടിസ്ഥാന വിദ്യാഭ്യാസവും സാങ്കേതിക ജ്ഞാനവും എന്യൂമറേറ്റർമാർക്ക് ഉണ്ടാവുക എന്നത് പ്രധാനമാണ്. ആവശ്യമായ പരിശീലനം നൽകുമെങ്കിലും വ്യക്തിപരമായി ഈ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ കഴിയുന്നവർ ആകണം എന്യൂമറേറ്റർമാർ. ചുരുക്കത്തിൽ ഈ പദ്ധതിയുടെ വിജയത്തിന് വളരെ നിർണ്ണായകമായ പങ്ക് വഹിക്കേണ്ടവരാണ് എന്യൂമറേറ്റർമാർ.

മറ്റ് വിവരശേഖരണ പ്രക്രിയകളിൽ നിന്ന് വിഭിന്നമായി എന്യൂമറേറ്റർമാർ നേരിട്ട് വീട്ടുകാരോട് ചോദ്യങ്ങൾ ചോദിച്ച് വിവരങ്ങൾ കൃത്യമായി ശേഖരിക്കുന്ന രീതി മാത്രമല്ല ഈ വിവരശേഖരണ പ്രക്രിയയിൽ അവലംബിക്കുന്നത്. ഇതിനാൽ മുകളിൽ സൂചിപ്പിച്ച രീതിയിൽ നേരിട്ടല്ലാത്ത വസ്തുതാ ശേഖരണവും പ്രസക്തമാണ്. ഇതിനാൽ തന്നെ ഈ വിവരശേഖരണ പ്രക്രിയയിൽ എന്യൂമറേറ്റർ തെരഞ്ഞെടുപ്പ് എന്നത് വളരെ സൂക്ഷ്മതയോടെ, പ്രത്യേക മുൻധാരണകളോ, തെരഞ്ഞെടുക്കപ്പെട്ടവരുടെ താല്പര്യങ്ങളോ ബാധിക്കാതെ ശ്രദ്ധയോടെ ചെയ്യേണ്ട ഒന്നാണ്.

## 6.1. എന്യൂമറേറ്റർമാരെ തെരഞ്ഞെടുക്കൽ

ഈ വിവരശേഖരണ പ്രക്രിയയിൽ എന്യൂമറേഷൻ ടീം പൂർണ്ണമായും സന്നദ്ധ പ്രവർത്തനമാണ് നടത്തുന്നത്. ഇത് സാമൂഹ്യ ഉത്തരവാദിത്തോടെയും സ്വയം താല്പര്യത്തോടെയും നിർവഹിക്കേണ്ട ഒരു പ്രവർത്തനമാണ്. വാർഡ് തലത്തിൽ ആണ് എന്യൂമറേറ്റർമാർ പ്രവർത്തിക്കേണ്ടത്. വലിയ വാർഡുകളിലോ, നഗരസഭാ വാർഡുകളിലോ, കുടുംബങ്ങളുടെ എണ്ണം കൂടുതൽ ആണെങ്കിൽ ഒന്നിലധികം എന്യൂമറേറ്റർ ടീമുകളെ അതാത് ഭരണ സമിതിയും തദ്ദേശ സ്ഥാപനതല ജനകീയ സമിതിയും ചേർന്ന് തീരുമാനിക്കാവുന്നതാണ്.

**എല്ലാ വർഡിലെയും എന്യൂമറേറ്റർ ടീമുകളിലെ രണ്ട് സന്നദ്ധ പ്രവർത്തകരിൽ ഒരാൾ നിർബന്ധമായും സ്ത്രീ ആയിരിക്കണം.**

മേൽ സൂചിപ്പിച്ച പ്രകാരം ഓരോ വാർഡിലും മൂന്ന പേരടങ്ങുന്ന എന്യൂമറേറ്റർ സംഘമാണ് ഉണ്ടാകേണ്ടത്. ഓരോ വാർഡിലും മൂന്ന പേരടങ്ങുന്ന ടീമിൽ ഒരാൾ തദ്ദേശ സ്വയം ഭരണ സ്ഥാപനം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥ/ൻ ആകണം. തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിൽ നേരിട്ട് വരുന്ന ഉദ്യോഗസ്ഥരെയോ, കൈമാറിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെയോ ഭരണ സമിതി തീരുമാനപ്രകാരം ഈ ചുമതലകൾ ഏൽപ്പിക്കാം. വാർഡിലെ വിവരശേഖരണത്തിന്റെ ഏകോപനവും, ചുമതലയും ഈ ഉദ്യോഗസ്ഥർക്ക് ആയിരിക്കും. വിവരശേഖരണ പ്രക്രിയയുടെ പ്രാഥമിക മോണിറ്ററിംഗ് ചുമതല എന്യൂമറേഷൻ ടീമിന്റെ ഭാഗമായ ഉദ്യോഗസ്ഥ/ൻ ആണ്. ഉദ്യോഗസ്ഥ/ന്റെ അനുമതിയോടു കൂടി മാത്രമേ ഓരോ കുടുംബത്തിന്റേയും വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നത് പൂർണ്ണമാകൂ. അപ് ലോഡ് ചെയ്യുന്നതിന് മുൻപ് വാർഡ് തല ഉദ്യോഗസ്ഥർ അവശ്യം വേണ്ട വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് ഉറപ്പാക്കണം.

## 6.2. എന്യൂമറേറ്റർമാരെ എങ്ങനെ തെരഞ്ഞെടുക്കാം

**പ്ലസ് ടു വിദ്യാഭ്യാസം എങ്കിലും ഉള്ള, മൊബൈൽ ആപ് ഉപയോഗിക്കാൻ കഴിയുന്ന സാമൂഹിക പ്രതിബദ്ധതയുള്ളവർ ആകണം എന്യൂമറേറ്റർമാർ.**

ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് നിൽക്കുന്ന കോളേജുകൾ, യൂണിവേഴ്സിറ്റികൾ, എൻ. എസ്. എസ്, എൻ. സി. സി വളണ്ടിയർമാർ, ആർ. ആർ. ടി ടീമുകൾ എന്നിവയിൽ നിന്ന് സന്നദ്ധരായവരെ വളണ്ടിയർമാരായി തെരഞ്ഞെടുക്കാം. ആശ പ്രവർത്തകരേയും ആവശ്യമാണെങ്കിൽ ഉൾപ്പെടുത്താം. ഓരോ തദ്ദേശ സ്ഥാപനത്തിനും അകത്തുള്ള സ്ഥാപനങ്ങളുമായി തദ്ദേശ സ്ഥാപന തല സമിതി ബന്ധപ്പെട്ട് സന്നദ്ധ പ്രവർത്തകരെ ലഭ്യമാക്കണം. സന്നദ്ധ പ്രവർത്തകരുടെ സേവനം ആവശ്യപ്പെട്ട് കൊണ്ടുള്ള അഭ്യർത്ഥനകൾ വഴിയും എന്യൂമറേറ്റർമാരുടെ രജിസ്ട്രേഷൻ നടത്താം. ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും സന്നദ്ധ പ്രവർത്തകർക്ക് രജിസ്റ്റർ ചെയ്യാവുന്ന ഒരു ഗൂഗിൾ ഫോം തയ്യാറാക്കി തദ്ദേശ സ്ഥാപന തലത്തിലുള്ള വിവിധ വാട്സ് ആപ്പ് / സോഷ്യൽ മീഡിയ ഗ്രൂപ്പുകൾ വഴി പ്രചരിപ്പിക്കാം (മാതൃക ഫോം: അനുബന്ധം 4). രജിസ്ട്രേഷന് ഒരു നിശ്ചിത ദിവസം വരെ സമയം നൽകാം.

തദ്ദേശ സ്വയംഭരണ സ്ഥാപന തല ജനകീയ സമിതി സന്നദ്ധ പ്രവർത്തകരുടെ അപേക്ഷകൾ പരിശോധിച്ച് അവരുടെ പട്ടിക തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണ സമിതിക്ക് സമർപ്പിക്കണം.

**സന്നദ്ധ പ്രവർത്തകരുടെ താല്പര്യവും, യോഗ്യതകളും അല്ലാതെ മറ്റ താല്പര്യങ്ങൾ ഈ തെരഞ്ഞെടുപ്പിനെ ബാധിക്കില്ല എന്ന് ഉറപ്പാക്കണം.**

അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയയിൽ തിരഞ്ഞെടുത്ത സന്നദ്ധ പ്രവർത്തകരെ നിയമിച്ചു കൊണ്ടുള്ള ഉത്തരവ് തദ്ദേശ സ്ഥാപനതല നോഡൽ ഓഫീസർ പുറത്തിറക്കുകയും അവരുടെ വിവരങ്ങൾ എം.ഐ.എസ് പ്ലാറ്റ് ഫോമിൽ ലഭ്യമാക്കുകയും വേണം.

സാധാരണ വിവരശേഖരണ പ്രക്രിയയുടെ പരിശീലനത്തിൽ നിന്ന് വ്യത്യസ്തമായി പങ്കാളിത്ത പൂർണ്ണമായ പരിശീലനം എന്യൂമറേഷൻ ടീമിന് നൽകും. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും വിവരശേഖരണ പ്രക്രിയയിൽ പങ്കെടുക്കുന്നവർക്ക് സംസ്ഥാന നോഡൽ ഓഫീസിൽ നിന്നും സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഇത് ഓൺലൈനിൽ ലഭ്യമാക്കും.

## 6.3. വിവരശേഖരണ പ്രക്രിയയുടെ നടത്തിപ്പ്

മൊബൈൽ ആപ്പ് ഉപയോഗിച്ചായിരിക്കും വിവരശേഖരണം നടത്തുക. വിവരശേഖരണം നടത്തുന്ന കുടുംബങ്ങളുടെ ഭൂമിശാസ്ത്ര ലൊക്കേഷൻ രേഖപ്പെടുത്തുന്നതിനുള്ള (Geo tagging) സംവിധാനങ്ങൾ മൊബൈൽ ആപ്പിൽ ഉണ്ട്.

ഓരോ ചോദ്യവും എങ്ങനെ രേഖപ്പെടുത്തണം എന്നത് എന്യൂമറേറ്റർ പരിശീലനത്തിൽ വിശദമാക്കും. ആണോ/അല്ലയോ (Yes/No) എന്ന ഉത്തര രീതിയായിരിക്കും വിവരശേഖരണത്തിൽ പൊതുവായി അവലംബിക്കുക. അവശ്യ ഘട്ടങ്ങളിൽ റിമാർക്സ് രേഖപ്പെടുത്താനുള്ള ഇടങ്ങൾ വിവരശേഖരണ ആപ്പിൽ ഉണ്ടായിരിക്കും. വിവരശേഖരണം നടത്തേണ്ട കുടുംബങ്ങളുടെ പട്ടിക എം.ഐ.എസ്. വഴി ലഭ്യമാക്കും വിവരശേഖരണം നടത്തുന്ന സമയത്ത് വിവരങ്ങൾ രേഖപ്പെടുത്താൻ ഓരോ എന്യൂമറേറ്റർമാർക്കും ഓരോ പ്രവേശന നമ്പർ (log in ID) ഉണ്ടാകും.

എന്യൂമറേറ്റർമാർ രേഖപ്പെടുത്തുന്ന വിവരങ്ങൾ, അതത് വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് എം.ഐ.എസ്. വഴി അംഗീകരിച്ചാൽ മാത്രമേ കുടുംബത്തിന്റെ വിവര ശേഖരണം പൂർത്തിയാകൂ.

1. എന്യൂമറേറ്റർമാർ ഓരോ വീടും നിർബന്ധമായും സന്ദർശിച്ച് ഫോം പ്രകാരമുള്ള വിവരങ്ങൾ നേരിട്ടും, രേഖകൾ പരിശോധിച്ചും, പ്രാദേശിക അന്വേഷണത്തിലൂടെയും മൊബൈൽ ആപ്പിൽ രേഖപ്പെടുത്തണം. ഉദാഹരണം :
   a. നേരിട്ട് ചോദിക്കാവുന്നത്
      • സാമൂഹിക വിഭാഗം
   b. രേഖകൾ പരിശോധിക്കാവുന്നത്
      • റേഷൻ കാർഡ് വിഭാഗം
      • അംഗൻവാടി രേഖകൾ പ്രകാരം തീവ്ര പോഷക ദാരിദ്ര്യം ഉള്ള കുട്ടികൾ ഉള്ള കുടുംബമാണോ (അംഗൻവാടി രേഖകൾ പരിശോധിച്ച് ഉറപ്പാക്കുക)
   c. പുറമെ നിന്നുള്ള അന്വേഷണങ്ങളിലൂടെ മനസ്സിലാക്കാവുന്നത്
      • വാർദ്ധക്യത്തിന്റെ തീവ്രത
      • മുഖ്യ വരുമാനദായക/ൻ മരിച്ചു പോയ/ ഉപേക്ഷിച്ച പോയ കുടുംബമാണോ
2. വിവരശേഖരണത്തിനു വേണ്ടി തയ്യാറാക്കിയ പ്രാഥമിക പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങളെ വാർഡ് തല സമിതി വിവരശേഖരണത്തെപ്പറ്റിയും എന്യൂമറേറ്റർമാർ വരുന്ന സമയത്തെ പ്പറ്റിയും മുൻകൂട്ടി അറിയിക്കേണ്ടതാണ്. ഫലപ്രദമായി വിവരശേഖരണം നടത്താൻ ഇത്

സഹായകമാകും.

3. വിവരശേഖരണത്തിനു എത്തുമ്പോൾ കൃത്യമായ വിവരം നൽകാവുന്ന മുതിർന്ന കുടുംബാംഗം സ്ഥലത്തില്ലെങ്കിൽ പിന്നീട് എത്തി വിവരശേഖരണം പൂർത്തിയാക്കണം.
4. പൂർണ്ണമായ വിവരങ്ങൾ ലഭിച്ചശേഷം മാത്രമെ ജിയോ ടാഗിങ്ങ് നടത്താവൂ.
5. പട്ടിക വർഗ്ഗ കുടുംബങ്ങൾ പ്രാഥമിക പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ ഭാരം/ ഉയരം എന്നിവ അളക്കുന്നതിനുള്ള ഉപകരണങ്ങൾ തദ്ദേശ സ്ഥാപന തല ജനകീയ സമിതി നൽകും. ഈ വിവരങ്ങൾ എല്ലാ മുതിർന്ന കുടുംബാംഗങ്ങളിൽ നിന്നും ശേഖരിക്കണം. പട്ടിക വർഗ്ഗ കുടുംബങ്ങളുടെ കാര്യത്തിൽ ഒരാളുടെയെങ്കിലും, ഉയരം, ഭൂക്ക വിവരങ്ങൾ ലഭ്യമായില്ല എങ്കിൽ രണ്ടാമത് വന്ന് അത് ശേഖരിച്ച ശേഷമേ വിവരശേഖരണം പൂർത്തിയാക്കാൻ കഴിയൂ.
6. അതിതീവ്ര പോഷണ ദാരിദ്ര്യം ഉള്ള പട്ടിക വർഗ്ഗ കുട്ടികളുടെ വിവരങ്ങൾ എന്യൂമറേറ്റർമാർ അതാത് അങ്കണവാടിയിൽ നിന്ന് മുൻകൂട്ടി ശേഖരിക്കണം.
7. പട്ടിക വർഗ്ഗ കുടുംബങ്ങളുടെ കാര്യത്തിൽ നിർബന്ധമായും മുതിർന്ന അംഗങ്ങൾ മുഴുവൻ കുടുംബത്തിൽ ഉണ്ട് എന്ന് ഉറപ്പാക്കിയതിന് ശേഷം വേണം വിവരശേഖരണം നടത്താൻ.
8. പട്ടിക വർഗ്ഗ കുടുംബങ്ങളിലെ സ്ത്രീ അംഗങ്ങളുടെ ഉയര, ഭൂക്ക വിവരങ്ങൾ ശേഖരിക്കേണ്ടത് സ്ത്രീ എന്യൂമറേറ്റർമാർ തന്നെ ആയിരിക്കണം.
9. വിവരങ്ങൾ ശേഖരിക്കുന്ന ഇടങ്ങളിൽ മൊബൈൽ നെറ്റ് വർക്ക് ഇല്ലെങ്കിൽ നെറ്റ് വർക്ക് ഉള്ള ഇടങ്ങളിൽ വന്നതിന് ശേഷമേ വിവരങ്ങൾ അപ്പ് ലോഡ് ചെയ്യാവൂ
10. ചേർക്കുന്ന വിവരങ്ങൾ എം.ഐ.എസ്. ൽ വിജയകരമായി രേഖപ്പെടുത്തി എന്ന് ടീം ഉറപ്പ് വരുത്തേണ്ടതുണ്ട്.

## 6.4. വിവരശേഖരണ പ്രക്രിയയുടെ മോണിറ്ററിംഗും സൂപ്പർ ചെക്കിംഗും

### 6.4.1 സൂപ്പർ ചെക്കിംഗ്

വിവരശേഖരണ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി ഉറപ്പാക്കാൻ ഓരോ ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപറേഷൻ തലത്തിലും രണ്ട് പേർ വീതമുള്ള അഞ്ച് മുതൽ പത്ത് വരെയുള്ള സൂപ്പർ ചെക്കിംഗ് സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്. ഇതിന്റെ ചുമതല ബ്ലോക്ക് തലത്തിൽ ബി.ഡി.ഒ മാർക്കും കോർപറേഷൻ/മുനിസിപ്പാലിറ്റി തലത്തിൽ റീജിയണൽ ജോയിന്റ് ഡയറക്ടർക്കും ആയിരിക്കും. സൂപ്പർ ചെക്കിംഗ് സംഘങ്ങളുടെ എണ്ണം അപര്യാപ്തമാണെന്ന് ജില്ലാ നിർവഹണ സമിതിക്ക് ബോധ്യമാവുന്ന പക്ഷം ആവശ്യാനുസരണം തീരുമാനം എടുക്കാവുന്നതാണ്.

തദ്ദേശ സ്ഥാപന തലത്തിൽ ഓരോ വാർഡുകളിലും വിവരശേഖരണ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ പട്ടികയിൽ നിന്ന് സൂപ്പർ ചെക്കിംഗിനായി 20 ശതമാനം കുടുംബങ്ങളെ റാൻഡമായി തെരഞ്ഞെടുക്കണം. സൂപ്പർ ചെക്കിംഗ് നടത്തിയ കുടുംബങ്ങളിലെ വിവരങ്ങളും, വിവരശേഖരണ വിവരങ്ങളും തമ്മിൽ വ്യത്യാസം ഉണ്ടെങ്കിൽ ഈ സമിതി അത് ഒന്നുകൂടി പരിശോധിക്കണം. ഈ പരിശോധനയുടെ അടിസ്ഥാനത്തിൽ വിവരശേഖരണ വിവരങ്ങൾ വിവരശേഖരണ ടീമുമായി ചർച്ച ചെയ്ത് വ്യക്തത വരുത്തിയതിന് ശേഷം ആവശ്യമായ മാറ്റങ്ങൾ വരുത്താൻ സൂപ്പർ ചെക്കിംഗ് സംഘത്തിന് അവകാശമുണ്ട്. സൂപ്പർ ചെക്കിംഗ് സംഘങ്ങളുടെ രൂപീകരണവും ഘടനയും മറ്റ് പ്രവർത്തനങ്ങളും നടത്തേണ്ടത് സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന വിധത്തിൽ ആയിരിക്കും.

20 ശതമാനം വരുന്ന കുടുംബങ്ങളുടെ റാൻഡം പട്ടിക എം.ഐ.എസിൽ നിന്ന് ലഭ്യമാക്കും. കൂടാതെ, ഗ്രാമസഭകളിൽ വരുന്ന പരാതികളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പരാതികളും അതത് നോഡൽ ഓഫീസർമാർ ഭരണ സമിതി തീരുമാന പ്രകാരം സൂപ്പർ ചെക്കിംഗ്

സംഘങ്ങൾക്ക് നൽകേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികളുടെ വസ്തുതാ വിവര റിപ്പോർട്ട് സൂപ്പർ ചെക്കിംഗ് സംഘം അതത് നോഡൽ ഓഫീസർക്ക് നൽകണം.

സൂപ്പർ ചെക്കിംഗ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചെലവുകൾ അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനം വഹിക്കണം.


തെരഞ്ഞെടുത്ത 20 ശതമാനം വീടുകളിൽ രണ്ടാമത് വിവരശേഖരണ പ്രക്രിയ ആവർത്തിക്കുക എന്നതാണ് സൂപ്പർ ചെക്കിംഗ് സംഘം ചെയ്യേണ്ടത്. സൂപ്പർ ചെക്കിംഗിന് ശേഷം തദ്ദേശ സ്ഥാപന തലത്തിൽ ഉൾപ്പെടുന്ന സൂപ്പർ ചെക്കിംഗ് ഫോമുകൾ എം.ഐ.എസിൽ അപ് ലോഡ് ചെയ്യണം.

പ്രാഥമിക വിവരശേഖരണവും, സൂപ്പർ ചെക്കിംഗിലൂടെ കണ്ടെത്തിയ വിവരങ്ങളും തമ്മിൽ വ്യത്യാസം വരുന്ന ഘട്ടത്തിൽ (മാനദണ്ഡങ്ങളിൽ) അന്തിമ വിവരശേഖരണമായി സൂപ്പർ ചെക്കിംഗ് സംഘത്തിന്റെ വിവരശേഖരണം കണക്കാക്കപ്പെടും. ഈ സാഹചര്യത്തിൽ ബന്ധപ്പെട്ട കുടുംബങ്ങളിലെ സൂപ്പർ ചെക്കിംഗ് ഫലമായിരിക്കും അന്തിമ പട്ടികയിൽ ഉൾപ്പെടുക.

## 6.5. ഹെൽപ് ഡെസ്ക്

പ്രക്രിയയുടെ ഫലപ്രദമായ നടത്തിപ്പിനായി സംസ്ഥാന, ജില്ലാതലങ്ങളിൽ പരിശീലനം ലഭിച്ച മാസ്റ്റർ ട്രെയിനർമാർ, ജനകീയാസൂത്രണ സംസ്ഥാന തല പ്രവർത്തകർ, എം.ഐ.എസ് വികസിപ്പിക്കുന്ന സ്ഥാപനത്തിന്റെ പ്രതിനിധികൾ, സംസ്ഥാന നോഡൽ ഓഫീസിലെ ഒരംഗം, ജനകീയാസൂത്രണം ജില്ലാ ഫെസിലിറ്റേറ്റർമാർ എന്നിവർ അടങ്ങിയ ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കും. സംസ്ഥാന തലത്തിൽ നോഡൽ ഓഫീസറും, ജില്ലാ തലത്തിൽ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്റ്റ് ഡയറക്ടറും ഇവയുടെ കൺവീനർ ആയി പ്രവർത്തിക്കും.

# അന്തിമ പട്ടിക തയ്യാറാക്കൽ



അന്തിമമായി ഭരണസമിതി അംഗീകരിച്ച അതിദരിദ്രരുടെ പട്ടിക എം.ഐ.എസിലും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വൈബ്സൈറ്റിലും പൊതു സ്ഥാപനങ്ങളിലെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കണം.

അന്തിമ പട്ടിക തയ്യാറാക്കുന്ന ചുമതല തദ്ദേശ സ്ഥാപനതല ജനകീയ സമിതിയിൽ നിക്ഷിപ്തമാണ്. വിവരശേഖരണത്തിന് ശേഷം അപ് ലോഡ് ചെയ്ത കുടുംബങ്ങളുടെ വിവരങ്ങൾ ഉപയോഗിച്ച് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എം.ഐ.എസ്) വഴി വാർഡ് തലത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ടവരുടെ പട്ടികകൾ ലഭ്യമാകും.

## 7.1. വാർഡ്/ഗ്രാമസഭകളിൽ അംഗീകാരം നൽകൽ

തദ്ദേശ സ്ഥാപനതല സമിതികൾ എം.ഐ.എസിൽ നിന്നും ശേഖരിച്ച വാർഡ് തല പട്ടികകൾ ഭരണ സമിതിയുടെ പ്രാഥമിക അംഗീകാരത്തിനു ശേഷം വാർഡ് തല സമിതികൾക്ക് നൽകണം. ഇതോടൊപ്പം, ഈ പട്ടികകൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഒപ്പിട്ട് പൊതു ഇടങ്ങളിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളിലും പ്രദർശിപ്പിക്കണം. ഈ കരട് പട്ടിക പ്രത്യേകമായി വിളിച്ചു ചേർക്കുന്ന വാർഡ്/ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

ഇത്തരത്തിൽ വാർഡ്/ഗ്രാമസഭകളിൽ അംഗീകാരം നേടിയ പട്ടിക, തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതിയുടെ അടുത്ത യോഗത്തിൽ അംഗീകരിക്കാം.

## 7.2. പരാതി പരിഹാര സംവിധാനം

പ്രസിദ്ധീകരിച്ച കരട് പട്ടികകളിൽ ഉള്ള പരാതികൾ നൽകുന്നതിന് ഏഴ് ദിവസത്തെ സമയം നൽകേണ്ടതാണ്. ഏഴ് ദിവസത്തിനു ശേഷം പ്രത്യേക ഗ്രാമ/വാർഡ് സഭകൾ ചേർന്ന് പട്ടികകൾ അവതരിപ്പിക്കുകയും ലഭിച്ച പരാതികൾ ചർച്ചയ്ക്കായി വയ്ക്കുകയും ചെയ്യാം. മുകളിൽ നിർദ്ദേശിച്ച പ്രത്യേക ഗ്രാമ/വാർഡ് സഭകളിൽ ആയിരിക്കണം ഈ പ്രക്രിയകൾ നടക്കേണ്ടത്. ഗ്രാമ/വാർഡ് സഭകളിലും പരാതികൾ ഉന്നയിക്കുന്നതിനും അവതരിപ്പിക്കുന്നതിനും അവസരം നൽകണം. ഗ്രാമ/വാർഡ് സഭകൾ ഓരോ പരാതിയും വിശദമായി ചർച്ച ചെയ്ത് കഴിയാവുന്നത്ര പരാതികൾക്ക് ഇവിടെ തന്നെ വ്യക്തത വരുത്താം. ഇത്തരത്തിൽ വാർഡ്/ഗ്രാമസഭകളിൽ അംഗീകാരം നേടിയ പട്ടിക തദ്ദേശ സ്വയം ഭരണ സ്ഥാപനതല

ഭരണ സമിതിയുടെ അംഗീകാരത്തിനായി വിടാം. അവശേഷിക്കുന്ന പരാതികൾ വാർഡ്/ ഗ്രാമസഭയുടെ ശുപാർശ സഹിതം തദ്ദേശ സ്വയം ഭരണ സ്ഥാപനതല ഉപസമിതി പരിശോധിച്ച് തീർപ്പാക്കേണ്ടതാണ്. പരിശോധിച്ച് പരിഹരിക്കാൻ കഴിയാത്ത പരാതികൾ സൂപ്പർ ചെക്കിംഗ് സംഘത്തിന് വിടാം.

സൂപ്പർ ചെക്കിംഗ് സംഘം എടുക്കുന്ന തീരുമാനത്തിൽ പരാതി ഉണ്ടെങ്കിൽ ജില്ലാതലത്തിലും അതിനു ശേഷം സംസ്ഥാന തലത്തിലും ഉള്ള പരാതിപരിഹാര സമിതികൾക്ക് ഓൺലൈൻ ആയോ, നേരിട്ടോ സമർപ്പിക്കാവുന്നതാണ്.

സൂപ്പർ ചെക്കിംഗ് സംഘത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതി യോഗം ചേർന്ന് മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനുള്ള അതിദരിദ്ര പട്ടിക അംഗീകരിക്കാം. പിന്നീട് ജില്ലാ സംസ്ഥാന സമിതികളുടെ പരാതി പരിഹാര തീരുമാനത്തിന്റെ ഭാഗമായി ചേർക്കുന്നതിനോ ഒഴിവാക്കുന്നതിനോ വരുന്ന പേരുകൾ തുടർ പട്ടികയായി നൽകിയാൽ മതിയാകും. പ്രത്യേക ഗ്രമസഭകൾ അംഗീകരിച്ച പട്ടികകൾക്ക് ശേഷം വാർഡ് തല പട്ടികയിൽ വരുത്തിയ മാറ്റങ്ങൾ ഉൾപ്പെടുത്തി അന്തിമ പട്ടിക പിന്നീട് നടക്കുന്ന ഗ്രാമ സഭകളിൽ അവതരിപ്പിച്ച് സ്ഥിരീകരണം നേടിയാൽ മതിയാവും.

സംസ്ഥാന തലത്തിൽ സംസ്ഥാന നോഡൽ ഓഫീസറുടേയും, ജില്ലാ തലത്തിൽ ദാരിദ്ര്യ ലഘൂ കരണ വിഭാഗം ചുമതലയുള്ള പ്രോജക്ട് ഡയറക്ടറുടേയും നേതൃത്വത്തിൽ പരാതികൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കും.

## 7.3. അന്തിമ പട്ടിക - അംഗീകാരവും പ്രസിദ്ധീകരിക്കലും

വാർഡ്/ഗ്രാമസഭകൾ, തദ്ദേശ സ്ഥാപന തല ഉപസമിതികൾ, സൂപ്പർ ചെക്കിംഗ് എന്നിവയിലൂടെ നടക്കുന്ന പരാതി പരിഹരത്തിന് ശേഷം ഉണ്ടാകുന്ന പട്ടിക അന്തിമ പട്ടികയായി പരിഗണിച്ച് ഭരണ സമിതി അംഗീകാരം നൽകാവുന്നതും നോഡൽ ഓഫീസർമാർ ഒപ്പിട്ട് എം. ഐ. എസിലും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വെബ് സൈറ്റിലും പൊതു സ്ഥാപനങ്ങളിലെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കാവുന്നതാണ്. ഈ പട്ടികയുടെ അടിസ്ഥാനത്തിൽ മൈക്രോ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാം.

ജില്ല/ സംസ്ഥാന തലങ്ങളിൽ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ കൂട്ടിച്ചേർക്കേണ്ട/ ഒഴിവാക്കേണ്ട പേരുകൾ പിന്നീട് തുടർ പട്ടികയായി നൽകിയാൽ മതിയാകും.

# അനുബന്ധങ്ങൾ

**അനുബന്ധം – 1**

## ചാർട്ട് പേപ്പർ ഫോർമാറ്റ് •/ വാർഡുതല ചർച്ച/ ഫോക്കസ് ഗ്രൂപ്പ് ചർച്ച കരട് പട്ടിക ക്രോഡീകരണ ഫോർമാറ്റ്

ജില്ല : ബ്ലോക്ക് : ഗ്രാമപഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ : വാർഡ് / ഡിവിഷൻ നമ്പർ : തിയ്യതി:

ഗ്രൂപ്പ് ചർച്ച: വാർഡ് സമിതി/ ഫോക്കസ് ഗ്രൂപ്പ് 1/ ഫോക്കസ് ഗ്രൂപ്പ്2

| ക്രമ നം. | കുടുംബനാഥ / നാഥൻ / താമസ സ്ഥലം ഇല്ലാതെ അലയുന്ന വ്യക്തിയുടെ പേര് | ലിംഗം | വാസസ്ഥലം / കണ്ടെത്തിയ പ്രദേശം | അതിദാരിദ്ര്യത്തിന്റെ പൊതുഘടകം (•ബാധകമായ ക്ലേശഘടകങ്ങളുടെ എണ്ണം) | | | | | | | | പ്രത്യേക സാമൂഹിക വിഭാഗം (•ബാധകമായ ക്ലേശഘടകങ്ങളുടെ എണ്ണം) | | | | സാമൂഹിക ദുർബലത അനുഭവിക്കുന്ന വിഭാഗം (•ബാധകമായ ക്ലേശഘടകങ്ങളുടെ എണ്ണം) | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ഭക്ഷണ ലഭ്യത ഇല്ലാത്ത കുടുംബം | | ആരോഗ്യപരമായ കാരണങ്ങളാൽ ആസ്തി നഷ്ടപ്പെട്ട കുടുംബം | | സ്ഥിരമായ വരുമാനം ഇല്ലാതെ കഷ്ടപ്പെടുന്ന കുടുംബം | | സ്ഥിരമായ വാസസ്ഥലം ഇല്ലാതെ അലയുന്ന കുടുംബം | | | | | | | | |
| | | | | അതിതീവ്ര ക്ലേശഘടകം | തീവ്ര ക്ലേശഘടകം | അതിതീവ്ര ക്ലേശഘടകം | തീവ്ര ക്ലേശഘടകം | അതിതീവ്ര ക്ലേശഘടകം | തീവ്ര ക്ലേശഘടകം | അതിതീവ്ര ക്ലേശഘടകം | തീവ്ര ക്ലേശഘടകം | പട്ടിക വർഗ്ഗ കുടുംബം | പട്ടികജാതി കുടുംബം | തീരദേശ വാസി | നഗരദരിദ്രർ | HIV ബാധിതർ ഉള്ള ദരിദ്ര കുടുംബം | അനാഥർ ആയ കുട്ടികൾ ഉള്ള ദരിദ്ര കുടുംബം | LGBTQIA+ വിഭാഗത്തിൽ ഉള്ള അംഗങ്ങൾ ഉള്ള ദരിദ്ര കുടുംബം |
| | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | |

ഒപ്പ്
വാർഡ് ഓഫീസർ

## അനുബന്ധം - 2

## വാർഡുതല ചർച്ച/ ഫോക്കസ് ഗ്രൂപ്പ് ചർച്ച ക്രോഡീകരണ ഫോർമാറ്റ്

| | |
|---|---|
| തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | |
| വാർഡ് നമ്പർ | |
| പങ്കെടുത്ത ആളുകളുടെ എണ്ണം | |
| ചർച്ച നടന്ന സ്ഥലം, സമയം | |
| ചർച്ച ഫെസിലിറ്റേറ്റ് ചെയ്തവരുടെ പേരും, വിലാസവും, ഫോൺ നമ്പറും | |
| ചർച്ച തുടങ്ങിയതും അവസാനിച്ചതുമായ സമയം | |
| ഗ്രൂപ്പ് ചർച്ചയിൽ പട്ടികപെടുത്തിയ അകെ കുടുംബംങ്ങളുടെ എണ്ണം | |

- ☐ ക്ലസ്റ്റർ
  - ☐ സാമൂഹിക സംഘടന
  - ☐ കുടുംബശ്രീ
- ☐ പ്രാഥമിക വാർഡ്തല സമിതി
- ☐ സാമൂഹിക സംഘടന
- ☐ കുടുംബശ്രീ
- ☐ അന്തിമ വാർഡ്തല സമിതി

റിമാർക്സ്

*അനുബന്ധം : രജിസ്ട്രേഷൻ ഫോറം*

## വിവരശേഖരണത്തിനുള്ള വാർഡ്തല പട്ടിക

ജില്ല : ബ്ലോക്ക് : ഗ്രാമപഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ : വാർഡ് / ഡിവിഷൻ നമ്പർ : തിയ്യതി:

| ക്രമ നം. | കുടുംബനാഥ / നാഥൻ /താമസ സ്ഥലം ഇല്ലാതെ അലയുന്ന വ്യക്തിയുടെ പേര് | ലിംഗം | വാസസ്ഥലം /കണ്ടെത്തിയ പ്രദേശം | അതിദാരിദ്ര്യത്തിന്റെ പൊതുഘടകം (ബാധകമായ ക്ലേശഘടകങ്ങളുടെ എണ്ണം) | | | | | | | | പ്രത്യേക സാമൂഹിക വിഭാഗം (ബാധകമായ ക്ലേശഘടകങ്ങളുടെ എണ്ണം) | | | | സാമൂഹിക ദുർബലത അനുഭവിക്കുന്ന വിഭാഗം (ബാധകമായ ക്ലേശഘടകങ്ങളുടെ എണ്ണം) | | | ബാധകമായ അതിതീവ്ര ക്ലേശഘടകങ്ങളുടെ എണ്ണം | ബാധകമായ തീവ്ര ക്ലേശഘടകങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ഭക്ഷണ ലഭ്യത ഇല്ലാത്ത കുടുംബം | | ആരോഗ്യപരമായ കാരണങ്ങളാൽ ആസ്തി നഷ്ടപ്പെട്ട കുടുംബം | | സ്ഥിരമായ വരുമാനം ഇല്ലാതെ കഷ്ടപ്പെടുന്ന കുടുംബം | | സ്ഥിരമായ വാസസ്ഥലം ഇല്ലാതെ അലയുന്ന കുടുംബം | | | | | | | | | | |
| | | | | അതിതീവ്ര ക്ലേശഘടകം | തീവ്ര ക്ലേശഘടകം | അതിതീവ്ര ക്ലേശഘടകം | തീവ്ര ക്ലേശഘടകം | അതിതീവ്ര ക്ലേശഘടകം | തീവ്ര ക്ലേശഘടകം | അതിതീവ്ര ക്ലേശഘടകം | തീവ്ര ക്ലേശഘടകം | പട്ടിക വർഗ്ഗ കുടുംബം | പട്ടികജാതി കുടുംബം | തീരദേശ വാസി | നഗരദരിദ്രർ | HIV ബാധിതർ ഉള്ള ദരിദ്ര കുടുംബം | അനാഥർ ആയ കുട്ടികൾ ഉള്ള ദരിദ്ര കുടുംബം | LGBTQIA+ വിഭാഗത്തിൽ ഉള്ള അംഗങ്ങൾ ഉള്ള ദരിദ്ര കുടുംബം | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | |

ഒപ്പ്
വാർഡ് ഓഫീസർ

ഒപ്പ്
നോഡൽ ഓഫീസർ

## അനുബന്ധം – 4

## എന്യൂമറേറ്റർക്കുള്ള അപേക്ഷ ഫോം

| | |
|---|---|
| അപേക്ഷക/ന്റെ പേര് | |
| ജെൻഡർ | |
| വിലാസം | |
| തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | |
| വാർഡ് നമ്പർ | |
| ഇമെയിൽ വിലാസം | |
| മൊബൈൽ/ലാൻഡ് ഫോൺ | |
| വാട്ട്സ്ആപ്പ് നമ്പർ | |
| ജനന തിയ്യതി | |
| വിദ്യാഭ്യാസ യോഗ്യത | |
| സ്മാർട്ട് ഫോൺ ആപ്പ് ഉപയോഗിച്ച് വിവരങ്ങൾ ശേഖരിക്കാനുള്ള അറിവ് | ☐ ഉണ്ട് ☐ ഇല്ല |

## അനുബന്ധം – 5

## നിർവഹണ കലണ്ടർ

| ക്രമ നമ്പർ | പ്രവർത്തനം | തീയതി |
|---|---|---|
| 1 | തദ്ദേശസ്വയംഭരണ സ്ഥാപനതല ജനകീയ സമിതി രൂപീകരണം | 30/10/2021 |
| 2 | വാർഡ്തല ജനകീയ സമിതികളുടെ രൂപീകരണം | 10/11/2021 |
| 3 | എന്യൂമറേറ്റർമാരെ കണ്ടെത്തൽ. വാർഡ് തലത്തിൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തൽ | 30/10/2021 – 05/11/2021 |
| 4 | തദ്ദേശസ്വയംഭരണ സ്ഥാപനതല പരിശീലനങ്ങൾ പൂർത്തീകരിക്കൽ | 05/11/2021 |
| 5 | വാർഡ്തല ജനകീയ സമിതികൾ ഫോക്കസ് ചർച്ചയിൽ പങ്കെടുക്കേണ്ട ആളുകളുടെ ലിസ്റ്റ് തയ്യാറാക്കൽ | 10/11/2021 |
| 6 | ഫോക്കസ് ഗ്രൂപ്പ് ചർച്ചക്കാവശ്യമായ പ്രവർത്തന കലണ്ടർ തയ്യാറാക്കൽ | 10/11/2021 |
| 7 | അതിദരിദ്രർക്കായിട്ടുള്ള വിവിധ പദ്ധതികളുടെ പട്ടികകൾ എകോപിക്കുക | 10/11/2021 |
| 8 | വാർഡ് അടിസ്ഥാനത്തിൽ ഏകോപിപ്പിച്ച പട്ടികകൾ വാർഡ്/ ഡിവിഷൻ തലത്തിലേക്ക് കൈമാറൽ | 10/11/2021 |
| 9 | ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ | 10/11/2021 – 15/11/2021 |
| 10 | വിവിധ ഫോകസ് ഗ്രൂപ്പ് ചർച്ചയിലൂടെ കണ്ടെത്തിയ അതിദരിദ്രരുടെ പ്രാഥമിക പട്ടിക തയ്യാറാക്കൽ/ അന്തിമ വാർഡ് തല യോഗം | 15/11/2021 |
| 11 | എന്യൂമറേഷൻ ടീമിനുള്ള വിവരശേഖരണത്തിനുള്ള പരിശീലനം | 05/11/2021 – 10/11/2021 |
| 12 | വാർഡ് തല സമിതിയിൽ പ്രാഥമിക പട്ടിക രൂപപ്പെടുത്തുക. അതിദരിദ്രരുടെ സാധ്യതാപട്ടിക എൽ.എസ്.ജി.ഡി നോഡൽ ഓഫീസർ ഉൾപ്പെട്ട സമിതിക്ക് പരിശോധനയ്ക്ക് സമർപ്പിക്കുക. | 16/11/2021 – 17/11/2021 |
| 13 | പുനഃപരിശോധന ആവശ്യമുള്ള വാർഡുകൾ മാത്രം പരിശോധന പൂർത്തിയാക്കി ലിസ്റ്റ് നോഡൽ ഓഫീസർക്ക് സമർപ്പിക്കുക. | 19/11/2021 |
| 14 | നോഡൽ ഓഫീസറുടെ അംഗീകാരത്തോടെ മൊബൈൽ ആപ്പിൽ സാധ്യതാ ലിസ്റ്റിൽ ഉള്ളവരുടെ പേര് വിവരങ്ങൾ എന്നിവ രേഖപ്പെടുത്തൽ. | 20/11/2021 – 21/11/2021 |
| 15 | എം.ഐ.എസിൽ രേഖപ്പെടുത്തിയ സാധ്യതാപട്ടികയിൽ ഉള്ളവരുടെ വിവരശേഖരണം | 22/11/2021 – 02/12/2021 |
| 16 | വാർഡ് സമിതിക്ക് വിവരശേഖരണം പൂർത്തീകരിച്ച ലിസ്റ്റ് നൽകലും അവയുടെ പരിശോധനയ്ക്കുശേഷം തദ്ദേശസ്വയംഭരണ തല നോഡൽ ഓഫീസർക്ക് കൈമാറലും | 01/12/2021 – 02/12/2021 |

| | | |
|---|---|---|
| 17 | ജനകീയ കമ്മിറ്റികളിലും ഭരണസമിതികളിലും ലിസ്റ്റ് പരിശോധിക്കലും പ്രസിദ്ധീകരിക്കലും ഗ്രാമസഭയ്ക്ക് കൈമാറലും | 03/12/2021 - 05/12/2021 |
| 18 | ഗ്രാമസഭകൾ ചേരൽ, ലിസ്റ്റ് അംഗീകരിക്കൽ | 03/12/2021 - 10/12/2021 |
| 19 | പരാതികൾ സ്വീകരിക്കേണ്ടതും ജനകീയ സമിതികളുടെ പരിശോധനയും | 03/12/2021 - 13/12/2021 |
| 20 | പരാതി പരിശോധന, 20% സൂപ്പർ ചെക്ക് | 14/12/2021 - 20/12/2021 |
| 21 | വാർഡ്തല അതിദരിദ്രരുടെ അന്തിമപട്ടിക പഞ്ചായത്ത് തല സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുക | 21/12/2021 - 23/12/2021 |
| 22 | ഭരണ സമിതി അംഗീകരിച്ച പട്ടിക എം.ഐ.എസിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വെബ്സൈറ്റിലും പൊതുസ്ഥലങ്ങളിലെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുക | 24/12/2021 - 26/12/2021 |
| 23 | അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള പ്രക്രിയയുടെ പൂർത്തീകരണം | 28/12/2021 |

## അനുബന്ധം – 6

## ചോദ്യാവലിക്കുള്ള വിശദീകരണ കുറിപ്പുകൾ

താഴെ തന്നിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായാണ് ചോദ്യാവലി പൂരിപ്പിക്കേണ്ടത്. ദരിദ്രരെയല്ല അതിദരിദ്രരെ കണ്ടെത്തുന്നതിനായാണ് നമ്മൾ ഈ പ്രവർത്തനം ചെയ്യുന്നത്. അതിനാൽ തന്നെ ഈ പ്രവർത്തനം വസ്തുനിഷ്ഠതയോടെ നിർവ്വഹിക്കേണ്ടതുണ്ട്. താഴെ തന്നിരിക്കുന്ന ചോദ്യാവലിയിലെ ചോദ്യങ്ങളെ അവയുടെ പ്രാധാന്യത്തിനനുസരിച്ച് അതി തീവ്ര ക്ലേശ ഘടകം, തീവ്ര ക്ലേശ ഘടകം എന്നിങ്ങനെ രണ്ട് തരത്തിൽ തിരിച്ചിട്ടുണ്ട്. അതി തീവ്ര ക്ലേശ ഘടകത്തിൽ ഒന്ന് ബാധകമാവുന്ന കുടുംബം പട്ടികയിൽ ഉൾപ്പെടാൻ അർഹരാണ്. രണ്ട് തീവ്ര ക്ലേശ ഘടകം ബാധകമായ കുടുംബവും ഈ രീതിയിൽ അർഹരാവും. കുടുംബത്തെ അടിസ്ഥാനമാക്കി ചെയ്യുന്ന ഈ പ്രക്രിയയിൽഒരു അതി തീവ്ര ക്ലേശ ഘടകമോ രണ്ട് തീവ്ര കേശ ഘടകമോ ബാധകമായ കുടുംബങ്ങളെയാണ് നമ്മൾ അതി ദരിദ്രരായി കണക്കാക്കുന്നത്. മറ്റ് വിവരശേഖരണങ്ങളിൽ നിന്നും വ്യത്യസ്തമായി ആരേയും ഒഴിവാക്കാതിരിക്കാൻ ചെയ്തിട്ടുള്ള ഈ രീതിശാസ്ത്രപ്രകാരം അർഹരായ ആരും തന്നെ വിട്ടുപോയിട്ടില്ല എന്ന് ഉറപ്പുവരുത്തുന്നതിനോടൊപ്പം തന്നെ നമുക്ക് അനർഹരെ ഒഴിവാക്കേണ്ടതുമുണ്ട്. അതിനാൽ തന്നെ ഈ സൂചകങ്ങൾ കൃത്യമായി പിന്തുടരുന്നതിനപ്പുറം പ്രത്യേക ശ്രമത്തിലൂടെ ആരേയും ഉൾപ്പെടുത്താൻ എന്യൂമറേറ്റർമാർ ശ്രമിക്കേണ്ടതില്ല. അത്തരം ശ്രമങ്ങൾ നമ്മുടെ പ്രവർത്തനത്തിന്റെ അന്തഃസത്തയെ തന്നെ ബാധിക്കും. അതിനാൽ തന്നെ താഴെ നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ ഏവരും ശ്രദ്ധിക്കുമല്ലോ. ചോദ്യാവലിയിലെ ചോദ്യത്തിന്റെ നമ്പറിനനുസരിച്ച് തന്നെയാണ് വിശദീകരണങ്ങളും നൽകിയിട്ടുള്ളത്. ചോദ്യാവലിയിൽ ആദ്യത്തെ ഭാഗത്ത് കുടുംബത്തിന്റെ അടിസ്ഥാന വിവരങ്ങളും പിന്നീട് അതിദാരിദ്ര്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ശേഖരിക്കുന്ന മറ്റ് വിവരങ്ങളും ഉൾപ്പെടുന്നു

പരിശീലനത്തിനായി തയ്യാറാക്കിയ കൈപ്പുസ്തകം പൂർണ്ണമായും വായിച്ചതിനു ശേഷമേ എന്യൂമറേറ്റർമാർ വിവരശേഖരണ പ്രവർത്തനങ്ങൾ നടത്താവൂ.

## കുടുംബം എന്നതിന്റെ നിർവചനം

അതി ദരിദ്രരെ കണ്ടെത്തുന്നതിനുള്ള ഈ പദ്ധതിയുടെ അടിസ്ഥാന യൂണിറ്റ് കുടുംബമാണ്. അതിനായി കുടുംബത്തെ കൃത്യമായി നിർവചിക്കേണ്ടിയിരിക്കുന്നു. ഒരു കൂരയ്ക്കു കീഴിൽ ഒരു കുടുംബത്തിലെ അംഗങ്ങൾ ഒറ്റയ്ക്കോ കൂട്ടമായോ താമസിക്കുന്നതിനെ കുടുംബമായി കണക്കാക്കാം. ഒരാൾ മാത്രമാണ് ഒരു വീട്ടിൽ താമസിക്കുന്നത് എങ്കിലും അയാളെ ഒരു കുടുംബമായി കണക്കാക്കണം. ഒരു സ്ഥലത്ത് നിശ്ചിത കാലയളവിൽ താമസിക്കുന്നവരായ ജന വിഭാഗങ്ങളേയും അലഞ്ഞു കൊണ്ടിരിക്കുന്ന വിഭാഗങ്ങളേയും ഇവിടെ പരിഗണിക്കാവുന്നതാണ്. പ്രത്യേകിച്ച് വീടോ താമസ സ്ഥലമോ ഇല്ലാതെ തെരുവിലോ കടത്തിണ്ണയിലോ വ്യക്തിയോ കുടുംബമോ വസിക്കുന്നു എങ്കിൽ അവരെയും ഒരു കുടുംബമായി കണക്കാക്കണം. ഒരു വർഷത്തിൽ കൂടുതൽ ഒരാൾ ഒരു വീട്ടിൽ താമസക്കാരൻ/താമസക്കാരി ആണെങ്കിൽ മാത്രമേ അവരെ ഒരു കുടുംബത്തിലെ അംഗമായി പരിഗണിക്കേണ്ടതുള്ളൂ. അഞ്ചു വർഷമായി കേരളത്തിൽ സ്ഥിരമായി താമസിക്കുന്ന, വിവിധ തൊഴിലുകളിൽ ഏർപ്പെടുന്ന അതിഥി തൊഴിലാളികളെയും കുടുംബം എന്ന പരിഗണനയിൽ കൊണ്ടുവരാം. എന്നാൽ പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ കേരളത്തിന് പുറത്ത് കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ഏതെങ്കിലും ഒരു സീസണിൽ താൽക്കാലിക ജോലി തേടി പോയ അംഗത്തെയും കുടുംബാംഗമായി പരിഗണിക്കും. എന്നാൽ

ഈ വ്യക്തികൾ നിലവിൽ ഈ വീട്ടിലെ താമസക്കാർ ആയിരിക്കുകയും വേണം. ഒരു കൂരയ്ക്കു കീഴിൽ രണ്ട് കുടുംബങ്ങൾ താമസിക്കുന്നുണ്ടെങ്കിൽ രണ്ട് വീട്ട് നമ്പർ ഉണ്ടെങ്കിൽ മാത്രമേ രണ്ട് കുടുംബമായി കണക്കാക്കുകയുള്ളൂ.

# ചോദ്യങ്ങളുടെ വിശദീകരണം

## ഭാഗം ഒന്ന്: അടിസ്ഥാന വിവരങ്ങൾ

### a. എന്യൂമറേറ്ററുടെ പേരും ഐ.ഡി നമ്പറും:

വിവരം ശേഖരിക്കുന്നത് രണ്ട് പേരടങ്ങുന്ന എന്യൂമറേഷൻ ടീം ആയിരിക്കും. വിവരങ്ങൾ എം.ഐ.എസ് ലേക്ക് ചേർക്കുന്ന ആളുടെ പേരാണ് ഇവിടെ നൽകേണ്ടത്. പേര് നൽകുമ്പോൾ ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ അക്ഷരത്തെറ്റ് വരുത്താതെ നൽകണം. പേര് ഒരിക്കൽ നൽകുന്ന അതേ ഫോർമാറ്റിൽ തന്നെ എല്ലാ ഫോമിലും വിവരങ്ങൾ നൽകുക. ഐ ഡി നമ്പർ എം.ഐ.എസ് വഴി ലഭ്യമാകും. ഓരോ എന്യൂമറേറ്ററുടെും ഐഡി നമ്പർ വത്യസ്ഥമായിരിക്കും. പേര് നൽകുന്ന എന്യൂമറേറ്ററുടെ തന്നെ ഐഡി നമ്പർ ആണ് ഇവിടെ രേഖപ്പെടുത്തേണ്ടത്

### b. ജില്ല : ________________ ; ബ്ലോക്ക് :________________

ചോദ്യോത്തര ഭാഗത്തിൽ സ്ക്രോൾ ചെയ്യുമ്പോൾ ബാധകമായി വരുന്ന ജില്ല (കുടുംബം ഉൾപ്പെടുന്ന ജില്ലയാണ്) തെരഞ്ഞെടുക്കേണ്ടത്

### c. ☐ ഗ്രാമ പഞ്ചായത്ത് ☐ മുനിസിപ്പാലിറ്റി ☐ കോർപ്പറേഷൻ

കുടുംബം ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തരം രേഖപ്പെടുത്തുക

### d. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്:

കുടുംബം ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് രേഖപ്പെടുത്തുക

### e. വാർഡ് നമ്പർ :

കുടുംബം ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഡ് നമ്പർ രേഖപ്പെടുത്തുക. (സ്ഥിരമായ വാസസ്ഥലം ഇല്ലാത്ത വ്യക്തിയാണെങ്കിൽ, വ്യക്തിയെ കണ്ടെത്താൻ സഹായിക്കുന്ന വാർഡ് നമ്പർ ഇവിടെ പരിഗണിക്കാം)

### f. തീയതി:

വിവരങ്ങൾ ശേഖരിക്കുന്ന തീയതി

### g. ചോദ്യാവലി നമ്പർ:

ഓരോ സർവേയും വേർതിരിക്കാൻ സാധിക്കുന്ന വ്യത്യസ്തമായ നമ്പർ ആണിത്. ഈ നമ്പർ മൊബൈൽ ആപ്പിൽ സ്വയമേവ തന്നെ വരുന്നതായിരിക്കും.

### h. കുടുംബനാഥയുടെ/ കുടുംബനാഥന്റെ പേര്:

സ്ത്രീകൾ കുടുംബനാഥയായ കുടുംബങ്ങളിൽ സ്ത്രീകളുടെ പേര് കുടുംബനാഥയായി രേഖപ്പെടുത്തുക. ഇല്ലാത്ത ഇടങ്ങളിൽ കുടുംബത്തിലെ മുഖ്യ വരുമാനധായകന്റെ പേരാണ് കുടുംബനാഥ/കുടുംബനാഥൻ എന്ന സ്ഥലത്ത് രേഖപ്പെടുത്തേണ്ടത്. റേഷൻ കാർഡ് ഉള്ള കുടുംബങ്ങളിൽ റേഷൻ കാർഡ് അടിസ്ഥാനമാക്കി കുടുംബനാഥയുടെ/ കുടുംബനാഥന്റെ പേര് രേഖപ്പെടുത്താം. കുടുംബനാഥയുടെ/ ന്റെ പേര് ചേർക്കുന്നതിനു മുൻപ് കുടുംബത്തെപ്പറ്റിയുള്ള വിശദീകരണം വായിക്കേണ്ടതാണ്.

### i. വിലാസം:

വിലാസം ഒരേ സമയം രേഖപ്പെടുത്തുകയും ജി.പി.എസ് വഴി ശേഖരിക്കുകയും വേണം. യഥാർത്ഥ

ത്തിൽ ഈ വിവരശേഖരണം കഴിഞ്ഞതിന് ശേഷവും നമുക്ക് എത്തിച്ചേരുന്നതിനായാണ് നമ്മൾ വിലാസം ശേഖരിക്കുന്നത്. അതിനാൽ തന്നെ വിലാസം കൃത്യമാകുന്നതിന് ശ്രദ്ധ കൊടുക്കണം. നിലവിൽ രേഖകളിലുള്ള വിലാസങ്ങൾക്കപ്പുറത്ത് നൽകാൻ കഴിയുന്ന ദിശാ സൂചകങ്ങളും ഉൾപ്പെടുത്താവുന്നതാണ്. വിലാസം ഇല്ലാത്ത കുടുംബങ്ങളാണെങ്കിൽ ആ കുടുംബത്തിലേക്ക് പിന്നീട് എത്തിച്ചേരാവുന്ന പ്രദേശം രേഖപ്പെടുത്തുകയും ജിയോ ടാഗ് ചെയ്യാവുന്നതും ആണ്. കടത്തിണ്ണകളിലും വഴിയോരങ്ങളിലും അന്തിയുറങ്ങുന്ന വരാണെങ്കിൽ അവരിലേക്ക് രണ്ടാമത് എത്തിച്ചേരാൻ സഹായിക്കുന്ന വിശദീകരണങ്ങളാണ് നൽകേണ്ടത്.

വീട്ടുപേര് : ______________________
സ്ഥലം : ______________________
പിൻകോഡ് : ______________________
ലാൻഡ് മാർക്ക് : ______________________

**ജിയോ ടാഗിങ്** – ജിയോ ടാഗിങ് എന്നത് ഒരു ഭൂപ്രദേശത്തിന്റെ നിശ്ചിത ഭാഗം കൃത്യതയോടെ രേഖപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന സാങ്കേതിക സംവിധാനമാണ്. ജിയോ ടാഗിങ്ങിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിനായി ചില കാര്യങ്ങൾ മനസ്സിൽ വയ്ക്കേണ്ടതുണ്ട്. ജിയോ ടാഗിങ് തുറസ്സായ സ്ഥലത്താണ് ചെയ്യേണ്ടത്. കൃത്യത (Accuracy) 10 മീറ്ററിനടുത്ത് ഉറപ്പാക്കണം. ജിയോ ടാഗിങ്ങിനായി തെരഞ്ഞെടുക്കുന്ന വീട്/സ്ഥലത്തിന്റെ പരമാവധി അടുത്ത് നിന്ന് വേണം വിവരങ്ങൾ ശേഖരിക്കേണ്ടത്.
മൊബൈൽ ഫോൺ/ടാബ്ലെറ്റിൽ ജിയോ ടാഗിങ് ബട്ടൺ അമർത്തിയശേഷം അഞ്ചു മിനിറ്റ് സമയമെങ്കിലും കാത്തിരുന്നതിന് ശേഷം മാത്രമേ ജിയോ ടാഗിങ് ഫലപ്രദമായി രേഖപ്പെടുത്തപ്പെടുകയുള്ളൂ. ഇതിനാൽ അത്രയും സമയം എന്യൂമറേറ്റർമാർ കാത്തിരിക്കാൻ ക്ഷമ കാണിക്കണം.

## j. റേഷൻ കാർഡിലെ മുൻഗണനാ വിഭാഗം

☐ AAY ☐ PHH ☐ NPS ☐ NPNS ☐ NPI ☐ റേഷൻ കാർഡ് ഇല്ല

അന്ത്യോദയ അന്ന യോജന (AAY), മുൻഗണനാ വിഭാഗം (PHH), പൊതു വിഭാഗം സബ്സിഡി (NPS), പൊതു വിഭാഗം (NPNS), പൊതു വിഭാഗം സ്ഥാപനം (NPI)
[റേഷൻ കാർഡ് വിവരങ്ങൾ- കുടുംബത്തിന് ഉപയോഗ യോഗ്യമായ റേഷൻ കാർഡ് ഇല്ലെങ്കിൽ "ഇല്ല" എന്ന് രേഖപ്പെടുത്താം. കാർഡ് ഉണ്ടെങ്കിൽ, റേഷൻ കാർഡിന്റെ തരം (മുൻഗണനാ വിഭാഗം), രേഖപ്പെടുത്തുക.]

### j.1. റേഷൻ കാർഡ് നമ്പർ ______________________________

[റേഷൻ കാർഡിന്റെ നമ്പർ തുടങ്ങിയവയും യഥാസ്ഥലങ്ങളിൽ രേഖപ്പെടുത്തുക.
റേഷൻ കാർഡിൽ ഉൾപ്പെടാത്ത അംഗങ്ങൾ കുടുംബത്തിൽ താമസിക്കുന്നുണ്ട് എങ്കിൽ അവരുടെ വിവരങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്ത് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. റേഷൻ കാർഡ് ഇല്ല എങ്കിൽ ഈ ചോദ്യം (j.1) ബാധകമല്ല]

## k. കുടുംബനാഥയുടെ/ കുടുംബനാഥന്റെ ആധാർ കാർഡ് ☐ ഉണ്ട് ☐ ഇല്ല

### k.1. ആധാർ കാർഡ് നമ്പർ ______________________

[കുടുംബനാഥയുടേയോ/നാഥന്റേയോ ആധാർ വിവരങ്ങളാണ് ഇവിടെ ചോദിക്കുന്നത്. ഒരാൾ മാത്രമുള്ള കുടുംബമാണെങ്കിൽ ആ വ്യക്തിയുടെ വിവരങ്ങൾ രേഖപ്പെടുത്താം. ആധാർ കാർഡ് ഇല്ലാത്തവരാണെങ്കിൽ ഇല്ല എന്ന് രേഖപ്പെടുത്തുക]

l. കുടുംബനാഥയുടെ/ കുടുംബനാഥന്റെ വോട്ടേഴ്സ് ഐ.ഡി ☐ ഉണ്ട് ☐ ഇല്ല

l.1. ഉണ്ട് എന്നാണെങ്കിൽ വോട്ടേഴ്സ് ഐഡി നമ്പർ ____________________

[കുടുംബനാഥയുടേയോ/നാഥന്റേയോ വോട്ടേഴ്സ് ഐ.ഡി വിവരങ്ങളാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്. ഒരാൾ മാത്രമുള്ള കുടുംബമാണെങ്കിൽ ആ വ്യക്തിയുടെ വിവരങ്ങൾ രേഖപ്പെടുത്താം. കാർഡ് ഇല്ലാത്തവരാണെങ്കിൽ ഇല്ല എന്ന് രേഖപ്പെടുത്തുക.]

m. വിഭാഗം- ☐ SC ☐ ST ☐ മറ്റ് വിഭാഗങ്ങൾ ☐ അറിയില്ല

[SC അല്ലെങ്കിൽ ST അല്ലെങ്കിൽ മറ്റു വിഭാഗങ്ങളിൽപ്പെടുന്ന കുടുംബമാണെങ്കിൽ ഇവിടെ രേഖപ്പെടുത്താവുന്നതാണ്. മാനസിക വെല്ലുവിളികൾ നേരിടുന്നവരുൾപ്പെടെ ഉള്ളവരുടെ വിഭാഗം തിരിച്ചറിയാനാവാത്ത സാഹചര്യം ഉണ്ടായാൽ "അറിയില്ല" എന്ന് രേഖപെടുത്താം.]

m.1. മുകളിൽപ്പറഞ്ഞ ചോദ്യത്തിന് "അറിയില്ല" എന്നാണ് മറുപടി എങ്കിൽ വിശദീകരണം നൽകുക (50 വാക്കിൽ കവിയാതെ) ________________________________________

______________________________________________________________

______________________________________________________________

n. തീരദേശ വാസികളാണോ? ☐ അതെ ☐ അല്ല

[തീരദേശത്തു നിന്നും 500 മീറ്ററിനുള്ളിൽപ്പെടുന്ന സ്ഥലത്ത് താമസിക്കുന്ന കുടുംബം.]

o. കുടുംബാംഗങ്ങളുടെ വിവരങ്ങൾ [നിലവിലെ താമസക്കാർ]

| പേര് (ഇംഗ്ലീഷിൽ) | | കുടുംബ നാഥ/ നാഥനുമായുള്ള ബന്ധം (കോഡ് 1) | റേഷൻ കാർഡിൽ പേര് ഉണ്ടോ? (കോഡ് 2) | റേഷൻ കാർഡിൽ പേര് ഇല്ലെങ്കിൽ കാരണം? | വയസ്സ് | ലിംഗപദവി (കോഡ് 3) | വിദ്യാഭ്യാസ യോഗ്യത (കോഡ് 4) |
|---|---|---|---|---|---|---|---|
| ആദ്യഭാഗം | രണ്ടാം ഭാഗം | | | | | | |
| ഉദാഹരണം: Ramanadhan | PS | | | | | | |
| ഉദാഹരണം: Mary | Ann Dicosta | | | | | | |
| ഉദാഹരണം: KS Madhavan എന്ന പേര് എഴുതേണ്ടത് രീതി: Madhavan | KS | | | | | | |
| | | | | | | | |
| | | | | | | | |

[കോഡ് 1 : 1-കുടുംബനാഥ/ നാഥൻ, 2-ഭാര്യ, 3-ഭർത്താവ്, 4-അച്ഛൻ, 5-അമ്മ, 6-മകൾ, 7-മകൻ, 8-മരുമകൾ, 9-മരുമകൻ, 10-ചെറുമകൻ, 11-ചെറുമകൾ, 12-മറ്റുബന്ധുക്കൾ, 13- സഹോദരി/ൻ, 14-ബന്ധമില്ല.

കോഡ് 2: 1 = ഉണ്ട്, 0= ഇല്ല

കോഡ് 3: സ്ത്രീ – 1, പുരുഷൻ- 2, ട്രാൻസ് ജെൻഡർ- 3

കോഡ് 4: 1- നിരക്ഷരൻ, 2- എൽ.പി.എസ് (1-4), 3- യു.പി.എസ് (5-7), 4- ഹൈസ്കൂൾ (8-10), 5-പത്താം തരത്തിനു മുകളിൽ]

കുടുംബാംഗങ്ങളുടെ വിവരങ്ങൾ - ഈ ഭാഗത്ത് കുടുംബത്തിലെ എല്ലാ അംഗങ്ങളുടേയും വിവരങ്ങൾ രേഖപ്പെടുത്തണം. കുടുംബനാഥ/നാഥനുമായുള്ള ബന്ധം എന്ന ഭാഗത്ത് കുടുംബനാഥ/നാഥനുമായി നേരിട്ട് ബന്ധമില്ലാത്തവർ പ്രസ്തുത കുടുബത്തിൽ താമസിക്കുന്നുണ്ടെങ്കിൽ അവരുടെ വിവരങ്ങളും ഉൾപ്പെടുത്താവുന്നതാണ്. അവർക്ക് കുടുംബനാഥ/നാഥനുമായി ബന്ധമില്ല എന്നാണെങ്കിൽ കോഡ് 14-ബന്ധമില്ല എന്ന് ചേർക്കാം. കൂടാതെ ബന്ധമില്ല എന്നത് രേഖപ്പെടുത്തുകയാണെങ്കിൽ അവ വിശദമാക്കുകയും വേണം. ബന്ധമില്ല എന്നത് രേഖപ്പെടുത്തുകയാണെങ്കിൽ ഏതു പശ്ചാത്തലത്തിലാണ് വീട്ടിൽ വസിക്കുന്നത് എന്ന് വിശദീകരണമായി നൽകാം.]

## ഭാഗം രണ്ട്

## 1. ഭക്ഷണ ലഭ്യത / പോഷകാഹാരം

### 1.1. അതി വാർദ്ധക്യം മൂലം ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ ആകാത്ത കുടുംബമാണോ?

☐ ആണ് ☐ അല്ല

[വാർധക്യസഹജമായ രോഗങ്ങൾ മൂലം ചലനശേഷിയിൽ തടസ്സങ്ങൾ ഉള്ളതിനാൽ ഭക്ഷണം പാകം ചെയ്യുന്നതിനുള്ള ശേഷി ഇല്ലാത്ത 70 വയസ്സിന് മുകളിലുള്ള ആളുകളെ "അതി വാർദ്ധക്യം മൂലം" എന്ന പരിഗണനയിൽ കൊണ്ടു വരാവുന്നതാണ്.

ഇവർക്ക് സർക്കാർ സംവിധാനങ്ങളിലൂടെ ഭക്ഷണസാധനങ്ങൾ ലഭ്യമാണ് എങ്കിലും അത് പാചകം ചെയ്ത് കഴിക്കാൻ ആകുന്നില്ല എന്നതിനെയാണ് പരിഗണിക്കേണ്ടത്. റേഷൻകടയിൽ, പൊതുവിപ ണിയിൽ ഭക്ഷ്യ ധാന്യങ്ങൾ കൊണ്ടുവരാൻ കഴിയാത്ത അവസ്ഥയും അതി വാർദ്ധക്യം മൂലം ഇവർക്ക് ഉണ്ടാകാം. ഈ വിഭാഗത്തിൽ പരിഗണിക്കേണ്ടത് ഒരു കുടുംബത്തിൽ ഇത്തരത്തിലുള്ള വ്യക്തികൾ മാത്രമുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമാണ്. പാകംചെയ്ത ഭക്ഷണം പുറത്തുനിന്ന് വാങ്ങി കഴിക്കാൻ സാമ്പത്തികശേഷിയുള്ള കുടുംബങ്ങളോ, കൂലി നൽകി പാചകം നടത്തി കഴിക്കാൻ സാമ്പത്തിക ശേഷിയുള്ള കുടുംബങ്ങളോ ഈ മാനദണ്ഡത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതല്ല. ഭക്ഷണം പാകം ചെയ്യാൻ ശേഷിയുള്ള ആളുകൾ കുടുംബത്തിൽ ഉണ്ടെങ്കിൽ ഇത് ബാധകമല്ല.]

### 1.2. ശാരീരികമായ വെല്ലുവിളികൾ ഉള്ളതിനാൽ ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ ആകാത്ത കുടുംബമാണോ?

[കിടപ്പ് രോഗികൾ മാത്രമുള്ളവർ, പക്ഷാഘാതം, 80 ശതമാനത്തിനു മുകളിൽ ഭിന്നശേഷി ഉള്ളവർ എന്നിങ്ങനെ ഭക്ഷണം പാകം ചെയ്യാൻ കഴിയാത്ത ശാരീരിക വെല്ലുവിളികൾ ഉള്ളവരെയാണ് ഈ വിഭാഗത്തിൽ പരിഗണിക്കേണ്ടത്. ഒരു കുടുംബത്തിൽ ഇത്തരത്തിലുള്ള വ്യക്തികൾ മാത്രമുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമാണ് പരിഗണന നൽകുന്നത്. പാകംചെയ്ത ഭക്ഷണം പുറത്തുനിന്ന് വാങ്ങി കഴിക്കാൻ സാമ്പത്തികശേഷിയുള്ള കുടുംബങ്ങളോ, കൂലി നൽകി പാചകം നടത്തി കഴിക്കാൻ സാമ്പത്തികശേഷി ഉള്ള കുടുംബങ്ങളോ ഈ മാനദണ്ഡത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതല്ല. ഭക്ഷണം പാകം ചെയ്യാൻ ശേഷിയുള്ള ആളുകൾ കുടുംബത്തിൽ ഉണ്ടെങ്കിൽ ഇത് ബാധകം ആകില്ല.]

☐ ആണ് ☐ അല്ല

**1.3. മാനസിക വെല്ലുവിളികൾ ഉള്ളതിനാൽ ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ ആകാത്ത കുടുംബമാണോ?**

☐ ആണ്  ☐ അല്ല

[മാനസിക അസ്വാസ്ഥ്യങ്ങൾ, മാനസികരോഗങ്ങൾ, തീവ്ര-വിഷാദരോഗം പോലുള്ള മാനസികാവസ്ഥകൾ ഉള്ളതിനാൽ ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ ആകാത്ത അംഗങ്ങൾ മാത്രമുള്ള കുടുംബങ്ങളെയാണ് ഈ വിഭാഗത്തിൽ പരിഗണിക്കേണ്ടത്. സ്കീസോഫ്രീനിയ പോലെ പ്രകടമല്ലാത്ത മാനസിക രോഗങ്ങളുടെ കാര്യത്തിൽ ഡോക്ടറുടെ കുറിപ്പടികൾ ഉണ്ടോ എന്ന് പരിശോധിക്കാവുന്നതും ഇത്തരം രേഖകൾ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ അയൽ വീട്ടുകാരോട് അന്വേഷിക്കുക്കാവുന്നതുമാണ്.]

**1.4. തെരുവിലോ പൊതുയിടങ്ങളിലോ കഴിയുന്നതുമൂലം സ്ഥിരമായി ഭക്ഷണം ലഭിക്കാതിരിക്കുന്ന കുടുംബമാണോ? (ഭക്ഷണം ഭിക്ഷ തേടി കഴിക്കുന്നവർ, ഹോട്ടലുകൾ പൊതു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് സൗജന്യമായി ഭക്ഷണം കഴിക്കുന്നവർ ഉൾപ്പെടെ)**

☐ ആണ്  ☐ അല്ല

[തെരുവിൽ അലയുന്ന, പൊതു ഇടങ്ങളിൽ താമസിക്കുന്ന, ഭക്ഷണം പാകം ചെയ്യാൻ ശേഷിയില്ലാത്ത വിഭാഗങ്ങളെ ഇവിടെ പരിഗണിക്കാം. മറ്റുള്ളവരുടെ സഹായത്താൽ മാത്രം ഭക്ഷണം കഴിയ്ക്കുന്ന കുടുംബങ്ങളെയാണ് നമുക്ക് ഇവിടെ അടയാളപ്പെടുത്തേണ്ടത്. അതായത്, സ്വന്തമായി ശേഷിയില്ലാത്ത, എന്നാൽ ആരും സഹായിക്കാനില്ലെങ്കിൽ ഭക്ഷണം കഴിക്കില്ല എന്ന അവസ്ഥയിലുള്ള കുടുംബങ്ങളെ ഇവിടെ പരിഗണിക്കാം. ഭക്ഷണം ഭിക്ഷ തേടി കഴിക്കുന്നവരേയും ഹോട്ടലുകളിൽ നിന്നോ പൊതു സ്ഥാപനങ്ങളിൽ നിന്നോ സൗജന്യമായി മാത്രം ഭക്ഷണം കഴിയ്ക്കുന്നവരേയും ഇവിടെ പരിഗണിക്കാവുന്നതാണ്.

**1.5. അങ്കണവാടി രേഖകൾ പ്രകാരം തീവ്രപോഷണ ദാരിദ്ര്യം ഉള്ളആറോ അതിൽ താഴെയോ വയസുള്ള കുട്ടികൾ (SAM) ഉള്ള ദരിദ്ര കുടുംബമാണോ? (ഒരു കുട്ടിയെങ്കിലും ഉൾപ്പെടുന്നുണ്ടെങ്കിൽ 'ആണ്' എന്ന് ഉത്തരം നൽകാവുന്നതാണ്)**

☐ ആണ്  ☐ അല്ല

തീവ്ര പോഷണ ദാരിദ്ര്യം (Severe Acute Malnutrition - SAM) – ലോകാരോഗ്യ സംഘടനയുടെ മാനദണ്ഡ പ്രകാരം ഒരു കുട്ടിക്ക് വളർച്ചയുടെ ഘട്ടങ്ങളിൽ ആവശ്യമായ പോഷകഹാരം ലഭ്യമാകുന്നുണ്ടോ എന്ന് മനസ്സിലാക്കുന്നതിനുള്ള അളവ് കോലാണ്. കുടുംബത്തിലെ ഒരു കുട്ടിയെങ്കിലും തീവ്ര പോഷണ ദാരിദ്ര്യം ഉള്ളതാണെങ്കിൽ 'ആണ്' എന്ന് ഉത്തരം നൽകാവുന്നതാണ്. SAM വിവരങ്ങൾ പ്രദേശത്തെ അതാത് അങ്കണവാടികളിൽ നിന്നാണ് ശേഖരിക്കേണ്ടത്. വിവരശേഖരണത്തിന് പോകുന്നതിനുമുമ്പ് അതാത് വാർഡിലെ എന്യൂമറേറ്റർമാർ ബന്ധപ്പെട്ട അംഗൻവാടികളിൽ നിന്നും ഓരോ വാർഡിലെയും അവരുടെ പ്രാഥമിക പട്ടികയിൽ ഉള്ള കുടുംബങ്ങളിലെ തീവ്ര പോഷണ ദാരിദ്ര്യം ഉള്ളവരുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണ്. അങ്കണവാടി രേഖകളിൽ ഇല്ലാത്ത കുട്ടികളുടെ കാര്യത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടറുടെ സാക്ഷ്യപത്രത്തോട്ടു കൂടി കുടുംബങ്ങളെ പരിഗണിക്കാവുന്നതാണ്.

## 2. ആരോഗ്യം

**2.1. ഗുരുതരമായ രോഗം ബാധിച്ചത് കൊണ്ട് വരുമാന ശേഷി പൂർണമായും (തൊഴിലിൽ**

നിന്നോ ആസ്തിയിൽ നിന്നോ) നഷ്ടപെട്ട കുടുംബമാണോ?

ഗുരുതരമായ രോഗങ്ങൾ, അവയ്ക്ക് വേണ്ടി വന്ന ചികിത്സകൾ, കിടപ്പ് രോഗിയായതിനാൽ, ഏതെങ്കിലും അപകടങ്ങൾ എന്നീ കാരണങ്ങളാൽ കുടുംബത്തിന്റെ വരുമാനശേഷി പൂർണമായും നഷ്ടപ്പെട്ട അവസ്ഥയാണെങ്കിൽ അവരെ പരിഗണിക്കാവുന്നതാണ്. ഇവിടെ വരുമാന ശേഷി എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് കുടുംബത്തിന്റെ ഏതെങ്കിലും രീതിയിൽ വരുമാനം നേടാനുള്ള കഴിവിനെയാണ്. ഇത്തരത്തിൽ പരിഗണന കിട്ടുന്ന കുടുംബത്തിൽ ആർക്കും തന്നെ ഏതെങ്കിലും തരത്തിൽ (ആസ്തിയിൽ നിന്നോ ശമ്പളമായോ മറ്റേതെങ്കിലും രീതിയിലോ) വരുമാനം ഉണ്ടായിരിക്കരുത്. കുടുംബത്തിനാവശ്യമായ വരുമാനം (കുടുംബത്തിലെ എല്ലാവർക്കും ജീവിക്കാൻ ആവശ്യമായ ചിലവുകൾക്ക് വേണ്ടി വരുന്ന വരുമാനം) നേടാൻ ശേഷിയുള്ള ഒരാളെങ്കിലും കുടുംബത്തിലുണ്ടെങ്കിൽ അവരെ പരിഗണിക്കാൻ സാധിക്കില്ല. ചോദ്യത്തിൽ നൽകിയിട്ടുള്ള രോഗങ്ങൾക്ക് പുറമേ മറ്റ് ഗുരുതരമായ രോഗങ്ങൾ ബാധിച്ചവർ കാരണം വരുമാന ശേഷി നഷ്ടപ്പെട്ട കുടുംബങ്ങളേയും പരിഗണിക്കാവുന്നതാണ്.

ഗുരുതരമായ രോഗം (ഉദാഹരണത്തിന് ക്യാൻസർ, കരൾ രോഗം, വൃക്ക രോഗം, ഹൃദ്രോഗം, അപൂർവ ജനിതകരോഗം, മാനസികരോഗം മുതലായവ) എന്നത് കൊണ്ട് രോഗത്തിന്റെ തീവ്രതയെയാണ് നിർവ്വചിക്കുന്നത്. പൊതുവേ പരിഗണന കിട്ടാത്ത ചില രോഗങ്ങൾ കുടുംബത്തിന്റെ വരുമാന ശേഷിയെ ബാധിച്ചിട്ടുണ്ടെങ്കിൽ അത്തരം കുടുംബങ്ങളെ പരിഗണിക്കേണ്ടതാണ്. തീവ്രത ഇല്ലാത്ത, പെട്ടെന്ന് ഭേദമാകുന്ന തരം രോഗാവസ്ഥകളെ പരിഗണിക്കേണ്ടതില്ല. രോഗത്തിന്റെ ആഘാതം കണക്കിലെടുത്തു വേണം ഉത്തരം നൽകേണ്ടത്. ഉദാഹരണം, പ്രമേഹ രോഗം സാധാരണഗതിയിൽ അതിതീവ്ര രോഗമായി കണക്കാക്കുന്നില്ല. എന്നാൽ അതിതീവ്രമായ പ്രമേഹം മൂലം വരുമാനം ലഭിയ്ക്കേണ്ടതായ ജോലികൾചെയ്യുവാൻ സാധിക്കുകയില്ലെങ്കിൽ, രോഗാവസ്ഥയുടെ ആഘാതം മൂലം വരുമാന ശേഷി പൂർണമായും നഷ്ടപ്പെട്ട കുടുംബമാണെങ്കിൽ മാത്രം പരിഗണിക്കുക. വിഷാദരോഗത്തിന്റെ തീവ്രത മൂലം പൂർണമായും വരുമാനം ശേഷി നഷ്ടപ്പെടുന്ന സാഹചര്യം വന്നേക്കാം. രോഗത്തിന്റെ തീവ്രതയെ സംബന്ധിച്ച് ആശ/അങ്കണവാടി വർക്കർ എന്നിവരോടുള്ള അന്വേഷണവും അയൽപക്കത്തുനിന്ന് അന്വേഷണവും ഇക്കാര്യത്തിൽ പ്രധാനമാണ്.

☐ ആണ് ☐ അല്ല ☐ നിഗമനത്തിൽ എത്താൻ കഴിയുന്നില്ല

2.1.1. മുകളിൽപ്പറഞ്ഞ ചോദ്യത്തിന് മറുപടി "നിഗമനത്തിൽ എത്താൻ കഴിയുന്നില്ല" എന്നാണ് എങ്കിൽ സ്വീകരിച്ച തുടർനടപടി

☐ മാനദണ്ഡം ബാധകമല്ല, PHC ഡോക്ടറുടെ സഹായത്തോടെ നിഗമനത്തിൽ എത്താൻ സാധിച്ചു.

☐ മാനദണ്ഡം ബാധകമാണ്, PHC ഡോക്ടറുടെ സഹായത്തോടെ നിഗമനത്തിൽ എത്താൻ സാധിച്ചു.

2.2. മുകളിൽപറഞ്ഞ കാരണങ്ങൾ ഒഴികെ മറ്റു കാരണങ്ങളാൽ കിടപ്പ് രോഗിയായതിനാലോ, അപകടം മൂലമോവരുമാന ശേഷി പൂർണമായും (തൊഴിലിൽ നിന്നോ ആസ്തിയിൽ നിന്നോ) നഷ്ടപെട്ട കുടുംബമാണോ?

[മുൻ ചോദ്യത്തിൽ പറഞ്ഞതിൽ നിന്ന് വ്യത്യസ്തമായി പൂർണ്ണമായും കിടപ്പുരോഗി ആയതിനാലോ അപകടം മൂലമോ തൊഴിലിൽ നിന്നോ ആസ്തിയിൽ നിന്നോ വരുമാന ശേഷി പൂർണമായി നഷ്ടപ്പെ

ടുകയുംവരുമാനം ഉള്ള ആരും കുടുംബത്തിൽ ഇല്ലാതിരിക്കുന്ന അവസ്ഥയാണ് പരിഗണിക്കേണ്ടത്.]

☐ ആണ് ☐ അല്ല ☐ നിഗമനത്തിൽ എത്താൻ കഴിയുന്നില്ല

**2.2.1. മുകളിൽപ്പറഞ്ഞ ചോദ്യത്തിന് മറുപടി "നിഗമനത്തിൽ എത്താൻ കഴിയുന്നില്ല" എന്നാണ് എങ്കിൽ സ്വീകരിച്ച തുടർനടപടി**

☐ മാനദണ്ഡം ബാധകമല്ല, PHC ഡോക്ടറുടെ സഹായത്തോടെ നിഗമനത്തിൽ എത്താൻ സാധിച്ച

☐ മാനദണ്ഡം ബാധകമാണ്, PHC ഡോക്ടറുടെ സഹായത്തോടെ നിഗമനത്തിൽ എത്താൻ സാധിച്ച

**2.3. ബൗദ്ധീക-മാനസിക വെല്ലുവിളികൾ, നേരിടുന്നവരെ വീട്ടിൽ പരിപാലിക്കേണ്ടി വന്നതുമൂലം വരുമാനം (തൊഴിലിൽ നിന്നോ ആസ്തിയിൽ നിന്നോ) പൂർണമായും നഷ്ടപ്പെട്ട കുടുംബമാണോ?**

[ഓട്ടിസം (ASD), സെറിബ്രൽ പാൾസി, ബഹുമുഖ വെല്ലുവിളികൾ (MD) എന്നിവയാണ് ബൗദ്ധീക വെല്ലുവിളികൾ (developmental disability) എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. തീവ്ര മനോരോഗങ്ങൾ പോലുള്ള മാനസികാവസ്ഥകൾ ഉള്ള വ്യക്തികൾ കുടുംബത്തിൽ ഉള്ളതിനാൽ,കുടുംബത്തിൽ അവശേഷിക്കുന്ന വ്യക്തികളുടെ പൂർണ്ണമായ പരിചരണം ആവശ്യമുള്ള അവസ്ഥയാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ഇങ്ങനെ വരുമ്പോൾ തൊഴിൽ ശേഷിയുള്ള അവശേഷിക്കുന്ന വ്യക്തിക്ക് വരുമാന സാധ്യതകൾ മുഴുവൻ ഇല്ലാതാകുന്നു. ഏതെങ്കിലും തരത്തിൽ വരുമാനമുള്ള ഒരു കുടുംബാംഗം ഉണ്ടെങ്കിൽ ഈ പരിഗണന ഇവർക്ക് ബാധകമാകില്ല.]

☐ ആണ് ☐ അല്ല ☐ നിഗമനത്തിൽ എത്താൻ കഴിയുന്നില്ല

2.3.1. മുകളിൽപ്പറഞ്ഞ ചോദ്യത്തിന് മറുപടി “നിഗമനത്തിൽ എത്താൻ കഴിയുന്നില്ല” എന്നാണ് എങ്കിൽ സ്വീകരിച്ച തുടർനടപടി

☐ മാനദണ്ഡം ബാധകമല്ല, PHC ഡോക്ടറുടെ സഹായത്തോടെ നിഗമനത്തിൽ എത്താൻ സാധിച്ച

☐ മാനദണ്ഡം ബാധകമാണ്, PHC ഡോക്ടറുടെ സഹായത്തോടെ നിഗമനത്തിൽ എത്താൻ സാധിച്ച

**2.4. 80 % ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ വീട്ടിൽ പരിപാലിക്കേണ്ടി വന്നതുമൂലം വരുമാനം (തൊഴിലിൽ നിന്നോ ആസ്തിയിൽ നിന്നോ) നഷ്ടപ്പെട്ട കുടുംബമാണോ?**

☐ ആണ് ☐ അല്ല ☐ നിഗമനത്തിൽ എത്താൻ കഴിയുന്നില്ല

2.4.1. മുകളിൽപ്പറഞ്ഞ ചോദ്യത്തിന് മറുപടി "നിഗമനത്തിൽ എത്താൻ കഴിയുന്നില്ല" എന്നാണ് എങ്കിൽ സ്വീകരിച്ച തുടർനടപടി

☐ മാനദണ്ഡം ബാധകമല്ല, PHC ഡോക്ടറുടെ സഹായത്തോടെ നിഗമനത്തിൽ എത്താൻ സാധിച്ച

☐ മാനദണ്ഡം ബാധകമാണ്, PHC ഡോക്ടറുടെ സഹായത്തോടെ നിഗമനത്തിൽ എത്താൻ സാധിച്ച

സാമൂഹികസുരക്ഷ മിഷൻ തയ്യാറാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലുള്ള ഭിന്നശേഷിക്കാരുടെ ലിസ്റ്റ് ലഭ്യമാണ്. ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 80 ശതമാനത്തിനു മുകളിൽ ഭിന്നശേഷിയുള്ളവരെ പരിചരിക്കേണ്ടതിനാൽ കുടുംബത്തിൽ ശേഷിയുള്ളവർക്ക്തൊഴിൽ എടുക്കാൻ കഴിയാത്ത സാഹചര്യം ഉള്ള കുടുംബങ്ങളെ ആണ് ഈ വിഭാഗത്തിൽ പരിഗണിക്കേണ്ടത്. 2.1, 2.2, 2.3, 2.4 –ൽ പഞ്ചായത്ത്/നഗരസഭകളിൽ നിന്നും വാർഡ് തല സമിതികൾക്ക് ലിസ്റ്റ് ലഭ്യമാക്കേണ്ടതാണ്. ഈ പട്ടികയിൽ ഉൾപെടാത്ത കുടുംബമാണെങ്കിലും, നിരീക്ഷണത്തിലൂടെ കുടുംബത്തിന്റെ യഥാർത്ഥ സ്ഥിതി ബോധ്യപ്പെട്ടു എങ്കിൽ എന്യൂമറേറ്റർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടറുടെ രേഖാമൂലമുള്ള  നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കാവുന്നതാണ്.

2.5. രോഗമോ അപകടമോ കാരണം കട ബാധ്യത വന്ന് ആസ്തികളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബമാണോ?

☐ ആണ്  ☐ അല്ല

രോഗം, അപകടം തുടങ്ങിയവയ്ക്കായി വേണ്ടി വരുന്ന ചികിത്സ മൂലം കടബാധ്യതയും പിന്നീട് എല്ലാ തരത്തിലുമുള്ള ഉപജീവനശേഷികളും നഷ്ടപ്പെട്ട കുടുംബങ്ങളെയാണ് ഈ വിഭാഗത്തിൽ രേഖപ്പെടുത്തേണ്ടത്. ഇങ്ങനെ പരിഗണിക്കുന്ന കുടുംബങ്ങൾക്ക് ആസ്തി, നിക്ഷേപം തുടങ്ങിയവയിൽ നിന്ന് വരുമാനം ഉണ്ടാകാൻ പാടില്ല. തൊഴിൽ ശേഷി ഉള്ള ആകെ ഒരാൾക്ക് സാമൂഹിക സുരക്ഷാ പെൻഷനു സമാനമായ (നാമമാത്രമായ) തൊഴിൽ വരുമാനം മാത്രമേ ഉണ്ടാകാവൂ.

## 3. വരുമാനം

3.1. തൊഴിൽ ശേഷിയില്ലാത്ത, ആസ്തികളിൽ നിന്നോ, നിക്ഷേപങ്ങളിൽ നിന്നോ വരുമാനമില്ലാത്ത കുടുംബമാണോ? (മൂന്ന് ഘടകങ്ങളും ബാധകമായ കുടുംബങ്ങളെ മാത്രം പരിഗണിക്കുക)

☐ ആണ്  ☐ അല്ല

മുകളിലുള്ള മൂന്ന് ഘടകങ്ങളും ബാധകമായ കുടുംബങ്ങളെ മാത്രമാണ് പരിഗണിക്കേണ്ടത്. ഏതെങ്കിലും ഒരു ഘടകം മാത്രം ബാധകമായ കുടുംബങ്ങളെ ഇവിടെ പരിഗണിക്കേണ്ടതില്ല. കുടുംബത്തിലെ എല്ലാ അംഗങ്ങളിലും ആർക്കും തൊഴിൽ ശേഷിയില്ലാത്തതും ആസ്തികൾ, നിക്ഷേപങ്ങൾ തുടങ്ങിയവയിൽ നിന്നും യാതൊരു തരത്തിലുമുള്ള വരുമാനവും ഇല്ലാത്ത കുടുംബങ്ങളെയാണ് ഇവിടെ പരിഗണിക്കേണ്ടത്. ഏതെങ്കിലും ഒരു അംഗത്തിന് തൊഴിൽ ശേഷി ഉണ്ടെങ്കിൽ ആ കുടുംബത്തിനെ ഇവിടെ പരിഗണിക്കേണ്ടതില്ല.

മുഖ്യ വരുമാന ദായക/ൻ മരിച്ചുപോയ അവസ്ഥയിൽ കുടുംബത്തിലെ അവശേഷിക്കുന്ന അംഗങ്ങളിൽ ആർക്കെങ്കിലും തൊഴിൽ ശേഷി ഉണ്ടെങ്കിൽഅത് ചോദ്യം 3.4- ൽ രേഖപെടുത്തണം.

3.2. 60 വയസ്സിന് മുകളിലുള്ളവർ മാത്രം തൊഴിൽ എടുക്കുന്ന മറ്റു വരുമാനദായക അംഗങ്ങൾ ഇല്ലാത്ത ദരിദ്ര കുടുംബമാണോ? (ഉപജീവനത്തിന് വേണ്ടി തൊഴിൽ ഒഴിവാക്കാനാവാത്ത അവസ്ഥ)

☐ ആണ്  ☐ അല്ല

ഉപജീവനത്തിന് വേണ്ടി തൊഴിൽ ഒഴിവാക്കാനാവാത്ത അവസ്ഥയിൽ ശാരീരിക അവശത ഉണ്ടായിരുന്നിട്ടും 60 വയസ്സിന് മുകളിൽ പ്രായമായവർ മാത്രം തൊഴിലെടുക്കേണ്ടി വരുന്ന, മറ്റൊരാളുടെയും തൊഴിലോ വരുമാനമോ ഇല്ലാത്ത, ആസ്തികളിൽ നിന്നോ നിക്ഷേപങ്ങളിൽ നിന്നോ വരുമാനം ഇല്ലാത്ത ദരിദ്ര കുടുംബത്തെ മാത്രം ഇവിടെ പരിഗണിക്കുക.

3.3. 70 വയസ്സിന് മുകളിൽ പ്രായമുള്ളവർ മാത്രമുള്ള സാമൂഹിക സുരക്ഷാ പെൻഷൻ അല്ലാതെ മറ്റ് വരുമാനം ഇല്ലാത്ത കുടുംബമാണോ?

☐ ആണ് ☐ അല്ല

സാമൂഹിക സുരക്ഷാ പെൻഷനുകൾക്ക് പുറമേ മറ്റ് വരുമാനം ഇല്ലാത്ത ദരിദ്ര കുടുംബങ്ങളുടെ വിവരങ്ങൾ ചേർക്കുക. വേറെ ആരുടേയും സംരക്ഷണം ഇല്ലാതെ കഴിയുന്ന കുടുംബങ്ങളുടെ വിവരങ്ങളാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്. സംരക്ഷണ ചുമതലയുള്ളവർ ജീവിച്ചിരിക്കുകയും എന്നാൽ ഇവർക്ക് സംരക്ഷണം ലഭ്യമാകാത്ത സാഹചര്യവുമാണെങ്കിൽ പ്രസ്തുത വിവരങ്ങൾ താഴെ പ്രത്യേകം രേഖപ്പെടുത്തേണ്ടവയാണ്.

3.4. മുഖ്യ വരുമാനദായക/ൻ മരിച്ചുപോയ അല്ലെങ്കിൽ ഉപേക്ഷിച്ച് പോയ കുടുംബമാണോ ?

☐ ആണ് ☐ അല്ല

മുഖ്യ വരുമാനധായകൻ ഒഴികെ, കുടുംബത്തിലെ മറ്റു അംഗങ്ങളിൽ ആർക്കും വരുമാനമില്ല പക്ഷെ ഒരു അംഗത്തിനെങ്കിലും തൊഴിൽശേഷി ഉണ്ടെങ്കിൽ മാത്രമാണ് ഈ ചോദ്യം ബാധകം.

- ഉപവരുമാനദായകരുണ്ടെങ്കിൽ ഈ ഇനത്തിൽ പരിഗണിക്കേണ്ടതില്ല
- ആശ്രിത/ൻ -ന് തൊഴിലോ വരുമാനമോ ഇല്ല
- അവശേഷിക്കുന്ന ആശ്രിത/ൻ -ന് തൊഴിൽ ശേഷി ഉണ്ട്.
- പക്ഷെ തൊഴിൽ ചെയ്യുന്നതിനുള്ള സാഹചര്യം (മാനസിക ആഘാതം സാമൂഹിക ഒറ്റപെടൽ എന്നിവ മൂലം) ഇല്ലെങ്ങിൽ ഈ ചോദ്യം ബാധകം

3.5. വിവിധ ദുരന്തങ്ങളിൽ തൊഴിൽ ഉപകരണങ്ങൾ പൂർണമായി നഷ്ടപ്പെട്ട കുടുംബമാണോ? (തൊഴിൽ ഉപകരണങ്ങൾ നഷ്ടപ്പെട്ടതിനാൽ യാതൊരു തരത്തിലുള്ള ഉപജീവന ശേഷിയും അതിജീവന ശേഷിയും ഇല്ലാതെ ആയ അവസ്ഥ) (ദുരന്തങ്ങൾ- തൊഴിലിടങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങൾ, പ്രകൃതി ദുരന്തങ്ങൾ, അവിചാരിതമായി ഉണ്ടാകുന്ന അപകടങ്ങൾ)

☐ ആണ് ☐ അല്ല

വിവിധ ദുരന്തങ്ങൾ മൂലം തൊഴിൽ ഉപകരണങ്ങളോ ജീവനോപാധികളോ പൂർണമായും നഷ്ടപ്പെട്ടതിനാൽ യാതൊരു തരത്തിലുള്ള ഉപജീവന ശേഷിയും അതിജീവന ശേഷിയും ഇല്ലാതെ ആയ അവസ്ഥയിലുള്ള കുടുംബങ്ങളെയാണ് ഇവിടെ പരിഗണിക്കേണ്ടത്. ദുരന്തങ്ങൾ ആയി തൊഴിലിടങ്ങളിൽ നിന്ന് ഉണ്ടാകുന്ന അപകടങ്ങൾ, പ്രകൃതി ദുരന്തങ്ങൾ, അവിചാരിതമായി ഉണ്ടാകുന്ന അപകടങ്ങൾ തുടങ്ങിയവയെ പരിഗണിക്കാം. തൊഴിൽ ഉപകരണങ്ങൾ നഷ്ടപ്പെട്ടിട്ടും ഉപജീവനശേഷിയോ അതിജീവന ശേഷിയോ മറ്റു വരുമാന സാധ്യതകളോ കൈമുതലായിട്ടുള്ളവരെ പരിഗണിക്കേണ്ടതില്ല.

## 4. വാസസ്ഥലം

[വാസസ്ഥലം എന്നത് അതിദാരിദ്ര്യത്തിന്റെ അളവുകോൽ എന്ന നിലയിലാണ് ഇവിടെ പരിഗണിക്കുന്നത്. അതി ദരിദ്രമായ ചുറ്റുപാടിൽ കഴിയുന്ന കുടുംബങ്ങളെയാണ് ഇവിടെ അടയാളപ്പെടുത്തേണ്ടത്.]

4.1. താമസസ്ഥലം ഇല്ലാതെ അലയുന്ന കുടുംബം ആണോ?

☐ ആണ്　☐ അല്ല

സ്വന്തമായോ വാടകയ്ക്കോ താമസസ്ഥലം ലഭ്യമല്ലാതാവുകയും അത് നേടുന്നതിനുള്ള ശേഷി ഇല്ലാതിരിക്കുകയും, കൂടാതെ താമസിക്കാൻ യാതൊരു ഇടവും ലഭ്യമല്ലാത്തതുമായ അവസ്ഥ. വാടക വീട്ടിൽ കഴിയുന്ന കുടുംബങ്ങളെ ഈ ചോദ്യത്തിന്റെ പരിഗണനയിൽ കൊണ്ടുവരേണ്ടതില്ല. സ്വന്തമായ താമസസ്ഥലം അല്ലാതെ, മറ്റു ബന്ധുക്കൾക്കൊപ്പം കഴിയുന്ന കുടുംബമോ വ്യക്തിയോ ആണെങ്കിൽ, സ്വന്തമായ താമസസ്ഥലം ഇല്ല എന്ന കാരണംകൊണ്ട് മാത്രം അതി ദരിദ്രനായി പരിഗണിക്കേണ്ടതില്ല. എന്നാൽ, ഇവർ ഇപ്പോൾ താമസിക്കുന്ന കുടുംബത്തിലെ അംഗങ്ങളെയും, ഇപ്പോൾ താമസിക്കുന്ന കുടുംബത്തിന്റെ അവസ്ഥയും പരിഗണിച്ച്, മറ്റു മാനമാനദണ്ഡങ്ങൾ വിലയിരുത്തേണ്ടതാണ്.

സ്ഥിരമായി ഒരിടത്ത് താമസിക്കാതെ ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് അലഞ്ഞു കൊണ്ടിരിക്കുന്ന വിഭാഗത്തിൽ പെട്ട കുടുംബംങ്ങളെയാണ് ഇവിടെ പരിഗണിക്കാവുന്നത്. എന്നാൽ ഇവരെ തിരിച്ചറിയുന്ന ഘട്ടത്തിൽ കഴിഞ്ഞ കുറച്ചു കാലങ്ങൾ എങ്കിലും (ചുരുങ്ങിയത് ഒരു വർഷം) ആയി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പരിധിയിൽ താമസിക്കുന്ന കുടുംബംങ്ങളെയാണ് പരിഗണിക്കാവുന്നത്.

4.2. അപകടകരവും, ദുസ്സഹവുമായ സ്ഥലങ്ങളിൽ ദയനീയ സാഹചര്യത്തിൽ താമസിക്കുന്ന കുടുംബമാണോ?

☐ ആണ്　☐ അല്ല

- അപകടകരമായ സാഹചര്യത്തിൽ താമസിക്കുന്നവർ
  - ഷീറ്റ് കൊണ്ടോ, ഓല കൊണ്ടോ താത്ക്കാലികമായി കെട്ടിയുണ്ടാക്കിയ വാസസ്ഥലം ഉള്ളവർ, താൽക്കാലിക ഷെഡുകളിൽ താമസിക്കുന്നവർ,
  - പ്രകൃതി ദുരന്ത (ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ) സാധ്യതയുള്ള പ്രദേശത്ത് 25 സെൻറിൽ താഴെ ഭൂമിയിൽ താമസിക്കുന്നവർ,
  - പ്രളയ സാധ്യതയുള്ള പ്രദേശത്ത് (പുഴയുടെ തീരത്ത്, ചതുപ്പ് പ്രദേശത്ത്) താമസിക്കുന്ന മറ്റ് ഇടങ്ങളിൽ ഭൂമി ഇല്ലാത്ത കുടുംബം
  - കടലാക്രമണം അപകടകരമായ സാഹചര്യമാണെങ്കിലും, കടലാക്രമണ ഭീഷണി നേരിടുന്ന കുടുംബങ്ങൾക്ക് പ്രത്യേക പരിഗണനാ ചോദ്യങ്ങൾ (5.11) ഉള്ളതിനാൽ അപകടകരമായ സാഹചര്യത്തിൽ നിന്ന് കടലാക്രമണത്തെ ഇവിടെ ഒഴിവാക്കേണ്ടതാണ്.
- ദുസ്സഹവുമായ സാഹചര്യത്തിൽ താമസിക്കുന്നവർ
  - അഴുക്ക് ചാലുകളുടെ ഓരങ്ങളിൽ താമസിക്കുന്നവർ
  - മാലിന്യ കൂമ്പാര പരിസരത്തു താമസിക്കുന്നവർ
- ദയനീയ സാഹചര്യത്തിൽ താമസിക്കുന്നവർ
  - ബസ്സ് സ്റ്റാൻഡ്
  - മാർക്കറ്റ്
  - കടത്തിണ്ണകൾ
  - വയൽ വരമ്പുകൾ
  - റെയിൽവേ, റോഡ്/പുറംമ്പോക്കുകളിൽ താത്ക്കാലികമായ കെട്ടിയുണ്ടാക്കിയ വാസസ്ഥലം ഉള്ളവർ
  - 4.1 – മാനദണ്ഡം പ്രകാരം താമസസ്ഥലം ഇല്ലാതെ അലയുന്നവരാണെങ്കിൽ വീണ്ടും എവിടെ ഉൾപെടുത്തേണ്ടതില്ല.)

4.3. കടബാധ്യതകൾ (2.5 ൽ സൂചിപ്പിച്ചിട്ടുള്ള കാരണങ്ങൾ ഒഴികെ), പ്രകൃതി ദുരന്തങ്ങൾ

മൂലം വാസസ്ഥലം നഷ്ടമായ കുടുംബമാണോ? (കടലാക്രമണം ഒഴികെയുള്ള ദുരന്തങ്ങൾ)

☐ ആണ്     ☐ അല്ല

## 5. പ്രത്യേക വിഭാഗങ്ങൾ (പട്ടിക-2)

### 5.1. പട്ടിക വർഗ്ഗ വിഭാഗം

[ചോദ്യം 5.1.1 മുതൽ 5.1.7 വരെ പട്ടിക വർഗ്ഗ വിഭഗത്തിനു മാത്രം ബാധകമാണ്.]

5.1.1. അടിസ്ഥാന സൗകര്യങ്ങൾ [ഏതെങ്കിലും ഒരു ഘടകം ബാധകമല്ലാത്ത കുടുംബങ്ങളെ പരിഗണിക്കേണ്ടതില്ല. അതായത് ഇത്തരത്തിൽ പരിഗണന കിട്ടേണ്ട കുടുംബത്തിന് പൊതു ഗതാഗത സൗകര്യം ലഭ്യമാകണമെങ്കിലോ സ്കൂളിലേക്ക് എത്തണമെങ്കിലോ റേഷൻ കടയിലേക്ക് എത്തണമെങ്കിലോ ചുരുങ്ങിയത് 3 കിലോമീറ്റർ ദൂരം സഞ്ചരിക്കണം.]

5.1.1.1. പൊതു ഗതാഗത സൗകര്യത്തിൽ (ബസ് ഓട്ടോറിക്ഷ ടാക്സി മുതലായവ എത്തുന്ന റോഡ് സൗകര്യങ്ങളുള്ള പ്രദേശം) നിന്ന് 3 കിലോ മീറ്റർ എങ്കിലും അകലെ താമസിക്കുന്ന കുടുംബമാണോ?

☐ ആണ്     ☐ അല്ല

5.1.1.2. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നിന്ന് 3 കിലോ മീറ്റർ എങ്കിലും അകലെ താമസിക്കുന്ന കുടുംബമാണോ?

☐ ആണ്     ☐ അല്ല

5.1.1.3. സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ (അങ്കണവാടികളും ഏകാധ്യാപക വിദ്യാലയങ്ങളും ഒഴികെ) നിന്ന് 3 കിലോ മീറ്റർ എങ്കിലും അകലെ താമസിക്കുന്ന കുടുംബമാണോ?

☐ ആണ്     ☐ അല്ല

5.1.1.4. റേഷൻ കടയിൽ നിന്ന് 3 കിലോ മീറ്റർ എങ്കിലും അകലെ താമസിക്കുന്ന കുടുംബമാണോ?

☐ ആണ്     ☐ അല്ല

5.1.1.5. വനത്തിനുള്ളിൽ (റിസേർവ് ഫോറെസ്റ്റ്) താമസിക്കുന്ന 25 സെന്റിൽ താഴെ ഭൂമി കൈവശമുള്ള പട്ടിക വർഗ്ഗ കുടുംബമാണോ?

☐ ആണ്     ☐ അല്ല

5.1.2. അതീവ ദുർബല ആദിവാസി വിഭാഗങ്ങളിൽ (PVTG) പെട്ട കുടുംബമാണോ? (കാടർ, ചോലനായ്ക്കൻ, കാട്ടുനായ്ക്കൻ, കൊറഗ, കുറുമ്പ)

☐ ആണ്     ☐ അല്ല

[പട്ടികവർഗ്ഗ വിഭാഗങ്ങളിൽ തന്നെ അതീവ ദുർബല ആദിവാസി വിഭാഗം എന്ന നിലയിൽ പ്രത്യേക പരിഗണന അർഹിക്കുന്ന ആദിവാസി വിഭാഗങ്ങളെ തരം തിരിച്ചിട്ടുണ്ട്. പ്രത്യേക പരിഗണന അർഹിക്കുന്ന ആദിവാസി വിഭാഗങ്ങൾ കാടർ, ചോലനായ്ക്കൻ, കാട്ടുനായ്ക്കൻ, കൊറഗ, കുറുമ്പ എന്നീ

വിഭാഗങ്ങളിൽ പെടുന്നവരാണ്. ഈ വിഭാഗങ്ങളിൽ പെട്ട കുടുംബങ്ങൾക്ക് മാത്രം ഇവിടെ ആണ് എന്ന് ഉത്തരം നൽകുക.]

5.1.3. വനവിഭവശേഖരത്തെ മാത്രം ആശ്രയിച്ച് കഴിയുന്ന കുടുംബമാണോ? (വനവിഭവശേഖരണം കൂടാതെ മറ്റ് വരുമാന മാർഗ്ഗം ഉള്ളവരെ പരിഗണിക്കേണ്ടതില്ല)

☐ ആണ് ☐ അല്ല

[വനവിഭവ ശേഖരണം മാത്രം പ്രധാന വരുമാനമായിട്ടുള്ള പട്ടിക വർഗ്ഗ വിഭാഗത്തിൽ പെടുന്ന കുടുംബങ്ങളെ മാത്രം പരിഗണിക്കുക. മറ്റേതെങ്കിലും വരുമാനം (തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെ) ഉള്ള കുടുംബങ്ങളെ ഇവിടെ പരിഗണിക്കേണ്ടതില്ല.]

5.1.4. പ്രായപൂർത്തിയായ എല്ലാ അംഗങ്ങളും പ്രാഥമിക വിദ്യാഭ്യാസമോ അതിൽ താഴെയോ മാത്രം നേടിയവരായ കുടുംബമാണോ? (ഏതെങ്കിലും പ്രായപൂർത്തിയായ ഒരംഗം പ്രാഥമീക വിദ്യാഭ്യാസത്തിലധികം നേടിയിട്ടുണ്ടെങ്കിൽ ഇവിടെ 'അല്ല' എന്ന് രേഖപ്പെടുത്തുക.)

☐ ആണ് ☐ അല്ല

[ഏഴാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസത്തിനെയാണ് പ്രാഥമീക വിദ്യാഭ്യാസം എന്നത് കൊണ്ട് ഇവിടെ അർത്ഥമാക്കുന്നത്. പരിഗണിക്കുന്ന പട്ടിക വർഗ വിഭാഗത്തിൽ പെടുന്ന ഏതെങ്കിലും പ്രായപൂർത്തിയായ ഒരംഗം പ്രാഥമീക വിദ്യാഭ്യാസത്തിലധികം നേടിയിട്ടുണ്ടെങ്കിൽ ഇവിടെ 'അല്ല' എന്ന് രേഖപ്പെടുത്തുക.]

5.1.5. അവിദഗ്ധ കാർഷിക കൂലിപ്പണിക്കായി പുറംസംസ്ഥാനങ്ങളിൽ ജോലി തേടി പോകേണ്ടി വരുന്നവരുള്ള കുടുംബമാണോ? (അതിജീവന – ഉപജീവനത്തിനായി, സ്വന്തമായി 25 സെന്റിൽ അധികം കൃഷിഭൂമി ഇല്ലാത്ത, തൊഴിൽ ശേഷിയുള്ള ഉള്ള ആകെ ഒരാൾ കോവിഡിന് (2020-ന്) മുൻപ് മൂന്നുവർഷം തുടർച്ചയായി മറ്റ് വരുമാന മാർഗങ്ങളില്ലാതെ അവിദഗ്ധ കാർഷിക കൂലിപ്പണികൾക്കായി കുടിയേറി, പ്രത്യേകിച്ചും അയൽസംസ്ഥാനങ്ങളായ കർണാടകം തമിഴ്നാട് എന്നിവിടെ അവിദഗ്ധ കാർഷിക കൂലിപ്പണി ചെയ്ത് കുടുംബം പുലർത്തുന്ന പട്ടിക വർഗ്ഗകുടുംബങ്ങൾക്ക് മാത്രം ഈ ചോദ്യം ബാധകമാണ്)

☐ ആണ് ☐ അല്ല

5.1.6. ബി.എം.ഐ

5.1.6.1. പ്രായപൂർത്തിയായ അംഗങ്ങളുടെ ഉയരവും ഭാരവും രേഖപെടുത്തുക

| പേര് | ഉയരം (സെന്റി മീറ്റർ) | ഭാരം (കിലോ) |
|---|---|---|
| | | |
| | | |
| | | |
| | | |
| ഉദാ. | 168.50 | 63.75 |

ഒരാൾക്ക് ഭാരം കുറവാണോ, സാധാരണ ഭാരമാണോ, അമിതഭാരമുണ്ടോ, അമിതവണ്ണമുണ്ടോ എന്ന് നിർണ്ണയിക്കാനുള്ള അളവുകോലായി ബി.എം.ഐ (ബോഡി മാസ് ഇൻഡക്സ്) ഉപയോഗിക്കുന്നു.

ഉയരം, ഭാരം, ഭക്ഷണക്രമം മുതലായ ചില ഘടകങ്ങൾ ബി.എം.ഐയെ സ്വാധീനിക്കുന്നു. സാധാരണ ഭാരമാണോ, അമിതഭാരമാണോ, അതോ അമിതവണ്ണമാണോ എന്നിവ കണ്ടെത്തുന്നതിനുള്ള പരിധി നിർണ്ണയിക്കുന്നത് ബിഎംഐ അളവ് നോക്കിയാണ്. ബോഡി മാസ് സൂചിക നിർണ്ണയിക്കാൻ ഉപയോഗിക്കുന്ന അളവുകോലാണ് വ്യക്തിയുടെ ഉയരവും ഭാരവും. വ്യക്തികളുടെ ഭാരം, അവരുടെ ഉയരത്തിന് ആനുപാതികമായി, നിങ്ങളുടെ ശരീരം എത്ര അധിക/കുറവ് കൊഴുപ്പ് സൂക്ഷിക്കുന്നു എന്നതിനെക്കുറിച്ച് വ്യക്തമായ ധാരണ നൽകുന്നു.

ബി.എം.ഐ കണക്കാക്കാനുള്ള മാർഗ്ഗങ്ങൾ: ഭാരം അളക്കുന്നതിനുള്ള ഉപകരണവും, ഉയരം അളക്കുന്നതിനുള്ള ഉപകരണവും പട്ടിക വർഗ വിഭാഗങ്ങൾക്കിടയിൽ വിവരശേഖരണം നടത്തുമ്പോൾ എൻന്യൂമറേറ്റർ കരുതേണ്ടതാണ്. പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ ഇതിനായുള്ള ഉപകരണങ്ങൾ പട്ടിക വർഗ വിഭാഗങ്ങളിലുള്ള വാർഡ്തല സമിതികൾക്ക് ലഭിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ മുൻകൂട്ടി ചെയ്യേണ്ടതാണ്.

Chronic Energy Deficiency എന്നത് പോഷകക്കുറവ് മൂലം ദൈനംദിന പ്രവർത്തനത്തിന് അത്യാവശ്യമായ ഊർജ്ജം പോലും ലഭിക്കാത്ത അവസ്ഥയാണ്. ഇത്തരത്തിൽ അത്യാവശ്യമായ ഊർജ്ജം ലഭിക്കാത്ത കുടുംബങ്ങളെയാണ് ഇവിടെ പരിഗണിക്കേണ്ടത്.

ഉയര തൂക്ക അനുപാതം അഥവാ ബോഡി മാസ് ഇൻഡക്സ് എന്നത് ഒരു വ്യക്തിയുടെ പ്രായം, ഉയരം, തൂക്കം, സെക്സ് എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കി നിർണയിക്കുന്ന രീതിശാസ്ത്രമാണ്. ഉയരവും തൂക്കവും തമ്മിലുള്ള അനുപാതം 16 ൽ താഴെ വരുന്ന അംഗങ്ങളുള്ള കുടുംബങ്ങളെ ഇവിടെ പരിഗണിക്കാം. കുടുംബത്തിലെ മുതിർന്ന ഒരംഗത്തിന്റെ ഉയര തൂക്ക അനുപാതം 16 ൽ താഴെയാണ് വരുന്നതെങ്കിൽ ഇവിടെ പരിഗണിക്കേണ്ടതാണ്. Chronic Energy Deficiency ഉള്ള അംഗമായി പരിഗണിക്കേണ്ടത് 18.5 താഴെ ബിഎംഐ ഉള്ള കുടുംബാംഗങ്ങളാണ്. ഇവർക്ക് അഞ്ചു മാർക്ക് നൽകാവുന്നതാണ്. ചോദ്യം എം.ഐ.എസിൽ നേരിട്ട് കണക്കാക്കുന്നതാണ്. എൻന്യൂമറേറ്റർമാർ കുടുംബാംഗങ്ങളുടെ ഭാരവും ഉയരവും മാത്രം ചോദ്യാവലിയിൽ രേഖപ്പെടുത്തിയാൽ മതിയാകും.

### 5.1.7. വസിക്കാൻ ഭൂമിയില്ലാത്ത അഥവാ, 150 ച. അടി വരെ ഉള്ള വാസസ്ഥലത്തിൽ എട്ടോ അതിൽ കൂടുതലോ അംഗങ്ങൾ താമസിക്കുന്ന കുടുംബമാണോ?

☐ ആണ് ☐ അല്ല

ഇത്തരത്തിൽ പരിഗണിക്കുന്ന പട്ടിക വർഗ കുടുംബങ്ങൾക്ക് വസിക്കാൻ സ്വന്തമായി ഭൂമി ഉണ്ടാവാതിരിക്കുകയും 150 ച.അടിയോ അതിൽ താഴെയോ ഉള്ള വാസ സ്ഥലത്തിൽ 8 പേരോ അതിലധികമോ പേർ ഒരുമിച്ച് കഴിയുന്ന അവസ്ഥയുമാണെങ്കിൽ അവരെയാണ് ഇവിടെ പരിഗണിക്കേണ്ടത്. ഇത്തരത്തിലുള്ള പട്ടിക വർഗ വിഭാഗത്തിൽ പെടുന്ന കുടുംബങ്ങളെ ഇവിടെ പരിഗണിക്കുക.

## 5.2. പട്ടിക ജാതി വിഭാഗം

[ചോദ്യം 5.2.1 മുതൽ 5.2.2 വരെ പട്ടിക ജാതി വിഭാഗത്തിനു മാത്രം ബാധകമാണ്.]

### 5.2.1. അടിസ്ഥാന സൗകര്യങ്ങൾ

ഗതാഗത സൗകര്യമില്ലാത്ത എന്നത് കൊണ്ട് താമസ സ്ഥലത്ത് നിന്ന് ചുരുങ്ങിയത് 500 മീറ്ററെങ്കിലും നടന്നാൽ മാത്രം വാഹന ഗതാഗത സൗകര്യമുള്ള പ്രദേശങ്ങളിൽ എത്താൻ സാധിക്കുന്ന പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങളെയാണ് ഉദ്ദേശിക്കുന്നത്.

കുടിവെള്ള സൗകര്യം എന്നത് കുടുംബത്തിന് പ്രാപ്യമായ രീതിയിൽ 100 മീറ്ററിനുള്ളിൽ കുടിവെള്ള

സൗകര്യം ഉണ്ടായിരിക്കുക എന്നതാണ്. ചിലപ്പോൾ 100 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഉണ്ടായിരിക്കുകയും എന്നാൽ കുടുംബത്തിന് അത് ഉപയോഗിക്കാൻ സാധിക്കാത്ത സാഹചര്യമാണെങ്കിൽ അത് കുടിവെള്ള സൗകര്യം ലഭ്യമല്ല എന്ന രീതിയിൽ കണക്കാക്കേണ്ടതാണ്.
വൈദ്യുതീകരണം നടന്നിട്ടില്ലാത്ത പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ എന്നത് കുടുംബം താമസിക്കുന്ന പ്രത്യേക പ്രദേശത്ത് ആർക്കും വൈദ്യുതി ലഭ്യമായിട്ടില്ല എന്നാണ്.

5.2.1.1. വൈദ്യുതീകരണം നടന്നിട്ടില്ലാത്ത പ്രദേശത്തു താമസിക്കുന്ന കുടുംബമാണോ?

☐ ആണ് ☐ അല്ല

5.2.1.2. ഗതാഗത സൗകര്യമില്ലാത്ത (താമസ സ്ഥലത്ത് നിന്ന് ചുരുങ്ങിയത് 500 മീറ്ററെങ്കിലും നടന്നാൽ മാത്രം ഓട്ടോ റിക്ഷ/വാഹന ഗതാഗത സൗകര്യമുള്ള പ്രദേശങ്ങളിൽ എത്താൻ സാധിക്കുന്ന പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ) കുടുംബമാണോ?

☐ ആണ് ☐ അല്ല

5.2.1.3. 100 മീറ്ററിൽ പ്രാപ്യമായ കുടിവെള്ള സൗകര്യമില്ലാത്ത, കുടുംബമാണോ?

☐ ആണ് ☐ അല്ല

5.2.2. പ്രായപൂർത്തിയായ എല്ലാ അംഗങ്ങളും പ്രാഥമിക വിദ്യാഭ്യാസമോ അതിൽ താഴെയോ മാത്രം നേടിയവരായ കുടുംബമാണോ?
(പ്രാഥമിക വിദ്യാഭ്യാസം മാത്രം നേടിയവർ ഉള്ള പട്ടികജാതി വിഭാഗത്തിൽ പെടുന്ന കുടുംബങ്ങളെ മാത്രം പരിഗണിക്കുക. ഏഴാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസത്തിനെയാണ് പ്രാഥമിക വിദ്യാഭ്യാസം എന്നത് കൊണ്ട് ഇവിടെ അർത്ഥമാക്കുന്നത്. ഏതെങ്കിലും പ്രായപൂർത്തിയായ ഒരംഗം പ്രാഥമിക വിദ്യാഭ്യാസത്തിലധികം നേടിയിട്ടുണ്ടെങ്കിൽ ഇവിടെ 'അല്ല' എന്ന് രേഖപ്പെടുത്തുക.)

☐ ആണ് ☐ അല്ല

## 5.3. തീരദേശ വാസികൾ

5.3.1. കടലാക്രമണ ഭീഷണി സ്ഥിരമായി നേരിടുന്ന കുടുംബമാണോ?
(നിലവിൽ കടലാക്രമണ ഭീഷണി നേരിട്ട് കൊണ്ടിരിക്കുന്നതായ കുടുംബങ്ങളെയാണ് ഇവിടെ പരിഗണിക്കേണ്ടത്. കടലാക്രമണ ഭീഷണി സ്ഥിരമായി നേരിടുന്നവർ എന്നത് കൊണ്ട് അർത്ഥമാക്കുന്നത് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 3 സീസണിലെങ്കിലും കടലേറ്റം ബാധിച്ചിട്ടുള്ള കുടുംബങ്ങൾ)

☐ ആണ് ☐ അല്ല

5.3.2. കടലാക്രമണം മൂലം ആവാസസ്ഥലം നഷ്ടപ്പെട്ട കുടുംബമാണോ? (നിലവിൽ കടലാക്രമണം മൂലം ആവാസസ്ഥലം നഷ്ടപ്പെട്ടവരും സ്വന്തമായ താമസസ്ഥലം ഇതുവരെ ലഭ്യമാകാത്തതുമായ കുടുംബമാണോ?)

☐ ആണ് ☐ അല്ല

5.3.3. പ്രാഥമീക വിദ്യാഭ്യാസം മാത്രം നേടിയവർ ഉള്ള കുടുംബമാണോ? (ഏതെങ്കിലും പ്രായപൂർത്തിയായ ഒരംഗം പ്രാഥമീക വിദ്യാഭ്യാസത്തിലധികം നേടിയിട്ടുണ്ടെങ്കിൽ ഇവിടെ 'അല്ല'

എന്ന് രേഖപ്പെടുത്തുക)

☐ ആണ്   ☐ അല്ല

5.4. നഗര ദാരിദ്ര്യം: മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽപ്പെട്ട കുടുംബമാണ് എങ്കിൽ, 150 ച. അടി വരെ ഉള്ള വാസസ്ഥലത്തിൽ എട്ടോ അതിൽ കൂടുതലോ അംഗങ്ങൾ താമസിക്കുന്ന കുടുംബമാണോ?

☐ ആണ്   ☐ അല്ല

[നഗര പ്രദേശത്ത് താമസിക്കുന്ന അതിദരിദ്രരായ ആളുകളെ കണ്ടെത്തുന്നതിനാണ് ഈ ചോദ്യം കൊണ്ട് ഉദ്ദേശിക്കുന്നത്. മുനിസിപ്പാലിറ്റി, കോർപറേഷൻ പരിധിയിൽ പെട്ട കുടുംബങ്ങളെ മാത്രം ഇവിടെ പരിഗണിക്കുക. ഈ പരിധിയിൽ പെട്ട കുടുംബങ്ങളിൽ 150 ച.അടിയിലോ അതിൽ താഴെയോ വിസ്തീർണം ഉള്ള താമസസ്ഥലത്ത് എട്ട് പേരോ അതിൽ കൂടുതലോ പേരോ താമസിക്കുന്ന സ്ഥിതി വിശേഷമാണെങ്കിൽ അവരെ പരിഗണിക്കുക.]

## 6. പ്രത്യേക/ ദുർബല വിഭാഗങ്ങൾ (പട്ടിക-3)

6.1. എച്ച്.ഐ.വി. ബാധിതർ ഉള്ള ദരിദ്ര കുടുംബമാണോ?

☐ ആണ്   ☐ അല്ല

[ചോദ്യം j–യിൽ AAY അല്ലെങ്കിൽ PHH റേഷൻ കാർഡ് ഉള്ളവർക്കും, അഥവാ റേഷൻ കാർഡ് ഇല്ലാത്തവർക്കുമാണ് ഈ ചോദ്യം ബാധകം. റേഷൻകാർഡ് ഉള്ളവരിൽ NPNS അല്ലെങ്കിൽ NPS റേഷൻ കാർഡ് ഉള്ള വിഭാഗങ്ങൾ ഒഴികെയുള്ളവരെയാണ് ഈ ചോദ്യത്തിൽ പരിഗണിക്കേണ്ടത്. എച്ച്.ഐ.വി ബാധിച്ചിട്ടുള്ള കുടുംബാംഗങ്ങളുള്ള ദാരിദ്ര്യ കുടുംബങ്ങളെ മാത്രം പരിഗണിക്കുക. എച്ച്.ഐ.വി രോഗം പലപ്പോഴും പറയുന്നതിന് വിമുഖത കാണിക്കുന്നതിനാൽ ചോദ്യകർത്താവും കുടുംബവുമായി സ്ഥാപിക്കുന്ന അനൗദ്യോഗിക ബന്ധങ്ങൾക്ക് പ്രാധാന്യമുണ്ട്]

6.2. അനാഥരായ കുട്ടികൾ (രക്ഷിതാക്കൾ നഷ്ടപ്പെട്ട) കൂടെ താമസിക്കുന്ന ദരിദ്ര കുടുംബമാണോ? (അനാഥരായ കുട്ടികൾ താമസിക്കുന്ന ദരിദ്ര കുടുംബങ്ങളുടെ വിവരങ്ങൾ കുടുംബത്തിന്റെ വിവരത്തിന്റെ (ഭാഗം 1- പട്ടിക 0) കൂടെ ചേർക്കാവുന്നതാണ്.

☐ ആണ്   ☐ അല്ല

[ചോദ്യം j–യിൽ AAY അല്ലെങ്കിൽ PHH റേഷൻ കാർഡ് ഉള്ളവർക്കും, അഥവാ റേഷൻ കാർഡ് ഇല്ലാത്തവർക്കുമാണ് ഈ ചോദ്യം ബാധകം. റേഷൻകാർഡ് ഉള്ളവരിൽ NPNS, NPS, NPI റേഷൻ കാർഡ് ഉള്ള വിഭാഗങ്ങൾ ഒഴികെയുള്ളവരെയാണ് ഈ ചോദ്യത്തിൽ പരിഗണിക്കേണ്ടത്. അനാഥരായ കുട്ടികൾ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് രക്ഷിതാക്കൾ നഷ്ടപ്പെട്ടതോ ഉപേക്ഷിച്ചവരോ ആയ കുട്ടികളെയാണ്. അനാഥരായ കുട്ടികൾ താമസിക്കുന്ന ദരിദ്ര കുടുംബത്തിന്റെ വിവരങ്ങൾ കുടുംബത്തിന്റെ വിവരത്തിനൊപ്പം ചേർക്കാവുന്നതാണ് (ഭാഗം 1- പട്ടിക 0). അനാഥരായ കുട്ടികൾ ഉൾപ്പെടുന്ന ദരിദ്ര കുടുംബമാണെങ്കിൽ മാത്രം "അതെ" എന്ന് രേഖപ്പെടുത്തുക]

6.3. LGBTQIA+ വിഭാഗത്തിൽപ്പെട്ട അംഗങ്ങൾ ഉള്ള ദരിദ്ര കുടുംബമാണോ?

☐ ആണ്   ☐ അല്ല

[ചോദ്യം j–യിൽ AAY അല്ലെങ്കിൽ PHH റേഷൻ കാർഡ് ഉള്ളവർക്കും, അഥവാ റേഷൻ കാർഡ് ഇല്ലാത്തവർക്കുമാണ് ഈ ചോദ്യം ബാധകം. റേഷൻകാർഡ് ഉള്ളവരിൽ NPNS അല്ലെങ്കിൽ NPS റേഷൻ കാർഡ് ഉള്ള വിഭാഗങ്ങൾ ഒഴികെയുള്ളവരെയാണ് ഈ ചോദ്യത്തിൽ പരിഗണിക്കേണ്ടത്. ലൈംഗീക ന്യൂന പക്ഷ വിഭാഗങ്ങളിൽപ്പെടുന്ന അംഗങ്ങൾ ഉൾപ്പെടുന്ന ദരിദ്ര കുടുംബങ്ങളെ മാത്രം ഇവിടെ പരിഗണിക്കുക. പലപ്പോഴും പറയുന്നതിന് വിമുഖത കാണിക്കുന്നതിനാൽ ചോദ്യകർത്താവും കുടുംബവുമായി സ്ഥാപിക്കുന്ന അനൗദ്യോഗിക ബന്ധങ്ങൾക്ക് പ്രാധാന്യമുണ്ട്.

*LGBTQIA+ എന്നതിലെ ഒരോ അക്ഷരവും ഓരോ വിഭാഗത്തെയാണ് സൂചിപ്പിക്കുന്നത്.*
*(L - Lesbian, G- Gay, B- Bisexual, T- Transgender, Q-Queer, I- Intersex, A- Asexual,...]*

സാമൂഹ്യമായും സാമ്പത്തികമായും വലിയ അസമത്വങ്ങൾ അനുഭവിയ്ക്കുന്നവരാണ് തങ്ങളുടെ ലിംഗ സ്വത്വം സ്ത്രീ പുരുഷ ദ്വന്ദ്വങ്ങളിൽ ഉൾപ്പെടാത്ത ട്രാൻസ് ജെന്റർ/ഇന്റർ സെക്സ് വ്യക്തികൾ. അതുപോലെ തന്നെ ലൈംഗിക അഭിരുചി ഭിന്ന ലൈംഗികതയിൽ നിന്നും വ്യത്യസ്തമായ ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ തുടങ്ങിയ മനുഷ്യരും കുടുംബത്തിനകത്തും പുറത്തും വലിയ രീതിയിൽ അകറ്റി നിർത്തപ്പെടുന്നവരാണ്. ഇവരിൽ കുറേ പേർ എങ്കിലും കുടുംബത്തിൽ നിന്ന് പുറത്താക്കപ്പെട്ടവരും മറ്റ് ആലംബങ്ങളൊന്നുമില്ലാതെ ഒറ്റയ്ക്കും ഒരുമിച്ചും ജീവിയ്ക്കുന്നവരുമാണ്. തൊഴിൽ, താമസ സ്ഥലം എന്നിവ ലഭ്യമാകാത്ത ഇവർ വലിയ ബുദ്ധിമുട്ടുകൾ അനുഭവിയ്ക്കുന്നവരാണ്. ഈ അവസ്ഥ ഇവരെയെല്ലാം ദരിദ്രരാക്കുന്നു. കുട്ടിക്കാലം മുതൽ അനുഭവിക്കുന്ന സാമൂഹ്യ വിവേചനം മൂലം വിദ്യാഭ്യാസം നേടാനും മെച്ചപ്പെട്ട തൊഴിൽ നേടാനും ഇവർക്കു സാധിക്കുന്നില്ല. ഇവരുടെ ഭാരിദ്ര്യത്തിന് ഇതൊരു കാരണമാണ്.

ലിംഗ സ്വത്വങ്ങളിലോ, ലൈംഗിക അഭിരുചികളിലോ ഉള്ള വൈവിധ്യങ്ങൾ തികച്ചും സാധാരണമായി കണക്കാക്കേണ്ടതാണ്. തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ അവകാശ നിഷേധങ്ങളും അവസരങ്ങളിലുള്ള അസമത്വങ്ങളും അനുഭവിയ്ക്കേണ്ടി വരുന്ന LGBTQIA+ വിഭാഗങ്ങളിൽപ്പെട്ടവരെ കണ്ടെത്തുവാനാകുകയോ അവർ സ്വയം പ്രഖ്യാപിയ്ക്കുകയോ ചെയ്യുന്ന പക്ഷം അതിദരിദ്രരെ കണ്ടെത്തുന്ന പ്രക്രിയയിൽ പ്രത്യേക ക്ലേശ ഘടകമായി ഉൾപ്പെടുത്തി പരിഗണിയ്ക്കേണ്ടത് അനിവാര്യമാണ്.

## അനുബന്ധം – 7

# അതി ദരിദ്രരെ കണ്ടെത്തുന്നതിനുള്ള പ്രക്രിയയെ സംബന്ധിച്ച സർക്കാർ ഉത്തരവുകൾ

QR കോഡ് സ്കാൻ/ടച്ച് ചെയ്ത് സർക്കാർ ഉത്തരവുകളുടെ pdf ഓൺലൈനിൽ വായിക്കാം

സ.ഉ(ആർ.ടി) 1665/2021/ത.സ്വ.ഭ.വ
Dated 02/09/2021

സ.ഉ(എം.എസ്) 145/2021/ത.സ്വ.ഭ.വ
Dated 16/07/2021

സ.ഉ.(സാധാ) നം.1810/2021/ത.സ്വ.ഭ.വ
Dated 20/09/2021